പഞ്ചായത്ത്‌രാജ്

പൗരന്മാരുടെ ജീവിതം ഉദ്യോഗസ്ഥന്മാരുടെ ലോകവും

നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പഞ്ചായത്ത്‌രാജ്

ജൂൺ 2017

അകത്ത്

ശുദ്ധജലവും ജീവനുള്ള മണ്ണും തിരിച്ചുപിടിക്കുക
ഡോ. കെ.ടി. ജലീൽ 5

ഹരിത കേരളം-ജനങ്ങൾ ഏറ്റുവാങ്ങിയ വികസനസ്വപ്നം
ഡോ ടി എൻ സീമ 8

വിദ്യാഭ്യാസവും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളും
ഡോ.ആർ.വി.ജി.മേനോൻ 11

ഹരിതസാങ്കേതിക വിദ്യാകേന്ദ്രങ്ങൾ യാഥാർത്ഥ്യമായാൽ
ഡോ.ആർ. അജയ്കുമാർ വർമ്മ 12

അണ്ണാറക്കണ്ണനും തന്നാലായത്
ടിമ്പിൾ മാഗി പി എസ് 15

കാനാമ്പുഴ - അതിജീവനം
എൻ. ചന്ദ്രൻ 20

ഹരിതകേരളം സുന്ദരം സുസ്ഥിരം ഹരിതാഭം
എൻ. മനോജ്കുമാർ 23

നേട്ടങ്ങളുടെ ഒരാണ്ട്- ഗ്രാമവികസനവകുപ്പ്
വി.എസ്.സന്തോഷ് കുമാർ 26

KGPA പൊതുസമ്മേളനം
പഞ്ചായത്ത് ന്യൂസ് സർവ്വീസ് 27

ഗുരുവായൂർ സത്യാഗ്രഹം വീണ്ടും വായിക്കുമ്പോൾ
ടി.വി. അബ്ദുറഹിമാൻകുട്ടി 29

ഹരിതകേരളം- ഇരവിപേരൂരിൽ
അഡ്വ. രാജീവ് എൻ 36

പായ്ക്കപ്പ് (കവിത)
കളത്തറ ഗോപൻ 38

ആദിപമ്പ- വരട്ടാർ പുനരുജ്ജീവനം - വരട്ടെ ആർ
ജി. ബീന 39

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 19
ഭൂതക്കണ്ണാടി 31
വായിച്ചിരിക്കേണ്ട പുസ്തകം 33
എന്ന് വായനക്കാർ... 42
കണ്ണും കാതും 42

ജൂൺ 2017
പുസ്തകം 57 ലക്കം 3
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

എഡിറ്റോറിയൽ

ഉപദേശക സമിതി

ചെയർമാൻ
ഡോ. കെ.ടി. ജലീൽ
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ഡോ. കെ. അമ്പാടി ഐ.ഐ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസീഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
വി. രതീശൻ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
വി. രതീശൻ ഐ.എ.എസ്
Email: directorofpanchayat@gmail.com
Tel: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2015@gmail.com
ഫോൺ: 0471 2321280
മൊബൈൽ: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

നവകേരള നന്മകൾ പടരട്ടെ

പച്ചപ്പിന്റെ ധന്യതയിലേക്കും ഊർജ്ജത്തിലേക്കും കേരളത്തെ തൊട്ടുണർത്തുന്ന സമഗ്രചിന്തയും പ്രയോഗവുമാണ് ഹരിതകേരളം. ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, വീട്, ശുചിത്വം, ജലസംരക്ഷണം എന്നിവയ്ക്ക് ഊന്നൽ നല്കുന്ന നവകേരള കർമ്മപദ്ധതിയിലെ മുഖ്യയിനമാണ് ഹരിതകേരളം. നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന നന്മകളെയെല്ലാം ഇതുവഴി വീണ്ടെടുക്കുന്നു. സർക്കാരും ജനതയും ഒന്നായി മാറുമ്പോഴാണിത് സുസാധ്യമാകുന്നത്. മാലിന്യസംസ്കരണവും ശുചിത്വപാലനവും പറച്ചിലിൽ ഒതുങ്ങേണ്ടവയല്ലെന്നും പ്രവൃത്തി യിൽ പുലരേണ്ടതാണെന്നും ഹരിതകേരളം സാക്ഷ്യപ്പെടുത്തുന്നു. സമൂഹത്തിനും വരുംതലമുറയ്ക്കും സ്വച്ഛന്ദമായ നിലനില്പ് ഉറപ്പുവരുത്താനുള്ള പ്രവർത്തന ങ്ങൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞു.

ഹരിതകേരളം മിഷന്റെ ലക്ഷ്യങ്ങൾ മാതൃകാപരമായി ഏറ്റെടുത്ത പ്രദേശങ്ങളിൽ നല്ല മാറ്റമുണ്ടായിട്ടുണ്ട്. പാടശേഖരവിസ്തൃതി വർദ്ധിച്ച പ്രദേശങ്ങളുണ്ട്. ജീവിതത്തെയും സംസ്കാരത്തെയും എന്നും പരിപോഷിപ്പിച്ചിട്ടുള്ള നദികളുടെ ഭാഗമായ ആറുകൾ പലയിടത്തും ശുചിയാക്കി നീരൊഴുക്ക് പൂർവ്വസ്ഥിതിയിലാക്കിയത് ചെറിയ കാര്യമല്ല. കാനാമ്പുഴ, വരട്ടാർ, വരാച്ചാൽ, കുട്ടമ്പേരൂർ ആറ്, കോതയാറ് എന്നിവ പുതിയ ജീവിതം നേടിയവയിൽ ചിലതു മാത്രം. എറണാകുളത്ത് 60 ദിവസം കൊണ്ട് 151 കുളങ്ങൾ ഉപയോഗയോഗ്യമാക്കിക്കഴിഞ്ഞു. ജൂൺ 5 പരിസ്ഥിതി ദിനത്തിൽ ഒരു കോടി വൃക്ഷത്തൈകൾ നട്ടുകൊണ്ടാണ് പരിസ്ഥിതിയോട് നമ്മൾ സമരസപ്പെട്ടത്. ഈ ഉത്തമമാതൃകകളെ അനുകരിച്ചാൽ സംസ്ഥാനത്തൊട്ടാകെയുള്ള ജലസ്രോതസ്സുകളിലെ വെള്ളം ശുദ്ധമാക്കുവാനും നീരൊഴുക്ക് ഉറപ്പുവരുത്താനും ഏറെക്കാലം കാത്തിരിക്കേണ്ടിവരില്ല.

ഏറ്റവും അടിത്തട്ടിൽ വേരുകളായി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളെന്ന നിലയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് നാടിന്റെ ശുചിത്വത്തിലും ശുചിത്വബോധവത്ക്കരണത്തിലും സുപ്രധാനപങ്കുള്ളത്. ശുചിത്വപാലനത്തിലും മാലിന്യസംസ്കരണത്തിലും മിഷന്റെ സന്ദേശം ഉൾക്കൊണ്ട് പ്രവർത്തിച്ച പ്രദേശങ്ങളിൽ കൊതുകുജന്യരോഗങ്ങളുടെ വ്യാപനം നിയന്ത്രണവിധേയമാണ്. എന്നാൽ അതല്ലാത്ത ഇടങ്ങളിൽ സ്ഥിതി അത്ര നല്ലതല്ല. മാലിന്യനിർമ്മാർജ്ജനത്തിൽ ശ്രദ്ധ്കാന്തി പുലർത്താത്തതു കാരണം പനിയും പകർച്ചവ്യാധികളും വ്യാപകമായ സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ അടിയന്തരമായി ഉണ്ടാകേണ്ടതുണ്ട്. പഞ്ചായത്ത്‌രാജ്-നഗരപാലികാ നിയമങ്ങൾ പ്രകാരം മാലിന്യസംസ്കരണം അനിവാര്യചുമതലകളിൽപ്പെടുന്ന ഒന്നാണെന്ന കാര്യം മറക്കരുത്.

ജൂൺ മാസം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അഭിമാനിക്കാവുന്ന നേട്ടം കൈവന്നിരിക്കുന്നു. വികേന്ദ്രീകൃതാസൂത്രണ ചരിത്രത്തിലാദ്യമായി നൂറു ശതമാനം സ്ഥാപനങ്ങളും വാർഷിക പദ്ധതികൾ ജൂൺ 15നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചുകഴിഞ്ഞു. ലക്ഷ്യപ്രയാണത്തിന് പ്രകടിപ്പിച്ച ഊർജ്ജസ്വലതയും ഇടർച്ചയില്ലാത്ത ഇച്ഛാശക്തിയും കൊണ്ട് മാത്രമാണ് നമുക്ക് ഈ നേട്ടത്തിലെത്താനായത്. ഇതേ കർമ്മധീരതയും പ്രവർത്തനശക്തിയും കൊണ്ട് നമുക്ക് തീർച്ചയായും ഹരിതകേരളം മിഷന്റെ സ്വപ്നങ്ങളെ സുകരമായി സാക്ഷാത്ക്കരിക്കാനാകും.

നാം ശീലങ്ങൾ ആദ്യം ഉണ്ടാക്കുന്നു
പിന്നീട് ശീലങ്ങൾ നമ്മെ രൂപപ്പെടുത്തുന്നു
- ചട്ടമ്പിസ്വാമി

ശുദ്ധജലവും ജീവനുള്ള മണ്ണും തിരിച്ചുപിടിക്കുക

ഡോ. കെ. ടി. ജലീൽ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

കേരളം ഒരു പാരിസ്ഥിതിക ദുരന്തത്തിന്റെ വക്കിലാണ്. പ്രകൃതിയുടെ നൈർമല്യവും നന്മകളും നിലനിർത്തിക്കൊണ്ടുള്ള വികസനത്തിനേ ഇനി നിലനില്പുള്ളൂ. നമ്മുടെ ജലാശയങ്ങളെയും തണ്ണീർത്തടങ്ങളെയും നശിപ്പിക്കുന്നതു മാത്രമല്ല, അവയെ സ്വാഭാവികനാശത്തിന് വിട്ടുകൊടുത്ത് കാഴ്ചക്കാരായി നിൽക്കുന്നതും കുറ്റകരമാണ്. പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം പഞ്ചായത്തിലുള്ള വരാച്ചാൽ ജലവിഭവസംരക്ഷണത്തിന്റെയും തണ്ണീർത്തട പുനരുദ്ധാരണത്തിന്റെയും ആവേശം പകരുന്ന മാതൃകയാണ്. ഒന്നര കിലോമീറ്ററോളം നീളവും 150 മീറ്ററോളം വീതിയുമുള്ള ഈ തണ്ണീർത്തടം പുനരുദ്ധരിച്ച് ജലസമൃദ്ധമാക്കാൻ നാടും നാട്ടുകാരും ഒരുമിച്ചുനിന്നപ്പോൾ നാശോന്മുഖമായിരുന്ന ഒരു ജലാശയം അതിന്റെ നന്മകളിലേക്കു തിരിച്ചുവന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും ഏകോപനത്തിന്റെയും വിജയകരമായ ജനകീയ കൂട്ടായ്മയുടെയും പ്രചോദനാത്മക മാതൃകയായി അതു മാറി.

കേരളത്തിന്റെ മണ്ണും ജലവും ജൈവസമ്പത്തും പരിപാലിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഹരിതകേരളം പദ്ധതിയുടെ സമീപനം മനുഷ്യമുഖമുള്ള പ്രകൃതിസൗഹൃദ വികസനം എന്നതാണ്. വിവേകശൂന്യമായ പ്രകൃതിചൂഷണത്തിന്റെയും ആവാസവ്യവസ്ഥകളുടെ തകർച്ചയുടെയും സാഹചര്യത്തെ അഭിസംബോധന ചെയ്യുന്ന ഹരിതകേരളം ജനകീയ ഉള്ളടക്കമുള്ള സുസ്ഥിരവികസനമെന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ വികസന സമീപനം വിളംബരം ചെയ്യുന്നു.

പ്രകൃതിയുടെ പച്ചപ്പും തനിമയും തിരിച്ചുകൊണ്ടുവരികയെന്ന ലക്ഷ്യത്തോടെ വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുന്ന ഈ കർമ്മപദ്ധതി ഒരു സർക്കാർ പരിപാടിയെന്നതിലേറെ, നാടിന്റെ വികസന മുൻഗണനകൾ സൃഷ്ടിപരമാക്കുന്ന ജനകീയ ഇടപെടലിനുള്ള രൂപരേഖയാണ്. പഴയ കാർഷികസംസ്കൃതി നമുക്ക് കൈമോശം വന്നിരിക്കുന്നു. സംസ്ഥാനത്തിന്റെ വ്യാവസായികാടിത്തറയാകട്ടെ വേണ്ടവിധം ശക്തമായിട്ടില്ല. പ്രതീക്ഷകൾക്കും ആശങ്കകൾക്കും നടുവിലാണ് കേരളത്തിന്റെ വികസന സാഹചര്യം എന്നു പറയാം. നഷ്ടപ്പെട്ടുപോയ പ്രകൃതിയുടെ നന്മകളെക്കുറിച്ചുള്ള പരിദേവനങ്ങൾ കൊണ്ട് പ്രകൃതിനാശത്തിന്റെ പുതിയ സാഹചര്യത്തെ നേരിടാനാവില്ല. ഉപഭോഗവസ്തുക്കളുടെ ഉല്പാദനവും ആസ്തികളുടെ കൂടുതലായ നിർമ്മാണവും വികസനത്തിന്റെ കൂടപ്പിറപ്പാണ്. പ്രകൃതി സന്തുലനത്തെയും മനുഷ്യന്റെ നിലനില്പിനെ

> പ്രകൃതിയുടെ പച്ചപ്പും തനിമയും തിരിച്ചുകൊണ്ടുവരികയെന്ന ലക്ഷ്യത്തോടെ വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുന്ന ഈ കർമ്മപദ്ധതി ഒരു സർക്കാർ പരിപാടിയെന്നതിലേറെ, നാടിന്റെ വികസന മുൻഗണനകൾ സൃഷ്ടിപരമാക്കുന്ന ജനകീയ ഇടപെടലിനുള്ള രൂപരേഖയാണ്.

യും ദീർഘകാലാടിസ്ഥാനത്തിൽ അപകടപ്പെടുത്തുന്ന പാർശ്വഫലങ്ങൾ ഒഴിവാക്കാനുള്ള മുൻകരുതലുകൾ ഒരുക്കിയാകണം വികസനത്തെ വരവേൽക്കേണ്ടത്. സർക്കാർ നടപടികളും ജനകീയ മുൻകൈയും ഒത്തുചേർന്നുകൊണ്ടല്ലാതെ ഈ സമീപനം യാഥാർത്ഥ്യമാവുകയില്ല.

വായുവും മണ്ണും ജലവും പരിസരവും മലിനമാക്കുന്ന പാഴ്വസ്തുക്കളെയാണല്ലോ നാം മാലിന്യം എന്നു പറയാറുള്ളത്. മാലിന്യങ്ങൾ കഴിവതും അവയുടെ ഉറവിടത്തിൽ തന്നെയാണ് സംസ്കരിക്കേണ്ടത്. കേന്ദ്രീകൃതമായ മാലിന്യസംസ്കരണം ആവശ്യമായി വരുന്ന സ്ഥലങ്ങളിൽ അതിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളൊരുക്കണം. മാലിന്യങ്ങളിൽ നല്ലൊരു പങ്കും പാഴാക്കുന്ന വിഭവങ്ങളാണ് എന്നതാണ് വസ്തുത. ശാസ്ത്രീയമായി സംസ്കരിക്കപ്പെടാതിരിക്കുമ്പോൾ മാത്രമാണ് ഇവ മാലിന്യങ്ങളായി മാറുന്നത്. ബോധവത്ക്കരണത്തിലൂടെയും ജനപങ്കാളിത്തത്തോടെയുള്ള കർമ്മപരിപാടികളിലൂടെയും മാത്രമേ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ വിജയത്തിലെത്തിക്കാൻ കഴിയുകയുള്ളൂ. മണ്ണിലലിഞ്ഞ് വളമായി മണ്ണിന്റെ ജീവനായിത്തീരേണ്ട ജൈവവസ്തുക്കളാണ് മാലിന്യക്കൂമ്പാരങ്ങളായി നമുക്ക് ചുറ്റും ചീഞ്ഞുനാറുന്നത് എന്ന വസ്തുത നാം മറന്നുകൂടാ.

കാർഷികരംഗത്തെ തിരിച്ചടികൾ കേരളത്തിലെ ജനസംഖ്യയിൽ മൂന്നിൽ രണ്ടിലേറെ വരുന്ന വലിയൊരു വിഭാഗത്തിന്റെ ജീവിതത്തെ നേരിട്ട് ബാധിക്കുന്നതാണ്. കേരളത്തിലെ കാർഷികരംഗം നാണ്യവിളകളിലേക്ക് ചുവടുമാറിയത് സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച ആശങ്കകൾ സജീവമാക്കി. വിഷാംശം കലർന്ന പച്ചക്കറികളും പഴങ്ങളുമാണ് അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്നത്. കേരളത്തിനാവശ്യമായ ഭക്ഷ്യവിഭവങ്ങൾ കഴിവതും സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കാൻ നമുക്കു കഴിയണം.

വനസമ്പത്തിന്റെ ശോഷണം കേരളത്തിന്റെ പരിസ്ഥിതിയിലും ജീവിതത്തിലുമുണ്ടാക്കിയ പ്രത്യാഘാതം ചെറുതല്ല. വനവിഭവങ്ങളെ ആശ്രയിച്ചു കഴിഞ്ഞവരും വനത്തിലോ വനസമീപത്തോ ജീവിച്ചുപോന്നവരുമായ ജനവിഭാഗങ്ങളെ അരക്ഷിതത്വത്തിൽ നിന്ന് കരകയറ്റേണ്ടത് അവരുടെ അധിവാസവ്യവസ്ഥകളെ സംരക്ഷിച്ചും പരിപാലിച്ചുമാണ്.

കുടുംബശ്രീ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, സാംസ്കാരിക കൂട്ടായ്മകൾ മുതലായവയെ ഹരിതകേരള സൃഷ്ടിക്കുവേണ്ടി പൊതുജനങ്ങൾക്കൊപ്പം ഒരു കുടക്കീഴിൽ ഏകോപിപ്പിക്കുകയെന്ന ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേതാണ്. അവസാന വ്യക്തിയിലേക്കും പ്രകൃതി സംരക്ഷണത്തിന്റെ സന്ദേശമെത്തണം. ജനകീയ വികസനത്തിന്റെ പുതിയൊരു ഘട്ടത്തിനു തുടക്കം കുറിക്കാൻ പതിമൂന്നാം പദ്ധതിയിലൂടെ നമുക്കു കഴിയണം. പ്രകൃതി സൗഹൃദ സുസ്ഥിരജനകീയവികസനമെന്ന ലക്ഷ്യം ഉയർത്തിപ്പിടിച്ചുകൊണ്ടാവണം പുതിയ പദ്ധതിയുടെ നിർവഹണത്തിലേക്ക് നാം പ്രവേശിക്കേണ്ടത്.

മാലിന്യസംസ്കരണം, കൃഷിവികസനം, ജലസംരക്ഷണം എന്നീ മൂന്നു മേഖലകൾക്കാണ് ഹരിതകേരളം പദ്ധതി ഊന്നൽ നൽകുന്നത്. സംസ്ഥാന ജില്ലാ തദ്ദേശസ്ഥാപന തലങ്ങളിൽ ഇതിനുവേണ്ടി പ്രവർത്തിക്കുന്ന കർമ്മസേനകൾ ഇതിൽ അതതു മേഖലകളിലെ പ്രവർത്തനങ്ങളെ പ്രത്യേകം ഏകോപിപ്പിക്കുന്നു. ഗാർഹിക മാലിന്യസംസ്കരണത്തിനുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ അവബോധമുണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഉചിതമായ രീതികൾ സ്വീകരിക്കാൻ അവരെ പ്രേരിപ്പിക്കുകയും സജ്ജരാക്കുകയും ചെയ്യുന്ന പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടത്തേണ്ടതാണ്. ഇതിനുവേണ്ടിയുള്ള ക്യാംപയിൻ പ്രവർത്തനങ്ങളെ ശാസ്ത്രീയമായി വികേന്ദ്രീകരിച്ച് സൂക്ഷ്മതലത്തിലെത്തിക്കുകയും അതോടൊപ്പം അതിന്റെ ഏകോപനം ഉറപ്പുവരുത്തുകയും ചെയ്യേണ്ട ചുമതലയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തന്നെയാണ്. വലിയ അളവിൽ മാലിന്യങ്ങൾ ഉണ്ടാകുന്ന ചന്തകൾ, അറവുശാലകൾ, കല്യാണമണ്ഡപങ്ങൾ എന്നിവിടങ്ങളിൽ മതിയായ മാലിന്യസംസ്കരണ സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ പ്രത്യേകശ്രദ്ധ ആവശ്യമാണ്. മാലിന്യം സംസ്കരിക്കുന്നതിനുള്ള പ്രാഥമിക ബാധ്യത അത് ഉൽപ്പാദിപ്പിക്കുന്നവർക്കു തന്നെയാണെന്ന സന്ദേശം വ്യക്തികൾക്ക് സ്വന്തം ജീവിതശൈലിയിലും മനോഭാവത്തിലും മാറ്റം വരുത്താനുള്ള പ്രേരണയായിത്തീരുമെന്നതിൽ സംശയമില്ല. ആവശ്യമുള്ളതും ഉപയോഗയോഗ്യമായതും മാത്രം സ്വന്തമാക്കുക, സ്വന്തമാക്കിയത് പൂർണ്ണഅളവിൽ ഉപയോഗിക്കുക, പുനരുപയോഗ്യമായത് ഉപേക്ഷിക്കാതിരിക്കുക, ഉപേക്ഷിക്കുന്നത് പരിസരശുചിത്വത്തെ ബാധിക്കാത്ത രീതിയിൽ സുരക്ഷിതമായി സംസ്കരിക്കുക എന്നതാവണം നാം അവലംബിക്കുന്ന രീതി.

ജലസ്രോതസ്സുകളുടെ മലിനീകരണവും നാശവും തടയുന്നതിനും മലിനമായ ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുന്നതിനും നാശോന്മുഖ

കുടുംബശ്രീ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, സാംസ്കാരിക കൂട്ടായ്മകൾ മുതലായവയെ ഹരിതകേരള സൃഷ്ടിക്കുവേണ്ടി പൊതുജനങ്ങൾക്കൊപ്പം ഒരു കുടക്കീഴിൽ ഏകോപിപ്പിക്കുകയെന്ന ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേതാണ്. അവസാന വ്യക്തിയിലേക്കും പ്രകൃതി സംരക്ഷണത്തിന്റെ സന്ദേശമെത്തണം. ജനകീയ വികസനത്തിന്റെ പുതിയൊരു ഘട്ടത്തിനു തുടക്കം കുറിക്കാൻ പതിമൂന്നാം പദ്ധതിയിലൂടെ നമുക്കു കഴിയണം.

മാണിക്കൽ ഗ്രാമപഞ്ചായത്ത് സ്ഥാപിച്ച പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റിന്റെ ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി ജലീൽ നിർവഹിക്കുന്നു.

മായവ പുനരുദ്ധരിക്കുന്നതിനും ജലസംരക്ഷണം പരിപോഷിപ്പിക്കുന്നതിനുമുള്ള മുൻകൈ പ്രവർത്തനങ്ങൾക്കാണ് ഹരിതകേരളംമിഷന്റെ ഭാഗമായ ജലവിഭവമിഷൻ ഊന്നൽ നൽകുന്നത്. പഞ്ചായത്തുകളിൽ നിലവിലുള്ള നീർത്തടാധിഷ്ഠിത വികസന മാസ്റ്റർപ്ലാൻ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള രൂപരേഖയായി ഉപയോഗിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞ മാസ്റ്റർപ്ലാനുകൾ പുതുക്കുകയും മറ്റുള്ളവ ആവശ്യമായ ഉൾപ്പെടുത്തലുകളും ഒഴിവാക്കലുകളും നടത്തി കാലികമാക്കുകയും വേണം. ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദമായ അവലോകനം ഗ്രാമസഭകളിൽ നടക്കണം. നടത്താനിരിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദമായ മുൻഗണനാപട്ടിക ഗ്രാമസഭകളുടെ അംഗീകാരത്തോടെ തയ്യാറാക്കണം. കർഷകരും കർഷകതൊഴിലാളികളും ഉൾപ്പെട്ട പ്രദേശവാസികളുടെ അനുഭവപരിജ്ഞാനവും ഉദ്യോഗസ്ഥരുടെയും സന്നദ്ധസേവകരുടെയും സാങ്കേതിക പ്രവർത്തകരുടെയും വൈദഗ്ദ്ധ്യവും ഇതിനായി സമാഹരിക്കാൻ കഴിയണം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യക്കാരായ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്താൻ നീർത്തടാധിഷ്ഠിത വികസനമാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിലുള്ള മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ ഫലപ്രദമായി ഏറ്റെടുക്കുന്നതിലൂടെ സാധിക്കും. ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും നാശോന്മുഖമായവയുടെ പുനരുദ്ധാരണത്തിനും മുന്തിയ പരിഗണന നൽകണം. ജലസേചനത്തിനും കുടിവെള്ളത്തിനുമുള്ള സ്രോതസ്സുകളായി അവയെ ഉപയോഗിക്കാൻ കഴിയണം.

ജൈവമാലിന്യ സംസ്കരണത്തെ കാർഷിക വികസനവും മണ്ണുപരിപോഷണവുമായി ബന്ധിപ്പിക്കാൻ മാലിന്യസംസ്കരണ-കൃഷിവികസന മിഷനുകൾ ശ്രദ്ധവയ്ക്കണം. ശാസ്ത്രീയമായ സംസ്കരണമാർഗ്ഗങ്ങൾ അവലംബിച്ചാൽ ജൈവമാലിന്യങ്ങൾ വളമാക്കി മാറ്റി കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയും. ഇത് ജൈവകൃഷിക്ക് പ്രോത്സാഹനമേകും. ജൈവമാലിന്യ പരിപാലനം, ഊർജ്ജോല്പാദനം, ജൈവവളം ലഭ്യമാക്കൽ എന്നീ ബഹുമുഖ സാധ്യതകൾ ഉള്ള മാലിന്യസംസ്കരണ സങ്കേതമെന്ന നിലയിൽ ബയോഗ്യാസ് പ്ലാന്റുകൾ വ്യാപകമാക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജൈവമാലിന്യ പരിപാലനത്തിനും ജൈവകൃഷിയുടെ പ്രോത്സാഹനത്തിനും പ്രത്യേക പ്രാധാന്യം നൽകേണ്ടതാണ്. അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് കേന്ദ്രീകൃത സംവിധാനങ്ങൾ ഒരുക്കണം.

തരിശുനിലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണം. ശാസ്ത്രീയമായ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ കാർഷികാവശ്യങ്ങൾക്കുള്ള ജലലഭ്യത ഉറപ്പുവരുത്തുന്നതിനൊപ്പം മണ്ണിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും കൃഷിയെ നഷ്ടത്തിൽ നിന്ന് കരകയറ്റാനും കഴിയും.

ചരിത്രമാകാനൊരുങ്ങുന്ന ഹരിതകേരളം മിഷന്റെ വിജയം കേരളത്തിന്റെ വികസനത്തിലെന്നപോലെ, ഇവിടുത്തെ തദ്ദേശസ്വയംഭരണത്തിന്റെയും വികേന്ദ്രീകൃതാസൂത്രണത്തിന്റെയും ചരിത്രത്തിലും പുതിയൊരു നാഴികക്കല്ലായിരിക്കും. ശുദ്ധജലവും ജൈവസമ്പത്തും തിരിച്ചുപിടിക്കുന്നതിലൂടെ ഒരിക്കൽക്കൂടി ലോകശ്രദ്ധയിലേക്കെത്താനൊരുങ്ങുന്ന കേരളത്തിന്റെ വികസനക്കുതിപ്പിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു കീഴിൽ നടക്കുന്ന ഇത്തരം ജനകീയ പ്രവർത്തനങ്ങൾ ഊർജ്ജം നൽകുമെന്ന് പ്രതീക്ഷിക്കാം.

ചരിത്രമാകാനൊരുങ്ങുന്ന ഹരിതകേരളം മിഷന്റെ വിജയം കേരളത്തിന്റെ വികസനത്തിലെന്നപോലെ, ഇവിടുത്തെ തദ്ദേശസ്വയംഭരണത്തിന്റെയും വികേന്ദ്രീകൃതാസൂത്രണത്തിന്റെയും ചരിത്രത്തിലും പുതിയൊരു നാഴികക്കല്ലായിരിക്കും. ശുദ്ധജലവും ജൈവസമ്പത്തും തിരിച്ചുപിടിക്കുന്നതിലൂടെ ഒരിക്കൽക്കൂടി ലോകശ്രദ്ധയിലേക്കെത്താനൊരുങ്ങുന്ന കേരളത്തിന്റെ വികസനക്കുതിപ്പിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു കീഴിൽ നടക്കുന്ന ഇത്തരം ജനകീയ പ്രവർത്തനങ്ങൾ ഊർജ്ജം നൽകുമെന്ന് പ്രതീക്ഷിക്കാം.

ഹരിത കേരളം–ജനങ്ങൾ ഏറ്റുവാങ്ങിയ വികസനസ്വപ്നം

ഡോ ടി എൻ സീമ

ഹരിതകേരളസൃഷ്ടി ജനങ്ങളുടെയാകെ പ്രതീക്ഷയും പ്രവർത്തനവും ആയി മാറിയാൽ മാത്രമേ ഈ നാടിന്റെ പരിസ്ഥിതിയുടെ സമനില വീണ്ടെടുക്കാനാകൂ എന്ന ഉത്തമ ബോധ്യത്തോടെയാണ് ഹരിത കേരളം മിഷൻ ആരംഭിച്ചത്. വൃത്തി, വെള്ളം, വിളവ് എന്ന മൂന്ന് വാക്കുകൾ കേരളം നേരിടുന്ന ഗുരുതരമായ വികസന വെല്ലുവിളികളെ കൂടി സൂചിപ്പിക്കുന്നതാണ്. ഇവ അഭിസംബോധന ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ യജ്ഞം എന്ന നിലയിലാണ് ഹരിത കേരളം മിഷനെ വിഭാവനം ചെയ്തിട്ടുള്ളത്. 2016 ഡിസംബർ 8ന തുടക്കം കുറിച്ച ഹരിത കേരളം മിഷന്റെ ആറുമാസത്തെ ആവേശകരമായ അനുഭവങ്ങൾ ഇത്തരമൊരു സവിശേഷ ഇടപെടലിന് എത്രമാത്രം കേരളം ആഗ്രഹിച്ചിരുന്നു എന്നതിന്റെ ഉത്തമ സാക്ഷ്യമാണ്.

ഹരിത കേരളം മിഷന്റെ തുടക്കം ഔപചാരികമായ സർക്കാർ ഉദ്ഘാടന പരിപാടിയായിട്ടല്ല നടന്നത്; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സാമൂഹ്യ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും എല്ലാം നേതൃത്വത്തിൽ മാലിന്യസംസ്കരണത്തിന്റെയും ജൈവകൃഷിയുടെയും ജലസ്രോതസ്സുകളുടെ ശുചീകരണത്തിന്റെയും വിജയഗാഥകൾ ലക്ഷക്കണക്കിന് ആളുകളെ പങ്കെടുപ്പിച്ചു കൊണ്ട് കേരളത്തിൽ അന്നെഴുതപ്പെട്ടു. പരിസര മലിനീകരണം ഏറ്റവും രൂക്ഷമായ സ്ഥിതിയിലാണെന്ന തിരിച്ചറിവിൽ ഏറ്റവും കൂടുതൽ സന്നദ്ധപ്രവർത്തനം അന്ന് നടന്നത് മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ടാണ്. പ്രധാനമായും ഗുരുതരമായ മലിനീകരണ പ്രശ്നം സൃഷ്ടിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കാനും പ്ലാസ്റ്റിക് ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാനും പലരും ഹരിത കേരളം പദ്ധതിയുടെ തുടക്കത്തെ പ്രയോജനപ്പെടുത്തി. ആയിരക്കണക്കിന് സ്കൂളുകൾ അന്നേ ദിവസം പ്ലാസ്റ്റിക് ശേഖരണം നടത്തി. എന്നാൽ അതിന്റെ തുടർനടപടി എന്ന നിലയിൽ സ്ഥായിയായ മാലിന്യസംസ്കരണ പ്രവർത്തനങ്ങളിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീങ്ങേണ്ടതുണ്ട്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യസംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. അതിനാവശ്യമായ സാങ്കേതിക സഹായവും പരിശീലനവും മറ്റു ഏകോപനപിന്തുണയും ശുചിത്വ മിഷനും ഹരിത കേരളം മിഷനും ലഭ്യമാക്കും.

"കൃഷിയുടെ വ്യാപനത്തിലൂടെ സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുക" എന്നത് ഹരിത കേരളം മിഷന്റെ സുപ്രധാനലക്ഷ്യമാണ്. ഇതിനായി കഴിയുന്നതും ജൈവകൃഷിരീതി അവലംബിച്ചുകൊണ്ട് പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടുക, ഒപ്പം നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഡിസംബർ 8ന്റെ തുടക്ക ദിവസം തന്നെ ഏതാണ്ടെല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവപച്ചക്കറികൃഷിയെ പ്രോത്സാഹിപ്പിക്കുന്ന ചില നടപടികൾ സ്വീകരിക്കപ്പെട്ടു. കുടുംബശ്രീ ഓരോ എഡിഎസും കുറഞ്ഞത് അമ്പത് സെന്റ് ഭൂമിയെങ്കിലും പുതുതായി കൃഷി ആരംഭിക്കണമെന്ന ലക്ഷ്യത്തോടെ ഏഴായിരം ഹെക്ടറിലധികം ഭൂമിയിൽ കൃഷി അന്നാരംഭിച്ചു. തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനായുള്ള നല്ല ഇടപെടൽ അന്ന് തന്നെയുണ്ടായി. സംസ്ഥാന മുഖ്യമന്ത്രിയും കൃഷിവകുപ്പ്മന്ത്രിയും പങ്കെടുത്ത പ്രവർത്തനങ്ങൾ നെൽകൃഷിയുമായി ബന്ധ

ഹരിത കേരളം മിഷന്റെ തുടക്കം ഔപചാരികമായ സർക്കാർ ഉദ്ഘാടന പരിപാടിയായിട്ടല്ല നടന്നത്; തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെയും സാമൂഹ്യ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും എല്ലാം നേതൃത്വത്തിൽ മാലിന്യ സംസ്കരണത്തിന്റെയും ജൈവകൃഷിയുടെയും ജലസ്രോതസ്സുകളുടെ ശുചീകരണത്തിന്റെയും വിജയ ഗാഥകൾ ലക്ഷക്കണക്കിന് ആളുകളെ പങ്കെടുപ്പിച്ചു കൊണ്ട് കേരളത്തിൽ അന്നെഴുതപ്പെട്ടു.

പ്പെട്ടതാണ്. വെല്ലുവിളികൾ ഉണ്ടെങ്കിലും നെൽകൃഷിയിലേക്ക് തിരിച്ചുവരാൻ നമ്മുടെ കർഷകർ തയ്യാറാകുന്നു. ഒപ്പം കൂടുതൽ പുതിയ കർഷകർ നെൽകൃഷി പരീക്ഷിക്കാൻ മുന്നോട്ടു വരുന്നു എന്നതും പ്രതീക്ഷ നല്കുന്നതാണ്. കഴിഞ്ഞ ആറു മാസത്തെ ഹരിതകേരളം അനുഭവം പരിശോധിച്ചാൽ പണ്ടത്തേക്കാൾ കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തരിശുരഹിതമാകുന്നതിനു തയ്യാറെടുക്കുന്ന എന്ന ആവേശകരമായ അനുഭവവും ഉണ്ട്. ഇനി നമുക്ക് വേണ്ടത് കൃഷിവകുപ്പ് ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട വകുപ്പുകളുടെയും കാർഷിക സർവകലാശാല പോലെയുള്ള ഗവേഷണ സ്ഥാപനങ്ങളുടെയും എല്ലാം പിന്തുണയോടെ ശാസ്ത്രീയവും ലാഭകരവുമായ ഉത്തമ കൃഷി രീതികൾ വ്യാപിപ്പിക്കുന്നതിനും അതിനാവശ്യമായ ഹരിത സാങ്കേതികവിദ്യ കർഷകരെ പരിശീലിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക എന്നതാണ്. ഒരേ സമയം കർഷകനും ഉപഭോക്താവിനും നേട്ടമുണ്ടാക്കുന്ന തരത്തിൽ വിപണനത്തിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉത്പാദനമടക്കമുള്ള അനുബന്ധപ്രവർത്തനങ്ങൾക്കും ആവശ്യമായ ഇടപെടലുകൾ ഉണ്ടാകണം. ഇവ സംബന്ധിച്ചുള്ള ചർച്ചകൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ചു കഴിഞ്ഞു.

ഹരിത കേരളം മിഷന്റെ കഴിഞ്ഞ ആറുമാസത്തിൽ ഏറ്റവുമധികം ആവേശം ജനിപ്പിച്ച പ്രവർത്തനം ജല സ്രോതസ്സുകളുടെ പുനരുദ്ധാരണവും നിർമ്മാണവും ഒക്കെയാണ്. കടുംവേനലിന്റെ കയ്പുള്ള പാഠങ്ങൾ കണ്ടറിഞ്ഞ കേരളം ഒറ്റമനസ്സോടെ മാലിന്യക്കൂമ്പാരമായിട്ടുള്ള അഴുക്കുചാലുകളും തോടുകളും ഒഴുക്ക് നിലച്ച പുഴകളും ചെളിക്കെട്ടായി മാറിയ കുളങ്ങളും ഉപയോഗശൂന്യമായ കിണറുകളും ഒക്കെ വൃത്തിയാക്കാൻ ഇറങ്ങിത്തിരിച്ചപ്പോൾ ജനകീയാസൂത്രണം ഒന്നാം ഘട്ടത്തിനുശേഷം കേരളത്തിൽ സംഭവിക്കുന്ന വികസനത്തിനായുള്ള ജനകീയ മുന്നേറ്റത്തിന്റെ അത്ഭുതങ്ങൾ വിരചി

ക്കപ്പെട്ടു. സോഷ്യൽ മീഡിയയിൽ വിസ്മരിക്കപ്പെട്ടു പോയ പുഴകളുടെയും തോടുകളുടെയും പേരുകൾ വീണ്ടും വീണ്ടും ആവർത്തിക്കപ്പെട്ടു. ഇതുപോലൊരു വേനലിനെ ഇനി നേരിടാനാവില്ല എന്ന് ജനങ്ങൾ സ്വയം പ്രതിജ്ഞയെടുത്താണ് ജനകീയയജ്ഞത്തിൽ പങ്കാളികളായത്. കുട്ടമ്പേരൂർ പുഴയും കാനാമ്പുഴയും വരാച്ചാലും വരട്ടാറും പോലെ നിരവധി പുഴകൾക്ക് പുതുജീവൻ നല്കിയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വവും പ്രാദേശിക ജനതയും ചേർന്നാണ്. അസാദ്ധ്യമെന്നു കരുതിയ കണ്ണൂരിലെ ചിറയ്ക്കൽ ചിറ പോലെയുള്ള വിപുലമായ ജലാശയങ്ങൾ പോലും ജനങ്ങളുടെ ഇച്ഛാശക്തിക്ക് മുന്നിൽ അടിയറവ് പറഞ്ഞു. ഈ പ്രവർത്തനത്തിന്റെ തുടർച്ചയായി തന്നെയാണ് ജലസംരക്ഷണത്തിന്റെ പാഠങ്ങളും ചർച്ച ചെയ്യപ്പെട്ടത്. കാലവർഷം ശക്തമോ ദുർബ്ബലമോ ആകട്ടെ, പെയ്യുന്ന ഓരോ തുള്ളിയും മണ്ണിൽ ശേഖരിക്കും എന്ന തീരുമാനം അഭൂതപൂർവ്വമായ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കാണ് വഴിയൊരുക്കിയത്. കിണർ റീച്ചാർജിംഗ്, കുളം റീച്ചാർജിംഗ്, മഴവെള്ള സംഭരണത്തിനായുള്ള മഴക്കുഴി, മറ്റു സംഭരണ സംവിധാനങ്ങൾ എന്നിങ്ങനെ ഇന്നേവരെ ഇല്ലാത്ത നിലയിൽ കേരളമാകെ മഴവെള്ള സംഭരണത്തിന്റെ സന്ദേശം പ്രചരിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ബഹുഭൂരിപക്ഷവും സ്ത്രീകൾ അംഗങ്ങളായിട്ടുള്ള തൊഴിലുറപ്പ് പദ്ധതിയാണ് ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ഏറ്റവുമധികം പ്രയോജനപ്പെട്ടത് എന്നത് അഭിമാനകരമായ നേട്ടമാണ്. രാഷ്ട്രീയ പ്രസ്ഥാനങ്ങളും ബഹുജന സംഘടനകളും വിദ്യാർഥികളും റസിഡൻസ് അസോസിയേഷനുകൾ പോലെയുള്ള സാമൂഹ്യസംഘടനകളും മത-സമുദായ സ്ഥാപനങ്ങളും കേരളമാകെ ജലസംരക്ഷണ പ്രവർത്തനങ്ങളിൽ അണിചേർന്നു. എന്നാൽ, ഈ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പാക്കുന്നതിനാവശ്യമായ സംവിധാനങ്ങളും പരിശീലനങ്ങളും ഉറപ്പാക്കേണ്ടതുണ്ട്, ഇത്തരം പ്രവർത്തനങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമാകേണ്ടതുണ്ട്. അതിനാവശ്യമായ ഇടപെടലുകൾ മിഷന്റെ മുൻകയ്യിൽ ഉണ്ടാകും.

സംസ്ഥാനതലത്തിൽ മാത്രം നില്ക്കുന്ന ഒന്നല്ല ഹരിത കേരളം മിഷന്റെ സംഘടനാ സംവിധാനം. ഹരിത കേരളം മിഷന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഇത്തരം പ്രവർത്തനങ്ങളെ പിന്തുണയ്ക്കുകയും വിവിധ സർക്കാർ സംവിധാനങ്ങളെ ഇതുമായി ഏകോപിപ്പിക്കുകയും ചെയ്യുക എന്നതാണ് സംസ്ഥാനതലത്തിൽ ഹരിത കേരളം മിഷൻ ചെയ്യുന്നത്. സർക്കാർ നടപ്പാക്കുന്ന നാല് വികസന മിഷനുകൾക്കായി സംസ്ഥാനതലത്തിൽ നാല് വ്യത്യസ്ത സംവിധാനങ്ങൾ ഉണ്ടെങ്കിലും തദ്ദേശസ്വയംഭരണ തലത്തിൽ ഒരു മിഷൻ എന്ന നിലയിലാണ് പ്രവർത്തിക്കുക. ഈ നിലയിൽ 2017 മാർച്ചിൽ തദ്ദേശസ്വയംഭരണ മിഷനുകൾ രൂപീകരിക്കപ്പെട്ടു. പ്രാഥമികമായ ഒരു പരിശീലനം നല്കുന്നതിനും മാർച്ചിൽ തന്നെ കിലയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കപ്പെട്ടിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് വിശദമായ പരിശീലനങ്ങൾ ആവശ്യമാണ്. വാർഷിക പദ്ധതി നിർവ്വഹണത്തിന്റെയും പതിമൂന്നാം പഞ്ചവൽസര പദ്ധതി ആസൂത്രണത്തിന്റെയും തിരക്കുകൾക്കിടയിലാണ് മിഷനുകൾ സംബന്ധിച്ച പരിശീലനങ്ങൾ നടന്നത്. മിഷനുകളുടെ ഭാഗമായി മുന്നോട്ടുവെയ്ക്കുന്ന ലക്ഷ്യങ്ങൾക്ക് അനുഗുണമായ പദ്ധതികൾ എങ്ങനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായി ബന്ധിപ്പിച്ചുകൊണ്ട് തയ്യാറാക്കാം, വിവിധ വകുപ്പ് പദ്ധതികളുമായി എങ്ങനെ സംയോജിപ്പിക്കാം, ഏകോപിപ്പിക്കാം എന്നതെല്ലാം സംബന്ധിച്ച് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിദഗ്ധർക്കുമെല്ലാം വിപുലമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കപ്പെടേണ്ടതുണ്ട്.

ഹരിതകേരളം സൃഷ്ടിക്കുക എന്നത് കേവലം ഒരു സർക്കാർ പരിപാടിയായിട്ടല്ല, ഒരു തീവ്ര ജനകീയയജ്ഞമായിട്ട് മാത്രമേ നടത്താനാകൂ. നാടിന്റെ പരിസ്ഥിതിയുടെ സമനില വീണ്ടെടുക്കാനുള്ള പൗരഉത്തരവാദിത്തം ഓർമ്മിപ്പിക്കാൻ വേണ്ടി കൂടിയുള്ള ശ്രമമാണിത്. അശാസ്ത്രീയമായ പ്രകൃതി ചൂഷണത്തിനെതിരെ വികസനത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും ശാസ്ത്രീയമായ വീക്ഷണം മുന്നോട്ടുവെച്ചുകൊണ്ടായിരിക്കും ഈ ലക്ഷ്യം നാം നേടുക. നാടിനു അനുയോജ്യമായ ഹരിത സാങ്കേതികവിദ്യയും അതിലൂടെ ഹരിതതൊഴിൽ സംസ്കാരവും സൃഷ്ടിക്കാൻ നമുക്ക് കഴിയണം. ഈ വർഷത്തെ പരിസ്ഥിതി ദിനത്തിൽ ഒരു പതിവ് ദിനാചരണം എന്നതിലേറെ മലയാളികൾ ഉള്ളുനൊന്ത് നട്ട ഒരു കോടിയിലേറെ തൈകൾ ഒരു വഴികാട്ടിയാണ്. വികസനം ജനങ്ങളുടെ കൂടി സ്വപ്നവും അഭിലാഷവുമാകണം. അപ്പോൾ ആ സ്വപ്നസാക്ഷാത്കാരത്തിന് സർക്കാരിന്റെ പങ്കാളികളായി ജനങ്ങളുണ്ടാകും. ഹരിത കേരളം മിഷന്റെ ആദ്യ ആറുമാസം പകർന്നുതന്നത് ഈ പാഠമാണ്.

ഈ വർഷത്തെ പരിസ്ഥിതി ദിനത്തിൽ ഒരു പതിവ് ദിനാചരണം എന്നതിലേറെ മലയാളികൾ ഉള്ളുനൊന്ത് നട്ട ഒരു കോടിയിലേറെ തൈകൾ ഒരു വഴികാട്ടിയാണ്. വികസനം ജനങ്ങളുടെ കൂടി സ്വപ്നവും അഭിലാഷവുമാകണം. അപ്പോൾ ആ സ്വപ്ന സാക്ഷാത്കാരത്തിന് സർക്കാരിന്റെ പങ്കാളികളായി ജനങ്ങളുണ്ടാകും. ഹരിത കേരളം മിഷന്റെ ആദ്യ ആറുമാസം പകർന്നുതന്നത് ഈ പാഠമാണ്.

ലേഖിക ഹരിത കേരളം മിഷൻ ഉപാധ്യക്ഷയാണ്.

വിദ്യാഭ്യാസവും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളും

ഡോ. ആർ. വി. ജി. മേനോൻ

കുറച്ചുനാൾ മുൻപ് ദൂരദർശനും സംസ്ഥാന വിദ്യാഭ്യാസ വകുപ്പും ചേർന്ന് സംഘടിപ്പിച്ച "ഹരിതവിദ്യാലയം" പരിപാടിയുമായി സഹകരിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായി. നൂറിലധികം സ്കൂളുകളുമായി അടുത്തു പരിചയപ്പെടാനും പത്തുപതിനഞ്ചു സ്കൂളുകൾ സന്ദർശിക്കാനുമുള്ള അവസരം അതിലൂടെ കിട്ടി. അന്ന് കണ്ടു മനസ്സിലാക്കിയ ഒരു പ്രധാന കാര്യം ഏറ്റവും നല്ലത് എന്ന് ഞങ്ങൾക്കു തോന്നിയ സ്കൂളുകളിൽ പലതും അത്ര വലിയ ഹൈ-ടെക്കോ സമ്പത്സമൃദ്ധമോ ആയിരുന്നില്ല എന്നതാണ്. എന്നാൽ അവയെല്ലാം തന്നെ തനതുനാട് സ്നേഹപൂർവ്വം ഏറ്റെടുത്ത സ്കൂളുകളായിരുന്നു. ചില സ്കൂളുകളിൽ ഉച്ചയ്ക്ക് കുട്ടികൾക്കുള്ള ഭക്ഷണം തയ്യാറാക്കാനും വിളമ്പാനും അമ്മമാർ ഊഴമിട്ടു വരുന്നു. പലയിടത്തും സ്കൂൾ ലൈബ്രറി പോഷിപ്പിക്കുന്നതു പഞ്ചായത്തും നാട്ടുകാരുമാണ്. "ഇത് നമ്മുടെ സ്കൂളാണ്, നമ്മുടെ അഭിമാനമാണ്!" എന്ന വിചാരം നാട്ടുകാർക്ക് പൊതുവെ ഉണ്ട്. അങ്ങനെയുള്ള സ്കൂളുകളാണ് നന്നായി നടക്കുന്നത്.

ഇത് അത്ര വലിയ കാര്യമൊന്നുമല്ല. കുറച്ചു നാൾ മുൻപുവരെ ഇത് നമ്മുടെ എല്ലാ പൊതുവിദ്യാലയങ്ങളെ സംബന്ധിച്ചും ശരിയായിരുന്നു. പിന്നീട് പല കാരണങ്ങൾ കൊണ്ടും ഈ വിശ്വാസം, ഈ അഭിമാനം, നഷ്ടപ്പെട്ടു. ഇത് വീണ്ടെടുക്കാൻ സ്കൂളുകൾക്ക് കഴിഞ്ഞാൽ അവ രക്ഷപ്പെടും. അതിനു സ്കൂളും അഥവാ, അദ്ധ്യാപകരും കിണഞ്ഞു ശ്രമിക്കേണ്ടതുണ്ട്. ഈ ഉണർവ് ഇപ്പോൾ പൊതുവെ കാണുന്നുണ്ട് എന്നത് സന്തോഷകരമാണ്. ഈ ശ്രദ്ധ പരീക്ഷ അടുക്കുമ്പോൾ ചെയ്യുന്ന അത്യദ്ധ്വാനം ആയി മാത്രം പോരാ. സ്കൂൾ തുറക്കും മുതൽക്കു തന്നെ ഈ ശ്രദ്ധ വേണം. സമയത്തു പാഠപുസ്തകങ്ങൾ എത്തിയിട്ടുണ്ടോ, കുട്ടികൾക്ക് യൂണിഫോം കിട്ടിയോ, ഉച്ചഭക്ഷണം ശരിക്കു നടക്കുന്നുണ്ടോ എന്നൊക്കെയുള്ള അന്വേഷണം ഇതിന്റെ ഭാഗമാണ്. അതുപോലെ പ്രധാനമാണ് വീട്ടിൽ ശരിക്കു ശ്രദ്ധ കിട്ടാത്ത, വീട്ടിൽ പഠിക്കാൻ വേണ്ടത്ര സൗകര്യം കിട്ടാത്ത, കുട്ടികളുടെ കാര്യം നോക്കലും. പല പഞ്ചായത്തുകളിലും ഇതിനായി പഠന വീടുകൾ സൗകര്യപ്പെടുത്തിയിട്ടുണ്ട്. പെൻഷനായ ചില അദ്ധ്യാപകരും ചില രക്ഷിതാക്കളും അവിടെ പതിവായെത്തി കുട്ടികളുടെ കാര്യം ശ്രദ്ധിക്കും. ട്യൂഷനെക്കാളും നല്ലത് ഈ ശ്രദ്ധയാണ്. അതുപോലെ കളിക്കാനും സ്പോർട്സിനും സവിശേഷ കഴിവുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കാനും നാട്ടുകാർ മുന്നോട്ടുവരണം. അവർക്കു വേണ്ട ഉപകരണങ്ങളും അത്യാവശ്യം കോച്ചിങ്ങും ഏർപ്പാട് ചെയ്യണം. ഇതൊക്കെ കുട്ടികൾക്കും സ്കൂളിനും അത്യുത്സാഹം കൊടുക്കും.

പഞ്ചായത്തിന്റെ പദ്ധതികളിൽപെടുത്തി സ്കൂളിനു വേണ്ടി എന്ത് ചെയ്യാൻ കഴിയും എന്നും ആലോചിക്കേണ്ടതാണ്. സ്കൂളിൽ എന്തെങ്കിലും കാരണവശാൽ ടീച്ചർ അവധിയായാൽ ക്ലാസ്സ് വെറുതെ വിടുന്നതിനു പകരം ആ ക്ലാസ്സ് എടുക്കാനായി താത്കാലിക പകരം ടീച്ചർമാരെ വയ്ക്കാനുള്ള ഒരു പദ്ധതി ഞാനോർക്കുന്നു. പഞ്ചായത്തു കൊടുക്കുന്ന പാനലിൽ നിന്ന് ഹെഡ്മാസ്റ്റർക്ക് ആരെ വേണമെങ്കിലും ഫോണിൽ വിളിക്കാം. അവരുടെ വേതനം പദ്ധതിയിൽ നിന്ന് കൊടുക്കും.

ഇതിനൊക്കെ പുറമെയാണ് സ്കൂളിലെ അദ്ധ്യയന നിലവാരം മെച്ചപ്പെടുത്താനായി പല പഞ്ചായത്തുകളും നടപ്പാക്കിയിരുന്ന പദ്ധതികൾ.

ഇങ്ങനെയൊക്കെ പഞ്ചായത്തുകൾ ശ്രദ്ധിച്ചാൽ നമ്മുടെ പൊതുവിദ്യാലയങ്ങൾ ഇനിയും മെച്ചപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല.

പിന്നീട് പല കാരണങ്ങൾ കൊണ്ടും ഈ വിശ്വാസം, ഈ അഭിമാനം, നഷ്ടപ്പെട്ടു. ഇത് വീണ്ടെടുക്കാൻ സ്കൂളുകൾക്ക് കഴിഞ്ഞാൽ അവ രക്ഷപ്പെടും. അതിനു സ്കൂളും അഥവാ, അദ്ധ്യാപകരും കിണഞ്ഞു ശ്രമിക്കേണ്ടതുണ്ട്. ഈ ഉണർവ് ഇപ്പോൾ പൊതുവെ കാണുന്നുണ്ട് എന്നത് സന്തോഷകരമാണ്.

ലേഖകൻ അദ്ധ്യാപകനും പ്രമുഖ വിദ്യാഭ്യാസ വിചക്ഷണനുമാണ്

ഹരിതസാങ്കേതിക വിദ്യാകേന്ദ്രങ്ങൾ യാഥാർത്ഥ്യമായാൽ

ഡോ.ആർ. അജയ് കുമാർ വർമ്മ

സുസ്ഥിരവികസനമെന്നത് പ്രകൃതിവിഭവങ്ങളുടെ സംരക്ഷണവും അവയുടെ പരിപാലനവും അനുയോജ്യമായ വികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു. അനുയോജ്യമായ വികസനത്തിൽ സാങ്കേതികവിദ്യയുടെ തിരഞ്ഞെടുപ്പും പ്രയോഗവും സുപ്രധാനങ്ങളായ ഘടകങ്ങളാണ്. സാങ്കേതിക വിദ്യ ഊർജ്ജക്ഷമതയുള്ളതും പാരിസ്ഥിതികപ്രശ്നങ്ങൾ ഉണ്ടാക്കാത്തതുമായാൽ മാത്രമേ അവയ്ക്ക് നിലനില്പുണ്ടാവുകയുള്ളൂ. ഇവ കാർബൺ വിസർജ്ജനം കുറയ്ക്കുവാനുതകുന്നതും വസ്തുക്കളുടെ പുനരുപയോഗസാധ്യത വർദ്ധിപ്പിക്കാൻ സഹായിക്കുന്നതും പ്രാദേശിക പരിസ്ഥിതി വ്യവസ്ഥയുമായി ഇഴുകിചേരുന്നവയും സമൂഹത്തിലെ ഏതൊരു വ്യക്തിക്കും പ്രയോജനം ലഭ്യമാക്കാൻ ഉതകുന്നതുമായിരിക്കണം. ഇവയെ ഹരിതസാങ്കേതികവിദ്യകൾ എന്നു പറയുന്നു. കാലാവസ്ഥാവ്യതിയാനത്തിന് കാരണമാകുന്ന ഹരിതഗൃഹവാതകങ്ങളുടെ ഉദ്വമനം കുറച്ചുകൊണ്ടുവരുന്നതിന് ഹരിതസാങ്കേതിക വിദ്യകളുടെ പ്രയോഗം സുപ്രധാനമാണ്.

ജനകീയാസൂത്രണപ്രക്രിയയിലൂടെ വികേന്ദ്രീകൃതവികസനം സാധ്യമാക്കിവരുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ഹരിതസാങ്കേതികവിദ്യകളുടെ പ്രയോഗത്തിന് വലിയ പ്രസക്തിയുണ്ട്. ഓരോ പ്രദേശത്തെയും പ്രകൃതിവിഭവസാധ്യതകൾ പരിഗണിച്ച്, സമൂഹസമന്വയത്തിൽ ഉരുത്തിരിഞ്ഞുവരുന്ന ചെറിയ ചെറിയ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കി എല്ലാവിഭാഗം ജനങ്ങളുടെയും ജീവിതം സുഗമമാക്കുന്നതിനും തുടർ നിലനില്പിനായി പ്രാദേശിക പരിസ്ഥിതി സുരക്ഷിതമായി സംരക്ഷിക്കപ്പെടുകയും ചെയ്യുക എന്ന പരമമായ ലക്ഷ്യം വച്ചുകൊണ്ടാണ് നമ്മുടെ തദ്ദേശഭരണസ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത്. ഓരോ പ്രദേശത്തെയും മണ്ണും ജലവും ജീവജാലങ്ങളും സംരക്ഷിക്കപ്പെടുക, എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക, സുരക്ഷിതമായ ഭക്ഷ്യവിഭവങ്ങൾ ഉത്പാദിപ്പിക്കുക, ഭദ്രമായ പാർപ്പിടങ്ങളിലാണ് ജനങ്ങളുടെ വാസം എന്ന് ഉറപ്പുവരുത്തുക, സുസ്ഥിരത ലക്ഷ്യമിട്ടുകൊണ്ട് ഊർജ്ജവിനിയോഗം ക്രമീകരിക്കുക, ശുചിത്വ - ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുക, പ്രാദേശിക സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള വ്യവസായസാധ്യതകൾ വർദ്ധിപ്പിക്കുക തുടങ്ങിയ മേഖലകളിലേക്കെല്ലാം തന്നെ നമ്മുടെ തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം പലയിടങ്ങളിലും മാതൃകാപരമായി മാറിക്കൊണ്ടിരിക്കുന്നു. ഈ പ്രവർത്തനങ്ങളുടെ സുസ്ഥിരതയ്ക്ക് ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമാണ് ഹരിതസാങ്കേതികവിദ്യകൾ. ഇവ ജനങ്ങളിലെത്തിക്കാനുള്ള സംവിധാനമാണ് ഹരിതസാങ്കേതികവിദ്യാകേന്ദ്രങ്ങൾ (Green Technology Centre) അഥവാ GTC.

ഓരോ പ്രദേശത്തെയും പ്രകൃതിവിഭവസാധ്യതകൾ പരിഗണിച്ച്, സമൂഹസമന്വയത്തിൽ ഉരുത്തിരിഞ്ഞുവരുന്ന ചെറിയ ചെറിയ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കി എല്ലാവിഭാഗം ജനങ്ങളുടെയും ജീവിതം സുഗമമാക്കുന്നതിനും തുടർ നിലനില്പിനായി പ്രാദേശിക പരിസ്ഥിതി സുരക്ഷിതമായി സംരക്ഷിക്കപ്പെടുകയും ചെയ്യുക എന്ന പരമമായ ലക്ഷ്യം വച്ചുകൊണ്ടാണ് നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത്.

GTC എന്ത്? എന്തിന്?

ഒരു പ്രദേശത്തെ അഭ്യസ്തവിദ്യരായ അനുയോജ്യ സാങ്കേതികപ്രവർത്തനങ്ങളിൽ താല്പര്യമുള്ള എൻജിനീയറിംഗ്, കൃഷി - അനുബന്ധവിഷയങ്ങളിൽ പ്രാവീണ്യമുള്ള അഞ്ചോ - ആറോ അതിലധികമോ യുവാക്കൾ ചേർന്ന് തുടങ്ങുന്ന ഒരു സംരംഭമായാണ് ഹരിതസാങ്കേതികവിദ്യാകേന്ദ്രം വിഭാവനം ചെയ്യുന്നത്. നാട്ടിലെ പൊതുവികസനാവശ്യങ്ങൾക്കും ഓരോ കുടുംബത്തിന്റെ നിത്യജീവിതത്തിലും ആവശ്യമായി വരുന്ന ഊർജ്ജക്ഷമതയുള്ള സാങ്കേതികവിദ്യകളുടെ കലവറയായാണ് ഹരിതസാങ്കേതികവിദ്യാ കേന്ദ്രങ്ങൾ (GTC) വിഭാവനം ചെയ്യുന്നത്. ഒരു സമൂഹമോ കുടുംബമോ നേരിടുന്ന വികസന പരിപാലനപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആധുനികവും അനുയോജ്യവുമായ സങ്കേതങ്ങൾ ലഭ്യമാക്കുക, അവ ഉപയോഗപ്പെടുത്തുന്നതിൽ ആവശ്യമെങ്കിൽ സഹായിക്കുക, അവയുടെ പരിപാലനം ഉറപ്പുവരുത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. ഇത്തരം സേവനങ്ങൾ ലഭ്യമാക്കി സ്വരൂപിക്കുന്ന സമ്പത്ത് ജി.ടി.സി അംഗങ്ങളുടെ വേതനത്തിനും ജി.ടി.സി അഭിവൃദ്ധിപ്പെടുത്തുന്നതിനും വിനിയോഗി

ച്ചുകൊണ്ട് സർക്കാരിനും സമൂഹത്തിനും ബാധ്യതയില്ലാത്ത സ്വയം സംരംഭകപ്രസ്ഥാനമായി പ്രവർത്തിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതേസമയം ഈ സംവിധാനങ്ങളുടെ കാലാനുസൃതമായ മെച്ചപ്പെടുത്തലിനും പരിശീലനത്തിനും സേവന - വേതന വ്യവസ്ഥകൾ നിജപ്പെടുത്തുന്നതിലും നൂതന അനുയോജ്യ സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നതിനുമെല്ലാം സംസ്ഥാനസർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പൊതുനിരീക്ഷണവും മേൽനോട്ടവും നിയന്ത്രണവുമുണ്ടാകും.

സംഘാടനം

ഒരു തദ്ദേശഭരണസ്ഥാപന പരിധിയിൽപ്പെട്ടതും ശാസ്ത്ര - സാങ്കേതിക സേവനങ്ങൾ നൽകുന്നതിൽ താല്പര്യമുള്ളവരും എൻജിനീയറിംഗിലും കൃഷിയിലും അനുബന്ധ വികസന സേവന മേഖലകളിലും പ്രാവീണ്യമുള്ളവരുമായ 5-6 യുവജനങ്ങളെ കണ്ടെത്തി സ്റ്റാർട്ട് അപ് എന്ന നിലയിൽ സംരംഭം തുടങ്ങുന്നതിനുവേണ്ട പ്രോത്സാഹനം നൽകുക എന്നതാണ് ആദ്യപടി. ഇത്തരത്തിൽ തയ്യാറാകുന്ന സംരംഭകർക്ക് അനുയോജ്യസാങ്കേതികവിദ്യകളിൽ പ്രാവീണ്യമുള്ള സ്ഥാപനങ്ങളെയും വിദഗ്ധരെയും ഉപയോഗപ്പെടുത്തി വിശദമായ പരിശീലനം ലഭ്യമാക്കേണ്ടതുണ്ട്. നമ്മുടെ നാട്ടിൽ നിലനില്ക്കുന്ന പ്രധാനപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മുഖ്യസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാങ്കേതികരീതികൾ കേന്ദ്രീകരിച്ചുമുള്ള പരിശീലനം നൽകുന്നതിനാണ് ശ്രദ്ധിക്കേണ്ടത്. വിവിധതരത്തിലുള്ള മാലിന്യങ്ങളുടെ സംസ്കരണം, ജലസംരക്ഷണം, പാഴ്ജലവിനിയോഗം, വൈവിധ്യമാർന്ന കാർഷിക - അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട നൂതന സാധ്യതകൾ, ക്ഷമതയുള്ള ജലസേചനം, ഹരിതനിർമ്മാണരീതികൾ, ഊർജ്ജക്ഷമതയുള്ള ഗൃഹോപകരണങ്ങൾ, സൗരോർജ്ജസംവിധാനങ്ങൾ, ഊർജ്ജവിനിയോഗം, പ്രകൃതിവിഭവവികസനം തുടങ്ങിയവയുടെയും ആഡിറ്റ് തുടങ്ങി സമൂഹത്തിനും കുടുംബങ്ങൾക്കും നിത്യജീവിതത്തിൽ ആവശ്യമായിവരുന്ന സാങ്കേതികവിദ്യകളുടെ പ്രയോഗം എല്ലാവർക്കും കാര്യക്ഷമമായി ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ഹരിതസാങ്കേതിക വിദ്യാകേന്ദ്രങ്ങളെ പ്രാദേശിക സംരംഭമെന്ന രീതിയിൽ വളർത്തിക്കൊണ്ടുവരിക എന്നതാകണം ലക്ഷ്യം.

സഹായസംവിധാനങ്ങൾ

സാങ്കേതികവൈഭവവും സംരംഭക താല്പര്യങ്ങളുമുള്ള യുവജനങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് താങ്ങായി നിലകൊള്ളുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാകേണ്ട തുണ്ട്. സംരംഭകരെ കൂട്ടിയോജിപ്പിച്ച് ലാഭകരമായ സേവന പ്രസ്ഥാനമാക്കി വളർത്തിക്കൊണ്ടുവരുന്നതിന് സംഘാടക -സംരംഭക പ്രാവീണ്യമുള്ള സഹായസന്നദ്ധ സംഘടനകൾ ഹരിത സാങ്കേതികവിദ്യാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ മുൻഗണനകൾ വിഭാവനം ചെയ്യുന്നതിനും അവയെ ഒന്നു രണ്ടു വർഷം സഹായിച്ച് സ്വയം നിലനിൽക്കുന്ന സ്ഥാപനമാക്കി മാറ്റുന്നതിനും സഹായിക്കണം. നിലവിലുള്ളതും നൂതനവുമായ അനുയോജ്യസാങ്കേതികവിദ്യകളുടെ പ്രയോഗവും പരിചരണവും പരിശീലിപ്പിക്കുന്നതിനും പുതിയപുതിയ സാധ്യതകൾ കണ്ടെത്തി തുടർപരിശീലനം ഉറപ്പാക്കുന്നതിനുമുള്ള പ്രാവീണ്യമുള്ള പരിശീലന കേന്ദ്രങ്ങൾ ആവശ്യമാണ്. തദ്ദേശഭരണസ്ഥാപന ങ്ങളിൽ ഘട്ടം ഘട്ടമായി ഹരിത സാങ്കേതിക വിദ്യാകേന്ദ്രങ്ങൾ സംരംഭകത്വരീതിയിൽ സ്ഥാപിതമാകുന്നതിനും അവയുടെ പ്രവർത്തനമികവ് മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുന്നതിനും പ്രാദേശിക - സംസ്ഥാന - ദേശീയ - അന്തർദേശീയതലത്തിൽ വികസിപ്പിച്ചെടുക്കുന്ന അനുയോജ്യസാങ്കേതികവിദ്യകൾ പ്രയോഗക്ഷമമാക്കി ഹരിത സാങ്കേതിക വിദ്യാകേന്ദ്രങ്ങൾ വഴി പ്രയോഗത്തിലെത്തിക്കുന്നതിനും ഈ പ്രവർത്തനങ്ങളെയെല്ലാം ഏകോപിപ്പിച്ച് മുമ്പോട്ടു കൊണ്ടു

ഒരു തദ്ദേശഭരണസ്ഥാപന പരിധിയിൽപ്പെട്ടതും ശാസ്ത്ര - സാങ്കേതിക സേവനങ്ങൾ നൽകുന്നതിൽ താല്പര്യമുള്ളവരും എൻജിനീയറിംഗിലും കൃഷിയിലും അനുബന്ധ വികസന സേവന മേഖലകളിലും പ്രാവീണ്യമുള്ളവരുമായ 5-6 യുവജനങ്ങളെ കണ്ടെത്തി സ്റ്റാർട്ട് അപ് എന്ന നിലയിൽ സംരംഭം തുടങ്ങുന്നതിനുവേണ്ട പ്രോത്സാഹനം നൽകുക എന്നതാണ് ആദ്യപടി.

വി. രതീശൻ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

പഞ്ചായത്ത് വകുപ്പിന്റെ ഡയറക്ടറായി വി. രതീശൻ ഐ.എ.എസ് ചുമതലയേറ്റു. സിവിൽ സപ്ലൈസ് ഡയറക്ടറായും തൃശ്ശൂർ, വയനാട്, ഇടുക്കി, ആലപ്പുഴ ജില്ലകളിൽ കളക്ടറായും റവന്യൂ വകുപ്പിലും എക്സൈസ് വകുപ്പിലും അഡീഷണൽ കമ്മീഷണറായും കൺസ്യൂമർഫെഡിന്റെയും കേരളസംസ്ഥാന സഹകരണ ബാങ്കിന്റെയും മാനേജിംഗ് ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2016 - ൽ പഞ്ചായത്ത് ഡയറക്ടറായിരുന്നിട്ടുണ്ട്. 2007 മുതൽ മൂന്നുവർഷത്തിലധികം ഗുരുവായൂർ ദേവസ്വത്തിന്റെ അഡ്മിനിസ്ട്രേറ്ററായും പ്രവർത്തിച്ചിട്ടുണ്ട്.

കേരളം ആഗ്രഹിക്കുന്ന ഭക്ഷ്യസുരക്ഷ, ജലസുരക്ഷ, പരിസ്ഥിതിസുരക്ഷ ഇവ ഉറപ്പാക്കുന്നതിന് ഹരിതസാങ്കേതിക വിദ്യകൾ ഓരോ പ്രദേശത്തും വ്യാപകമാകേണ്ടതുണ്ട്. ഇക്കാരണത്താൽ ഹരിതകേരളം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളിൽ ഹരിതസാങ്കേതിക വിദ്യകളുടെ പ്രയോഗവും പ്രചാരവും അനിവാര്യ ഘടകമായി മാറുന്നു.

പോകുന്നതിനും ഒരു കേന്ദ്രസംവിധാനം ആവശ്യമാണ്. വിവരവിനിമയസേവനരംഗത്ത് (ICT service) പ്രവർത്തിക്കുന്ന അക്ഷയസെന്ററുകളെ വിവരസാങ്കേതികമിഷൻ (IT mission) സഹായിക്കും പോലെ, സംസ്ഥാനശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന് (KSCSTE) ഹരിത സാങ്കേതിക വിദ്യാകേന്ദ്രങ്ങളെ വളർത്തിക്കൊണ്ടുവരാനാകണം. ഒരു നൂതനസംവിധാനമെന്ന നിലയിൽ തുടക്കത്തിൽ 2-3 വർഷം മാതൃകാ ഹരിത സാങ്കേതിക വിദ്യാകേന്ദ്രങ്ങളുടെ സേവനങ്ങൾ വിപണനം ചെയ്യേണ്ടതും പ്രവർത്തനങ്ങൾ സുസ്ഥിരമായി മുന്നോട്ടുപോകുന്നു എന്നുറപ്പാക്കുന്നതുവരെ സാങ്കേതിക പരിശീലന - സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കേണ്ടതുമായിവരും.

പ്രയോജനങ്ങൾ പ്രതീക്ഷകൾ

വികസനപ്രവർത്തനങ്ങളും സേവനങ്ങളും കൂടുതൽ കാര്യക്ഷമമാകുന്നതിന് അനുയോജ്യമായ സാങ്കേതികവിദ്യകളുടെ പ്രയോജനം വ്യാപകമാകുകയും എല്ലാവിഭാഗം ജനങ്ങൾക്കും ലഭ്യമാകേണ്ടതുമാണ്. നിലവിൽ വിവിധ സാങ്കേതികസേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സ്വകാര്യസംരംഭകരും സന്നദ്ധസംഘടനകളും മറ്റും നഗരകേന്ദ്രീകൃതമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾ പലപ്പോഴും ഒറ്റതിരിഞ്ഞതാകാം. അവ സാമൂഹ്യസുരക്ഷാഘട്ടങ്ങൾക്ക് വിധേയമോ എല്ലാവിധ ജനങ്ങൾക്ക് ലഭ്യമോ, സാമ്പത്തിക ചിട്ടയ്ക്ക് വിധേയമോ ആകണമെന്നില്ല. പ്രദേശത്തെ എല്ലാവിധപ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും ഉതകുന്നവിധത്തിൽ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും പരിമിതികൾ ഉണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ സംരംഭകരീതിയിൽ ഉണ്ടാകുന്ന ഹരിതസാങ്കേതിക വിദ്യാകേന്ദ്രങ്ങൾ പ്രദേശത്തെ എല്ലാവിധ ആളുകളുടെയും എല്ലാവിധ ആവശ്യങ്ങളും കണ്ടറിഞ്ഞ് സാമ്പത്തിക അച്ചടക്കം പുലർത്തി വ്യവസ്ഥാപിതമായ രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന് സാഹചര്യമൊരുക്കും. മാലിന്യസംസ്കരണ സംവിധാനം പുനഃസ്ഥാപിക്കുന്നതിന്, പരിപാലിക്കുന്നതിന്, കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിന്, പാഴ്ജലപുനരുപയോഗ സംവിധാനം സ്ഥാപിക്കുന്നതിന്, സൗരോർജ്ജ സംവിധാനം പരിപാലിക്കുന്നതിന്, ഊർജക്ഷമതപരിശോധിച്ച് അനുയോജ്യമാറ്റങ്ങൾ വരുത്തുന്നതിന് തുടങ്ങി നാം നിത്യേന സഹായം കാംക്ഷിക്കുന്ന വിവിധ സാങ്കേതികപ്രവർത്തനങ്ങൾ വ്യവസ്ഥാപിതമായ നിരക്കിൽ സമയബന്ധിതമായ രീതിയിൽ ലഭ്യമാകുന്നതിന് ഹരിതസാങ്കേതിക വിദ്യാകേന്ദ്രങ്ങൾ സാധ്യതയൊരുക്കും. നൂതന സങ്കേതങ്ങളുടെ ലഭ്യതയും പ്രയോഗവും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ അനുയോജ്യവും പരിസ്ഥിതി സൗഹൃദവുമായ സങ്കേതങ്ങൾക്ക് ആശ്രയിക്കാവുന്ന ഒരു പൊതുയിടമായി ഹരിതസാങ്കേതിക വിദ്യാകേന്ദ്രങ്ങളെ കാണാം. കേരളം ആഗ്രഹിക്കുന്ന ഭക്ഷ്യസുരക്ഷ, ജലസുരക്ഷ, പരിസ്ഥിതി സുരക്ഷ ഇവ ഉറപ്പാക്കുന്നതിന് ഹരിതസാങ്കേതിക വിദ്യകൾ ഓരോ പ്രദേശത്തും വ്യാപകമാകേണ്ടതുണ്ട്. ഇക്കാരണത്താൽ ഹരിതകേരളം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളിൽ ഹരിതസാങ്കേതിക വിദ്യകളുടെ പ്രയോഗവും പ്രചാരവും അനിവാര്യഘടകമായി മാറുന്നു.

ലേഖകൻ ഹരിതകേരളം മിഷനിൽ സാങ്കേതിക ഉപദേഷ്ടാവാണ്

അണ്ണാറക്കണ്ണനും തന്നാലായത്

~~100~~ 151 കുളം ~~50~~ 60 ദിവസം

ടിമ്പിൾ മാഗി പി എസ്

ഒരു ലിറ്റർ ശുദ്ധജലത്തിന് ഇന്ന് പാലിനേക്കാളും ഭാവിയിൽ സ്വർണ്ണത്തേക്കാളും വില വരുന്ന സമയം വിദൂരമല്ല. ഭാവിയിൽ ലോകമഹായുദ്ധങ്ങൾ സംഭവിക്കുന്നത് ജലത്തിനു വേണ്ടിയായിരിക്കും. സ്വാർത്ഥമായ ജീവിതലക്ഷ്യങ്ങൾ മാത്രം നിറഞ്ഞ ജീവിതത്തിൽ നാം പരിസ്ഥിതിയേയും നമ്മളെത്തന്നെയും മറക്കുന്നു. ഈ സാമൂഹിക മനസ്ഥിതി നമ്മളെ എത്തിച്ചിരിക്കുന്നത് ദുരിതപൂർണ്ണമായ ജീവിതത്തിലേക്കാണ്. മാലിന്യങ്ങൾ വലിച്ചെറിയാനുള്ള സ്ഥലമായി പ്രകൃതിയുടെ നാഡീഞരമ്പുകളായ നദികളും പുഴകളും തോടുകളും കുളങ്ങളും പൊതുകിണറുകളും മാറിയത് സത്യകാഴ്ചയാണ്. പ്രകൃതിയുടെ രോദനം തിരിച്ചറിഞ്ഞ സാമൂഹിക പ്രവർത്തകരുടെയും പ്രകൃതിസ്നേഹികളുടെയും ശബ്ദമാണ് നാടിന്റെ ശബ്ദമായി, സർക്കാരിന്റെ ശബ്ദമായി ഹരിതകേരളം എന്ന വിപ്ലവ ആശയത്തിലൂടെ നാട്ടിൽ തിരയടിച്ചുയർന്നത്. ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾക്ക് എറണാകുളം ജില്ലാ കോർഡിനേറ്ററായി ചുമതലപ്പെടുത്തികൊണ്ട് ജില്ലാകളക്ടറുടെ ഉത്തരവ് ലഭിച്ചപ്പോൾ പ്രകൃതിക്കുവേണ്ടി പ്രവർത്തിക്കുവാൻ കിട്ടിയ ഏറ്റവും വലിയ അവസരമായി അത് എനിക്ക് തോന്നി.

പ്രകൃതിയെക്കുറിച്ച് ചിന്തിക്കുന്ന ഒരു ജനത ഉണരുന്നു എന്നത് തന്നെയാണ് ഹരിതകേരളത്തിന്റെ പ്രസക്തി. കോടിക്കണക്കിന് രൂപ വിനിയോഗിക്കാതെ, പ്ലാനിംഗ് കമ്മിറ്റികളുടെയോ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയോ അംഗീകാരത്തിന് കാത്തുനില്ക്കാതെ, ഇടപാടുകളുടെ നടത്തിപ്പിന് വേണ്ടി വാദപ്രതിവാദങ്ങളുടെ അകമ്പടിയില്ലാതെ ഹരിതകേരളം പദ്ധതിയിലൂടെ നേടുവാൻ കഴിഞ്ഞ നേട്ടങ്ങൾ ചെറുതല്ല.

അർപ്പണമനോഭാവത്തോടെയും യുവത്വ

ത്തിന്റെ പ്രസരിപ്പോടെയും ഹരിതകേരളം പദ്ധതിക്ക് നേതൃത്വം നല്കുവാൻ മനസ്സിന് ആവേശം പകർന്നത് പ്രകൃതിദത്തമായ ജീവിതചര്യയാണ് യഥാർത്ഥ വികസനം എന്ന തിരിച്ചറിവ് ഉള്ളതുകൊണ്ട് മാത്രമാണ്. ഹരിത കേരളത്തിന്റെ ആദ്യ ഘട്ടത്തിൽ എറണാകുളത്തിന് മികച്ച നേട്ടം കൈവരിക്കുവാൻ കഴിഞ്ഞു. ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനിലുമായി കാർഷികമേഖലയിൽ 353 പ്രൊജക്ടുകളും ജലവിഭവസംരക്ഷണത്തിൽ 622 പ്രൊജക്ടുകളും ശുചിത്വം, മാലിന്യസംസ്കരണത്തിൽ 550 പ്രൊജക്ടുകളും ഉൾപ്പെടുത്തി. ആകെ 584 കിണറുകൾ റീച്ചാർജ്ജ് ചെയ്തു. 284 കുളങ്ങൾ പുനരുദ്ധരിച്ചു. 99.6 കിലോമീറ്റർ ദൈർഘ്യം വരുന്ന കനാലുകളും തടയണകളും ശുചീകരിച്ചു. ജില്ലയിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിൽ വരുത്തി ഇ-മാലിന്യസംസ്കരണം ഒന്നാം ഘട്ടം തുടങ്ങി. പ്ലാസ്റ്റിക്ക് വിമുക്ത പഞ്ചായത്തുകൾ മികച്ചതാക്കി. തരിശ് ഭൂമി കൃഷി യോഗ്യമാക്കി. വിഷരഹിത പച്ചക്കറികൾ, കിണർ ക്ലോറിനേഷൻ, കുളം-ചിറ നവീകരണം, മഴക്കുഴി നിർമ്മാണം, സ്വാപ്പ് ഷോപ്പുകൾ എന്നിങ്ങനെ പ്രായോഗികമായവ നടപ്പിൽവരുത്തുവാനും തുടർ പ്രവർത്തനങ്ങൾ നിലനിർത്തുവാനും കഴിഞ്ഞു.

രോഗങ്ങൾ രൂക്ഷമാകുന്നത് പരിസ്ഥിതി മലിനമാകുന്നതിലൂടെയാണ്. നാട്ടിൻപ്രദേശങ്ങളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്. പക്ഷെ എന്തുകൊണ്ടോ നമ്മുടെ പുതിയ തലമുറയ്ക്ക് കുളങ്ങളും നദികളും സംരക്ഷിക്കണമെന്ന ചിന്ത ഉണ്ടാക്കിയെടുത്ത് അവരെ പ്രവൃത്തിപഥത്തിലേക്ക് കൊണ്ടുവരുവാൻ നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തിന് കഴിയുന്നില്ല. ജീവിതത്തിൽ പരമ്പരാഗതമായ ശുചിത്വസംസ്കാരം നിലനിർത്തുന്നതിനാണ് വിദ്യാഭ്യാസത്തിലൂടെ നാം മുൻതൂക്കം കൊടുക്കേണ്ടത്.

ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന്റെ പ്രാധാന്യം വളരെ ആഴത്തിൽ സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ ചിന്തിക്കുന്ന ഒരു വിശിഷ്ട മനസ്സിനുടമയാണ് എറണാകുളം ജില്ലാ കളക്ടർ മൊഹമ്മദ് വൈ സഫീറുള്ള. സംസാരത്തേക്കാൾ കൂടുതൽ പ്രവൃത്തിയിലൂടെ പ്രതികരിക്കുന്ന ഒരു പ്രകൃതം ഉള്ളതുകൊണ്ടുതന്നെ ഹരിതകേരളത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രധാന ആശയക്കരുത്തായി കളക്ടർ മുന്നിട്ട് നിന്നിരുന്നു. ജലദൗർലഭ്യത്തിന്റെ പ്രതിസന്ധികൾ നിർണ്ണായകമായ രീതിയിൽ എത്തിയപ്പോഴാണ് ജലസ്രോതസ്സുകളുടെ സംരക്ഷണപദ്ധതിയായി 100 കുളം 50 ദിവസം പദ്ധതി തുടങ്ങുവാൻ തീരുമാനിച്ചത്. പതിനായിരക്കണക്കിന് മലിനമായ കുളങ്ങളും നദികളും തോടുകളും നിറഞ്ഞ നമ്മുടെ നാട്ടിൽ പൂർണ്ണമായും മാലിന്യമുക്തപരിസ്ഥിതി സൃഷ്ടിക്കുക എന്നത് ഒരു വലിയ ജനകീയ പ്രവർത്തനത്തിലൂടെ മാത്രമേ കഴിയൂ. എന്നിരുന്നാലും അണ്ണാറക്കണ്ണനും തന്നാലായത് എന്ന ആശയം മുന്നിൽവച്ചുകൊണ്ട് ജില്ലയിലെ 100 കുളങ്ങൾ 50 ദിവസം കൊണ്ട് വൃത്തിയാക്കുന്ന ഒരു സർജിക്കൽ ട്രീറ്റ്മെന്റ് നടത്തുവാൻ 100 കുളം 50 ദിവസം പദ്ധതിയുടെ ജില്ലാ കോർഡിനേറ്ററായി എന്നെ നിയോഗിച്ചു. ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചു. ഇതിന് പ്രചോദനമായത് മുൻ ജില്ലാകളക്ടറായിരുന്ന രാജമാണിക്യം 50 കുളങ്ങൾ വൃത്തിയാക്കുന്നതിന് അൻപൊടു കൊച്ചി എന്ന സാമൂഹിക സംഘടനയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ മുൻപ് നടപ്പിൽ വരുത്തിയ പദ്ധതിയായിരുന്നു.

കൊച്ചിൻ ഷിപ്പ്യാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സംഘടനകളുടെ സഹായത്താൽ വോളണ്ടിയർമാരെ ചിട്ടപ്പെടുത്തി യുദ്ധകാല അടിസ്ഥാനത്തിൽ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ പദ്ധതിക്ക് തുടക്കം കുറിച്ചു. അതാത് പഞ്ചായ

പദ്ധതിയുടെ ക്ലൈമാക്സിൽ വിചാരിച്ചതിനേക്കാൾ മുൻപ് തന്നെ പദ്ധതി പൂർത്തിയാക്കുകയും 50 ദിവസം കൊണ്ട് 100 കുളങ്ങൾ എന്നത് 60 ദിവസം കൊണ്ട് 151 കുളങ്ങൾ എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരുകയും ചെയ്തു.

മാലിന്യനിർമാർജ്ജനം ഫലപ്രദമാക്കുന്നതിന് സർക്കാർ അടിയന്തരമായി ഇടപെടും: മുഖ്യമന്ത്രി

ഹരിതകേരളം ദൗത്യത്തിന്റെ ഭാഗമായി സർക്കാർ മുന്നോട്ടുവച്ച ലക്ഷ്യങ്ങൾ മാതൃകാപരമായി ഏറ്റെടുത്ത പ്രദേശങ്ങളിൽ അതിന്റേതായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അതേസമയം മാലിന്യനിർമാർജ്ജനം അടക്കമുള്ള കാര്യങ്ങളിൽ ശ്രുഷ്കാന്തി പുലർത്താത്ത സ്ഥലങ്ങളിൽ പനിയും പകർച്ച വ്യാധികളും വ്യാപകമായി. ഇക്കാര്യത്തിൽ സർക്കാരിന്റെ ഇടപെടൽ അടിയന്തരമായി ഉണ്ടാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിൽ നടപ്പാക്കിയ 100 കുളം 50 ദിവസം പദ്ധതിയുടെ സമാപനസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

എറണാകുളം ജില്ലാ ഭരണകൂടത്തിന്റെ അമ്പത് ദിനം നൂറു കുളം പദ്ധതിയുടെ സമാപനം കുറിച്ച് വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ പന്നിക്കുഴിച്ചിറയുടെ ശുചീകരണത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. പദ്ധതിയിൽ ശുചീകരിക്കുന്ന 151-ാമത്തെ കുളമാണ് പന്നിക്കുഴിച്ചിറ.

ഹരിതകേരളം വിജയിപ്പിക്കുന്നതിനായി സ്വയം നടത്തിയ ഇടപെടലുകൾ മൂലം ശ്രദ്ധിക്കപ്പെട്ട ജില്ലയാണ് എറണാകുളം. നഷ്ടപ്പെട്ട ജലസ്രോതസ്സുകൾ വീണ്ടെടുക്കുന്നതിനായി കുളങ്ങളും തോടുകളും വൃത്തിയാക്കിയത് അതിന്റെ ഭാഗമാണ്. കളക്ടറും ജില്ലാഭരണകൂടവും ഫലപ്രദമായി ഇടപെട്ടത് മൂലം അമ്പത് ദിവസത്തിന് മുൻപു തന്നെ പദ്ധതി പൂർത്തിയായി. നൂറ് കുളം ലക്ഷ്യമിട്ട സ്ഥാനത്ത് 151 കുളങ്ങളാണ് പൂർത്തിയാക്കാനായത്. ജനങ്ങളുടെ പങ്കാളിത്തത്തോടെ പദ്ധതി വിജയിപ്പിക്കാനായത് മാതൃകാപരമാണ്. ഇതേ മാതൃകയിൽ കേരളത്തിലെ എല്ലാ കുളങ്ങളിലെയും തോടുകളിലെയും ജലം കുടിവെള്ളത്തിന്റെ ശുദ്ധിയുള്ളതാക്കി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ഹരിതകേരളം പദ്ധതിയിൽ സർക്കാർ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ ഇനിയും നിറവേറ്റപ്പെടാനുണ്ട്. ഇക്കാര്യത്തിൽ പല തദ്ദേശസ്ഥാപനങ്ങളും വേണ്ട താൽപര്യം കാണിച്ചില്ല. പല പ്രദേശങ്ങളിലും മാലിന്യം അവശേഷിക്കുമ്പോൾ വായുവും വെള്ളവും എങ്ങനെ ശുദ്ധമാകും. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാത്തത് മൂലമാണ് മഴയ്ക്കു മുമ്പെ പനി വ്യാപകമായത്. അതേസമയം മാതൃകാപരമായി പ്രവർത്തിച്ച സ്ഥലങ്ങളിൽ അതിന്റേതായ മാറ്റമുണ്ട്. മാലിന്യം കെട്ടിക്കിടന്ന സ്ഥലങ്ങളിലാണ് രോഗം പടർന്നു പിടിച്ചിരിക്കുന്നത്. അലസതയുടെ ഫലമാണിത്. തദ്ദേശസ്ഥാപനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവർ ഇക്കാര്യത്തിൽ ഫലപ്രദമായി ഇടപെടണം, മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

പദ്ധതികൾ സ്വയംഭൂവായി ഉണ്ടാകുന്നതല്ലെന്നും പ്രത്യേകമായ ഇടപെടലാണ് വിജയകരമായ പദ്ധതികൾക്ക് പിന്നിലെ ശക്തിയെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. മാലിന്യം കെട്ടിക്കിടക്കുന്ന കേരളമല്ല നവകേരളം. നാടിന്റെ അവസ്ഥ മനസിലാക്കി ഓരോരുത്തരും ജാഗ്രതയോടെ പ്രവർത്തിക്കണം. ശുദ്ധമായ വെള്ളവും സ്വച്ഛമായ പ്രകൃതിയും സാധ്യമായാലേ ദൈവത്തിന്റെ സ്വന്തം നാട് എന്ന വിശേഷണം നമുക്ക് അവകാശപ്പെടാനാകൂവെന്നും മുഖ്യമന്ത്രി പറഞ്ഞു.

ത്തിലെ പ്രസിഡന്റുമാരെയും അംഗങ്ങളെയും കുടുംബശ്രീ പരിസ്ഥിതി പ്രവർത്തകരെയും, അവരോടൊപ്പം വോളണ്ടിയർമാരെയും, കൂലിക്ക് ജോലി ചെയ്യുന്ന തൊഴിലാളികളെയും ഉൾപ്പെടുത്തിയാണ് ഓരോ കുളങ്ങളും വൃത്തിയാക്കിയത്. വമ്പിച്ച ജനകീയ പിന്തുണയാണ് ഓരോ സ്ഥലങ്ങളിലും പദ്ധതി നടത്തിപ്പിന് ഉണ്ടായിരുന്നത്. ഓരോ കുളവും കളക്ടർ നേരിട്ട് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തിയിരുന്നു. ഇത് പൊതുജനപങ്കാളിത്തിന്റെ ആഴം കൂട്ടി. പ്രവർത്തകർക്ക് വേണ്ട ഭക്ഷണചെലവകളും ജെ.സി.ബി. മറ്റ് ഉപകരണങ്ങൾ, വണ്ടികൾ എന്നിവയ്ക്ക് ആവശ്യമായ ചെലവുകളും കൊച്ചിൻ ഷിപ്പ്യാർഡിന്റെ ഫണ്ടിൽ നിന്നാണ് വഹിച്ചിരുന്നത്. ഓരോ പ്രദേശത്തേക്കുമുള്ള നോഡൽ ഓഫീസർമാരെ കളക്ടർ നിയോഗിച്ചിരുന്നു.

പഞ്ചായത്തുകളിൽ സർവ്വേ നടത്തി പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിയുന്ന കുളങ്ങൾ തിരഞ്ഞെടുക്കുകയും, അവ നോഡൽ ആഫീസർമാർ പരിശോധിച്ച് സാങ്കേതികഉപദേശപ്രകാരം ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള തീയതി നിശ്ചയിച്ചുമാണ് പ്രവർത്തനങ്ങൾ നടത്തിയത്. മിഷൻ സമയബന്ധിതമായി പൂ

ആരോഗ്യകേരളം പുരസ്കാരങ്ങൾ വിതരണം ചെയ്തു

മികച്ച ആരോഗ്യ പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ആരോഗ്യ കേരളം പുരസ്കാരങ്ങൾ വിതരണം ചെയ്തു

കൊല്ലം ജില്ലാ പഞ്ചായത്താണ് സംസ്ഥാനതലത്തിൽ ഒന്നാം സമ്മാനമായ പത്ത് ലക്ഷം രൂപയ്ക്ക് അർഹമായത്. രണ്ടാം സമ്മാനമായ അഞ്ച് ലക്ഷം രൂപയ്ക്ക് മലപ്പുറം ജില്ലാ പഞ്ചായത്തും മൂന്നാം സമ്മാനമായ മൂന്ന് ലക്ഷം രൂപയ്ക്ക് കാസർകോഡ് ജില്ലാ പഞ്ചായത്തും അർഹമായി.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പത്തനംതിട്ട ജില്ലയിലെ പുളിക്കീഴ്, കണ്ണൂർ ജില്ലയിലെ തലശ്ശേരി എന്നീ ബ്ലോക്ക് പഞ്ചായത്തുകൾ പത്ത് ലക്ഷം, അഞ്ച് ലക്ഷം, മൂന്ന് ലക്ഷം രൂപാക്രമത്തിൽ ബ്ലോക്ക്തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

കൊല്ലം ജില്ലയിലെ കരവാളൂരും കോഴിക്കോട് ജില്ലയിലെ നൊച്ചാടും പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരവും ഗ്രാമപഞ്ചായത്തുകൾക്കുള്ള പുരസ്കാരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. പത്ത് ലക്ഷം, അഞ്ച് ലക്ഷം, മൂന്ന് ലക്ഷം രൂപ ക്രമത്തിലാണ് പുരസ്കാര തുക. മുനിസിപ്പാലിറ്റികൾക്കുള്ള പുരസ്കാരം ഇടുക്കി ജില്ലയിലെ കട്ടപ്പന, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റികൾ നേടി. പത്ത് ലക്ഷം, അഞ്ച് ലക്ഷം, മൂന്ന് ലക്ഷം രൂപ ക്രമത്തിലാണ് പുരസ്കാര തുക. കോർപ്പറേഷൻ തലത്തിൽ ഒന്നും രണ്ടും മൂന്നും പുരസ്കാരങ്ങൾ ആർക്കുമില്ല. സമാശ്വാസ സമ്മാനമായ രണ്ട് ലക്ഷം രൂപയ്ക്ക് അർഹമായത് തൃശ്ശൂർ കോർപ്പറേഷനാണ്.

ജില്ലാതല ഗ്രാമപഞ്ചായത്ത് പുരസ്കാരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ (അഞ്ച് ലക്ഷം, മൂന്ന് ലക്ഷം, രണ്ട് ലക്ഷം രൂപവീതം) യഥാക്രമം: തിരുവനന്തപുരം- വാമനപുരം, കുളത്തൂർ, മാറനല്ലൂർ. കൊല്ലം- ചിറക്കര, ആലപ്പാട്, തെക്കുംഭാഗം. പത്തനംതിട്ട- തോട്ടപ്പുഴശ്ശേരി (ഒന്നാം സ്ഥാനം), ആലപ്പുഴ -ചേന്നംപള്ളിപ്പുറം (പ്രോത്സാഹന സമ്മാനം), കോട്ടയം- മുത്തോലി (പ്രോത്സാഹന സമ്മാനം) ഇടുക്കി- ആലക്കോട്, കുടയത്തൂർ (യഥാക്രമം ഒന്നും രണ്ടും സ്ഥാനം). എറണാകുളം -ആയവന (ഒന്നാംസ്ഥാനം) തൃശ്ശൂർ- പൊയ്യ (ഒന്നാംസ്ഥാനം), പാലക്കാട്-പുതുക്കോട് (ഒന്നാംസ്ഥാനം), മലപ്പുറം - എടക്കര (പ്രോത്സാഹന സമ്മാനം), കോഴിക്കോട് - അരിക്കുളം, ഇടച്ചേരി (യഥാക്രമം ഒന്നും രണ്ടും സ്ഥാനം). വയനാട്-എടവക, പൂതാടി, വൈത്തിരി (യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനം), കണ്ണൂർ- ചെറുപുഴ (പ്രോത്സാഹന സമ്മാനം), കാസർഗോഡ്- ഈസ്റ്റ് എളേരി (ഒന്നാംസ്ഥാനം).

ർത്തിയാക്കുന്നത് ഒരു വെല്ലുവിളി തന്നെയായിരുന്നു. ദുർഘടമായ സ്ഥലങ്ങളിലെ കുളങ്ങൾ പോലും ഈ പദ്ധതിയിൽ ഏറ്റെടുത്ത് ശുചീകരിക്കുവാൻ കഴിഞ്ഞു.

പദ്ധതിയുടെ ക്ലൈമാക്സിൽ വിചാരിച്ചതിനേക്കാൾ മുൻപുതന്നെ പദ്ധതി പൂർത്തിയാക്കുകയും, 50 ദിവസം കൊണ്ട് 100 കുളങ്ങൾ എന്നത് 60 ദിവസം കൊണ്ട് 151 കുളങ്ങൾ എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരുകയും ചെയ്തു. ഈ വിജയം നവകേരളത്തിന്റെ 365 ദിവസത്തിന്റെവിജയത്തിൽ കൂട്ടി ചേർത്തുകൊണ്ട് എറണാകുളം ജില്ലാ അഭിമാനപൂരിതമാവുകയാണ്.

നവകേരള മിഷന്റെ ശില്പി മുഖ്യമന്ത്രി, ഹരിത കേരള മിഷന്റെ സംസ്ഥാന വൈസ് ചെയർപേഴ്സൺ, ഡോ. ടി. എൻ. സീമ എന്നിവർ പങ്കെടുത്ത 100 കുളം 50 ദിവസം പദ്ധതിയുടെ വിജയസമാപന ആഘോഷവും വൻവിജയമായിരുന്നു. പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തതിന് ജില്ലാ കളക്ടർക്കും പദ്ധതിയുമായി സഹകരിച്ച സംഘടനകൾക്കും സ്നേഹോപഹാരം നല്കിയത് ആവേശം പകർന്നു.

മുഖ്യമന്ത്രിയുടെ കൈയ്യിൽ നിന്ന് സ്നേഹോപഹാരം വാങ്ങുമ്പോൾ അഭിമാനം തോന്നി. അംഗീകരിക്കുവാൻ തയ്യാറാവുന്ന ഒരു ഭരണകൂടത്തിന് വേണ്ടി പ്രവർത്തിക്കുവാൻ ഈ സ്നേഹോപഹാരം ഓരോ വ്യക്തിക്കും പ്രേരണയാവട്ടെ.

മുഖ്യമന്ത്രിയുടെ കൈയ്യിൽ നിന്ന് സ്നേഹോപഹാരം വാങ്ങുമ്പോൾ അഭിമാനം തോന്നി. അംഗീകരിക്കുവാൻ തയ്യാറാവുന്ന ഒരു ഭരണകൂടത്തിന് വേണ്ടി പ്രവർത്തിക്കുവാൻ ഈ സ്നേഹോപഹാരം ഓരോ വ്യക്തിക്കും പ്രേരണയാവട്ടെ.

ലേഖിക ഹരിതകേരളം മിഷൻ എറണാകുളം ജില്ല കോർഡിനേറ്ററും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുമാണ്

വാർത്തകൾ വിശേഷങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരാതിപ്പെട്ടി- മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു

പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരാതികളും സ്വീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടൗൺ പ്ലാനിംഗ് ഓഫീസുകളിലും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. പെട്ടി തുറക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന ദിവസം, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, ഫോൺ നമ്പർ, അപ്പീൽ അധികാരിയുടെ പേര് എന്നിവ പൊതുജനങ്ങൾക്ക് കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്. പരാതിയിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കും. ലഭിച്ച മറുപടി/പരിഹാരം പരാതിക്കാരന് തൃപ്തികരമല്ലെങ്കിൽ അപ്പീൽ സംവിധാനവും ക്രമീകരിച്ചിട്ടുണ്ട്.

(സ.ഉ(സാധാ) നം.1691/2017/തസ്വഭവ, തീയതി 23-5-2017)

വിമുക്തഭടന്റെ ഭവനത്തിന്റെ വസ്തുനികുതി- വ്യവസ്ഥകൾ പരിഷ്കരിച്ചു

സംസ്ഥാനത്തെ വിമുക്തഭടന്മാരെയും അവരുടെ ഭാര്യമാരെയും/വിധവകളെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന ഭവനങ്ങളെ വീട്ടുകരം (വസ്തുനികുതി) അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയത് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ പരിഷ്ക്കരിച്ച് ഉത്തരവായി.

(സ.ഉ(കൈ) നം.106/17/തസ്വഭവ, തീയതി 26-5-2017)

ഇലക്ട്രിക്കൽ ഉപകരണങ്ങൾ ടെൻഡർ കൂടാതെ ക്രൂസിൽ നിന്നും വാങ്ങാം

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റിയുടെ (ക്രൂസ്) അനുബന്ധ സ്ഥാപനമായ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് (KGL) പൂർണ്ണമായും സ്വന്തമായി ഉല്പാദിപ്പിക്കുന്ന ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ നേരിട്ട് ക്രൂസിൽ നിന്നും വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായി. (ഫോൺ നമ്പർ- 04994-241121)

(സ.ഉ(സാധാ)നം. 1093/2017/തസ്വഭവ, തീയതി 05-04-2017)

പഞ്ചായത്ത് വകുപ്പിൽ പുതിയ 448 തസ്തികകൾ

പഞ്ചായത്ത് വകുപ്പിൽ പുതിയ 448 തസ്തികകൾ അനുവദിച്ചു. സീനിയർ സൂപ്രണ്ട്-29, അസിസ്റ്റന്റ് സെക്രട്ടറി-37, സീനിയർ ക്ലർക്ക്-146, ക്ലർക്ക്-170, ഓഫീസ് അറ്റൻഡന്റ്-66 എന്നീ തസ്തികകളാണ് അനുവദിച്ചത്.

(സ.ഉ(കൈ)നം. 109/2017/തസ്വഭവ, തീയതി 05-06-2017)

അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മാർഗ്ഗരേഖ

സംസ്ഥാന നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2014-16) 66-മത് റിപ്പോർട്ടിൽ അംഗൻവാടികളുടെ അവസ്ഥ ശോചനീയമാണെന്ന് വിലയിരുത്തപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗരേഖ അടങ്ങിയ സർക്കുലർ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചു.

(സർക്കുലർ നം. എ 1-10034/16, തീയതി 23-05-2017)

സി.ഡി.എസ് അക്കൗണ്ടന്റുമാരുടെ വേതനം വർദ്ധിപ്പിച്ചു

കുടുംബശ്രീ സി.ഡി.എസ്സ് അക്കൗണ്ടന്റുമാരുടെ പ്രതിമാസ വേതനം 12,000/- രൂപയായും 01/01/2017-ൽ കുടുംബശ്രീയിൽ അക്കൗണ്ടന്റായി 5 വർഷം പൂർത്തിയായവർക്ക് വേതനം 13,000/- രൂപയായും 01/01/2017 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ചും നിലവിലെ ചട്ടങ്ങളും വ്യവസ്ഥകളും അനുസരിച്ച് 750/- രൂപ വാർഷികവർദ്ധനവ് അനുവദിച്ചും ഉത്തരവായി.

(സ.ഉ(എം.എസ്)നം. 110/2017/തസ്വഭവ, തീയതി 09/06/2017)

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്

കാനാമ്പുഴ പുനരുജ്ജീവനമായി ബന്ധപ്പെട്ട് സംഘാടകസമിതി തയ്യാറാക്കിയ വാർത്താപത്രിക മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യുന്നു. മന്ത്രിമാരായ ജെ. മേഴ്സിക്കുട്ടി അമ്മ, രാമചന്ദ്രൻ കടന്നപ്പള്ളി, ഡോ. കെ.ടി. ജലീൽ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എം.വി. ജയരാജൻ എന്നിവർ സമീപം

കാനാമ്പുഴ – അതിജീവനം നാട്ടുനന്മയുടെ തിരിച്ചുവരവ്

എൻ. ചന്ദ്രൻ

കണ്ണൂരിന് ആ പേര് ലഭിക്കുന്നത് കാനാംപുഴയിൽ നിന്നാണ്. പട്ടണത്തിന്റെ അരികു ചേർന്ന് ഒഴുകിയ പുഴയായിരുന്നു കാനാംപുഴ. ഈ പുഴയുടെ പേരിൽനിന്നാണ് കാനന്നൂരായും പിന്നീട് കണ്ണൂരായും മാറിയത് എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. വലിയ ഒരു പ്രദേശത്തിന്റെ പച്ചപ്പ് നിലനിർത്തിയത് ഈ പുഴയായിരുന്നു. ഇരു കരകളിലുമുള്ളവർ കുളിക്കാനും അലക്കാനും ആശ്രയിച്ചതും ഈ പുഴയെയാണ്. എന്നാൽ പിൽക്കാലത്ത് കാനാംപുഴ ഒരു പുഴയാണെന്ന് പറയാൻ കഴിയാത്തവിധം മാറിപ്പോയി. വെള്ളത്തിന്റെ ഒഴുക്ക് നിലച്ചു. കരയിലും പുഴയിലും കാട് വളർന്നു. പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങളുടെ കുമ്പാരമായി പുഴമാറി. ദുർഗന്ധം കാരണം പുഴക്കരയിൽ പോലും നിൽക്കാൻ കഴിയാത്ത അവസ്ഥയായി. ഈ പരിതസ്ഥിതിയിലാണ് കാനാംപുഴയെ രക്ഷിക്കാനുള്ള ആലോചന നടന്നത്. കണ്ണൂർ അസംബ്ലി മണ്ഡലം വികസന സെമിനാറിലാണ് പുഴ സംരക്ഷിക്കണമെന്ന നിർദ്ദേശം ഉയർന്നുവന്നത്. അതിന് ഒരു ജനകീയ ഇടപെടലിലൂടെ തുടക്കം കുറിക്കാൻ സെമിനാർ തീരുമാനിച്ചു. 2017 മെയ് 14 ന് ഒരു വലിയ മനുഷ്യ മഹായജ്ഞമായി അത് ഫലപ്രാപ്തിയിലെത്തുകയും ചെയ്തു.

അയ്യപ്പൻമല എന്ന ഒരു ഉയർന്ന പ്രദേശത്ത് നിന്നാണ് ചെറിയ ഒരു കൈത്തോടായി പുഴ തുടങ്ങുന്നത്. മാച്ചേരി കണ്ടമ്പേത്ത് എന്ന സ്ഥലത്ത് എത്തിച്ചേരുന്നതോടെ അത് ഒരു വലിയ തോടിന്റെ രൂപത്തിലാവുന്നു. പിന്നീടും മുന്നോട്ട് ഒഴുകുമ്പോഴാണ് പുഴയായി രൂപാന്തരപ്പെടുന്നത്. കടലായി എന്ന സ്ഥലത്തുവച്ച് അറബിക്കടലിനോട് പുഴ ചേരുന്നു. 9.5 കിലോമീറ്ററാണ് ഇതിന്റെ ആകെ നീളം. 1957 ലെ ഇ. എം. എസ്. സർക്കാർ ഇതിന്റെ ചെറിയൊരു ഭാഗത്ത് ചില സംരക്ഷണപ്രവൃത്തികൾ നടത്തിയിരുന്നു. എളയാവൂർ പഞ്ചായത്ത് അതിന്റെ പരിധിയിൽ വരുന്ന ഭാഗങ്ങളിൽ ചില സ്ഥലങ്ങളിൽ ഭിത്തി കെട്ടി സംരക്ഷിച്ചു. എന്നാൽ കാലക്രമത്തിൽ അവയും തകർന്നിരുന്നു.

വിപുലമായ ഒരു യോഗം ചേർന്ന് സംഘാടക സമിതി രൂപീകരിച്ചാണ് പ്രവർത്തനത്തിന് തുടക്കം കുറിച്ചത്. തുറമുഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി രക്ഷാധികാരിയായും മേയർ കുമാരി ഇ.പി. ലത ചെയർപേഴ്സണായും എൻ. ചന്ദ്രൻ ജനറൽ കൺവീനറായും പ്രവർത്തിച്ചു. 7 കേന്ദ്രങ്ങളിൽ പ്രാദേശിക സംഘാടക സമിതികളും രൂപീകരിക്കുകയുണ്ടായി. നല്ല പങ്കാളിത്തമാണ് ഈ യോഗങ്ങളിലെല്ലാമുണ്ടായത്. നാട്ടുകാരും സന്നദ്ധ സാംസ്കാരിക സംഘടനാപ്രവർത്തകരും വിവിധ ബഹുജന

> 6.30 നുതന്നെ ജനങ്ങൾ പുഴക്കരയിലെത്തി. ഓരോ പ്രാദേശിക സംഘാടകസമിതികൾക്കും ശുചീകരണം നടത്തേണ്ട പ്രദേശം നിശ്ചയിച്ച് കൊടുത്തിരുന്നു. കണ്ടമ്പേത്ത്, ചേലോറസ്രാമ്പി, കാപ്പാട്, കൂടത്തിൽതാഴെ, ബണ്ടുപാലം, കുറുവപാലം എന്നീ ആറ് കേന്ദ്രങ്ങളിൽ പ്രാദേശിക ഉൽഘാടനപരിപാടികൾ സംഘടിപ്പിച്ചു. താഴെചൊവ്വയിലായിരുന്നു പ്രധാന ഉൽഘാടന പരിപാടി

സംഘടനാപ്രവർത്തകരുമായി നിരവധി പേർ ഈ യോഗങ്ങളിൽ പങ്കെടുത്തു. തുടർന്ന് പുഴ സംരക്ഷണ പ്രവർത്തനത്തിന്റെ ബോർഡുകൾ വ്യാപകമായി സ്ഥാപിക്കുകയുണ്ടായി.

മെയ് 7 ന് 'പുഴയെ അറിയാൻ' എന്ന പേരിൽ ഒരു പദയാത്ര സംഘടിപ്പിച്ചു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ നേതൃത്വത്തിൽ നടന്ന യാത്രയിൽ ആയിരത്തിലേറെ പേർ വിവിധ കേന്ദ്രങ്ങളിൽ അനുഗമിച്ചു. ലഘുഭക്ഷണവും കുടിവെള്ളവുമൊരുക്കി പുഴക്കരയിലുള്ള വീട്ടുകാർ പദയാത്രയെ സ്വീകരിക്കുകയുണ്ടായി. വാദ്യഘോഷത്തിന്റെ അകമ്പടിയോടെയാണ് പദയാത്ര നീങ്ങിയത്. മെയ് 10,11,12, തീയതികളിൽ ഗൃഹസന്ദർശനമായിരുന്നു. പുഴക്കരയിലുള്ള 3000 -ത്തിലേറെ വീടുകളിൽ പ്രാദേശിക സംഘാടക സമിതി പ്രവർത്തകർ സ്ക്വാഡുകളായി സന്ദർശനം നടത്തി. സംഘാടക സമിതി തയ്യാറാക്കിയ പ്രത്യേക പത്രത്തോടുകൂടിയാണ് വീടുകളിലെത്തിയത്. തിരുവനന്തപുരത്ത് വച്ച് മുഖ്യമന്ത്രി പിണറായി വിജയൻ ഈ പത്രം പ്രകാശനം ചെയ്തു.

മെയ് 14-നാണ് ശുചീകരണം നടന്നത്. കാലത്ത് 6.30 നുതന്നെ ജനങ്ങൾ പുഴക്കരയിലെത്തി. ഓരോ പ്രാദേശിക സംഘാടകസമിതികൾക്കും ശുചീകരണം നടത്തേണ്ട പ്രദേശം നിശ്ചയിച്ച് കൊടുത്തിരുന്നു. കണ്ടമ്പേത്ത്, ചേലോറസ്രാമ്പി, കാപ്പാട്, കൂടത്തിൽതാഴെ, ബണ്ടുപാലം, കുറുവപാലം എന്നീ ആറ് കേന്ദ്രങ്ങളിൽ പ്രാദേശിക ഉൽഘാടനപരിപാടികൾ സംഘടിപ്പിച്ചു. താഴെചൊവ്വയിലായിരുന്നു പ്രധാന ഉൽഘാടന പരിപാടി. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യ മന്ത്രി ഡോ. ടി.എം. തോമസ് ഐസക് ഉൽഘാടനം നിർവഹിച്ചു. പി.കെ ശ്രീമതി ടീച്ചർ എം.പി., ടി.എൻ.സീമ, കെ.വി. സുമേഷ്, കളക്ടർ മിർ മുഹമ്മദലി തുടങ്ങിയവരും മറ്റ് ജനപ്രതിനിധികളും സംബന്ധിച്ചു. ഇവരുടെ സാന്നിദ്ധ്യം വളണ്ടിയർമാർക്ക് വലിയ ആവേശവും ഉണർവ്വും ഉണ്ടാക്കി.

5000 വളണ്ടിയർമാർ ശുചീകരണ യജ്ഞത്തിൽ പങ്കാളികളായി. നാട്ടുകാരായ ബഹുജന

നിശ്ചയദാർഢ്യത്തിന്റെ നിറവ്

Localbody Type	Data Entry	Submitted to LBs	Projects DPC with validation	LBs Projects
Block Panchayat	152	15762	152	12987
Corporation	6	8343	6	7923
District Panchayat	14	13103	14	12473
Grama Panchayat	941	187581	941	169358
Muncipality	87	29744	87	26969
Grand Total	1200	254533	1200	229710

കേരളത്തിൽ രണ്ടു ദശാബ്ദക്കാലമായുള്ള വികേന്ദ്രീകൃതാസൂത്രണത്തിന്റെ ചരിത്രത്തിലാദ്യമായി സംസ്ഥാനത്തെ നൂറു ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇക്കഴിഞ്ഞ ജൂൺ 15 നകം വാർഷികപദ്ധതികൾ ജില്ലാ ആസൂത്രണസമിതികൾക്ക് സമർപ്പിച്ചു. സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കൂട്ടായതും നിശ്ചയദാർഢ്യത്തോടെയുള്ളതുമായ കഠിനപരിശ്രമത്തിന്റെ ഫലമായാണ് നിസ്തുലമായ ഈ ചരിത്രനേട്ടം കൈവരിക്കാൻ കഴിഞ്ഞത്.

കാനാമ്പുഴ പുനരുജ്ജീവനത്തിന്റെ ഉദ്ഘാടനം മന്ത്രി ഡോ. തോമസ് ഐസക് നിർവഹിക്കുന്നു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, പി.കെ. ശ്രീമതി ടീച്ചർ എം.പി, ഡോ.ടി.എൻ. സീമ തുടങ്ങിയവർ സമീപം

ങ്ങൾക്കൊപ്പം സേനാംഗങ്ങളും മുൻസിപ്പൽ തൊഴിലാളികളും ഈ യജ്ഞത്തിൽ പങ്കാളികളാകാൻ എത്തിച്ചേർന്നു. വളരെ ദുർഘടം പിടിച്ച സ്ഥലങ്ങളിൽ യന്ത്രങ്ങളുടെ സഹായത്തോടെയായിരുന്നു ശുചീകരണം നടത്തിയത്. കക്ഷി-രാഷ്ട്രീയ ഭേദങ്ങളൊന്നുമില്ലാതെയാണ് ബഹുജനപങ്കാളിത്തം ഉണ്ടായത്. യുഗപ്രഭാവനായ ഇ.എം.എസ് ആഹ്വാനം ചെയ്ത വികസനത്തിന്റെ രാഷ്ട്രീയം എന്ന ആശയത്തിന്റെ യഥാർത്ഥ പ്രയോഗം തന്നെയാണ് ഇവിടെ ദൃശ്യമായത്.

കണ്ണൂരിലെ വിവിധ സംഘടനകളും സ്ഥാപനങ്ങളും ഈ പ്രവർത്തനത്തിന് സഹായം നൽകുകയുണ്ടായി. ദിശ എന്ന സന്നദ്ധ സംഘടനയാണ് വളണ്ടിയർമാർക്കുള്ള ബനിയൻ നൽകിയത്. തൊപ്പി നൽകിയത് മാതൃഭൂമി ദിനപത്രമാണ്. ലൈൻസ്ഫെഡ് എന്ന സംഘടന പ്രത്യേകം ഒരു ഓഡിയോ സി. ഡി. പുറത്തിറക്കുകയുമുണ്ടായി.

ഒരു ദിവസത്തെ ഇടപെടലിലൂടെ എല്ലാ കാലത്തേക്കും പുഴ സംരക്ഷിക്കപ്പെടുമെന്ന തോന്നൽ സംഘാടക സമിതിക്കില്ല. നിരന്തരമായ ജാഗ്രതയും ഇടപെടലുംവേണം. അതിനായി പ്രാദേശിക സംഘാടക സമിതികൾ ഇനി മുതൽ ജാഗ്രതാ സമിതികളായി പ്രവർത്തിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. പുഴ മലിനമാകുന്നതും ഒഴുക്ക് തടസ്സപ്പെടുന്നതും യഥാസമയം കണ്ടെത്തി ശുചീകരണ പ്രവർത്തനം നടത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത്. പുഴയുടെ സംരക്ഷണത്തിനും കാർഷിക സംരക്ഷണ പ്രവൃത്തിക്കും സഹായകരമായ ഒരു വിപുലമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും തീരുമാനിച്ചിട്ടുണ്ട്. മാസ്റ്റർപ്ലാൻ സർക്കാരിന് സമർപ്പിക്കുകയും ചെയ്യും. കേരളത്തിന്റെ ഹരിതാഭ നിലനിർത്താൻ സർക്കാർ നടത്തുന്ന പ്രവർത്തനം ഈ കാര്യത്തിൽ ശുഭ പ്രതീക്ഷ നൽകുന്നതാണ്.

ലേഖകൻ കാനാമ്പുഴ പുനരുജ്ജീവന സംഘാടക സമിതിയുടെ ജനറൽ കൺവീനറാണ്

ഹരിതകേരളം

സുന്ദരം സുസ്ഥിരം ഹരിതാഭം

എൻ. മനോജ്കുമാർ

മനുഷ്യനെ പ്രകൃതിയുമായി കണ്ണിചേർക്കുക എന്ന ഈ വർഷത്തെ പരിസ്ഥിതി സന്ദേശത്തെ അന്വർത്ഥമാക്കുന്ന വിധത്തിലുള്ള പദ്ധതികളാണ് കഴിഞ്ഞ ഒരു വർഷമായി കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് നടത്തിവരുന്നത്. ഓരോ തുള്ളിയും കരുതലോടെ, ഹരിതാഭം, നാട്ടുമാവിൻ ചുന നാട്ടുമണം, നാട്ടം വീട്ടം ശുദ്ധി, കരുതിയെടുക്കുക ഊർജ്ജം എന്നീ അഞ്ചിനപരിപാടികളുമായി സുന്ദരം സുസ്ഥിരം ഹരിതാഭം എന്ന പദ്ധതിക്ക് പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പഞ്ചായത്ത് തുടക്കം കുറിച്ചു. ജൈവവൈവിധ്യ സംരക്ഷണം, മണ്ണ് -ജലസംരക്ഷണം, ജൈവകൃഷി, ശുചിത്വം, ഊർജ്ജസംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ഒരു പദ്ധതിയാണിത്. ഇതിന് ഹരിത കേരളം മിഷൻ കരുത്തുപകരുന്നു.

ജൈവകൃഷി

ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി കാർഷികഗ്രൂപ്പുകൾ രൂപീകരിച്ചു പ്രവർത്തനം നടത്തി. പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്യുന്നതിന് രണ്ട് കേന്ദ്രങ്ങൾ സജ്ജമാക്കി. കടലുണ്ടിയിൽ കാർഷിക കർമ്മസേനയ്ക്കായി പച്ചക്കറി നഴ്സറി അനുവദിച്ചു. ഒളവണ്ണയിൽ മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസിലെ നഴ്സറിയിൽ വെച്ചും പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്തു. രണ്ടിടങ്ങളിലായി ലക്ഷക്കണക്കിന് തൈകൾ വിതരണം ചെയ്യാൻ കഴിഞ്ഞു. അമ്പതിനായിരം പച്ചക്കറി തൈകൾ സൗജന്യമായാണ് വിതരണം ചെയ്തത്. അന്തകവിത്തുകൾക്ക് പകരം നാടൻവിത്തിനങ്ങൾ ഉപയോഗിച്ചാണ് മലബാർ ബൊട്ടാണിക്കൽ ഗാർഡനിൽ തൈകൾ ഉൽപ്പാദിപ്പിച്ചത്. വിത്ത് ശേഖരണവും കൂടി ലക്ഷ്യം വെച്ചാണ് ഈ പ്രവർത്തനം നടത്തിയത്.

നെൽകൃഷി വ്യാപനത്തിനും പ്രോത്സാഹനം നൽകാനായി. ഒളവണ്ണ, കടലുണ്ടി ഗ്രാമപഞ്ചായത്തുകളിൽ നെൽകൃഷിയിൽ വലിയ ഉണർവ്വുണ്ടായി. മാതൃകാ കാർഷികതോട്ടം സ്ഥാപിക്കാൻ കൃഷിവകുപ്പിന്റെ സഹായത്തോടെ നടത്തിയ പ്രവർത്തനവും ശ്രദ്ധേയമായിരുന്നു. അതിന്റെ ഭാഗമായി കൃത്യതാ കൃഷിരീതി ആവിഷ്കരിച്ച് തോട്ടം നിർമ്മിച്ചു. വെള്ളത്തിന്റെ ലഭ്യത കാർഷികമേഖലയിൽ നിന്ന് ജനങ്ങളെ അകറ്റുമ്പോൾ അതിന് പരിഹാരമായി ബദൽ തിരിനനകൃഷി പ്രചരിപ്പിക്കുന്നതിന് പരിപാടികൾ സംഘടിപ്പിച്ചു. കാർഷികപ്രവർത്തനങ്ങളെയും സംഘടനകളെയും ഏകോപിപ്പിക്കുന്നതിന് കാർഷിക സേവനകേന്ദ്രം



ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

ഗ്രീൻ ആർമിയും ബയോഇൻപുട്ട് സെന്ററും

കാർഷികമേഖലയിൽ തൊഴിലാളികളെ കിട്ടാത്ത പ്രശ്നം പരിഹരിക്കാൻ രൂപീകരിച്ച ഗ്രീൻ ആർമി യന്ത്രവൽകൃതകൃഷിക്ക് പ്രോത്സാഹനമായി. തരിശായി കിടന്ന ഭൂമിയെ കൃഷിയോഗ്യമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾക്ക് ഗ്രീൻആർമിയുടെ രൂപീകരണം സഹായകമായി. ജൈവവളവും കീടനാശിനിയും വിത്തിനങ്ങളും ലഭ്യമാക്കുന്നതിന് ഒളവണ്ണ സർവ്വീസ് സഹകരണബാങ്കിന്റെ സഹായത്തോടെ ആരംഭിച്ച ബയോ ഇൻപുട്ട് സെന്ററും കർഷകർക്ക് ഉപകാരപ്രദമായി. കാർഷികമേഖലയിൽ ഇടപെടുന്നതിന് വിവിധങ്ങളായ പരിശീലനങ്ങൾ നടത്തി.കാർഷികസംസ്കൃതിയുടെ പഴയകാല സ്മൃതികളിലേക്ക് നാടിനെ നയിക്കാനുള്ള കൂട്ടായ പരിശ്രമങ്ങൾക്ക് ഇത് വഴിതെളിച്ചു.

ഓരോ തുള്ളിയും കരുതലോടെ

മഴവെള്ളക്കൊയ്ത്തിന്റെ സന്ദേശമുയർത്തിയാരംഭിച്ച പദ്ധതിയുടെ ഭാഗമായി മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതിയുടെ സഹായത്തോടെ പൊതു ഇടങ്ങളിലും സ്വകാര്യസ്ഥലത്തും കുളങ്ങൾ കുഴിക്കുന്നതിനും പരമ്പരാഗതജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു. മലബാർ ബൊട്ടാണിക്കൽ ഗാർഡനിൽ തടാകം നിർമ്മിച്ചാണ് ഇതിന് തുടക്കമിട്ടത്. അഞ്ച് സെന്റോളം വിസ്തൃതിയുള്ള കുളം നിർമ്മിച്ച് കയർഭൂവസ്ത്രം വിരിച്ച് സംരക്ഷിച്ചു. മണ്ണിടിച്ചിൽ തടയാനും ജലസംരക്ഷണത്തിനുമായി ഗാർഡനിൽതന്നെ നിർമ്മിച്ച 800 ച.മീറ്റർ വരുന്ന ജൈവഭിത്തിയും മാതൃകാപരമായ ഒരു പ്രവർത്തനമായിരുന്നു. തുടർന്ന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു വാർഡിൽ ഒരു കുളം എന്ന ലക്ഷ്യവുമായി പദ്ധതി പുരോഗമിക്കുകയാണ്. പൊതുകുളങ്ങൾ സംരക്ഷിക്കുന്നതിനു പുറമേ സ്വകാര്യകുളങ്ങളുടെ നിർമ്മാണവും നടത്തുന്നതിനു കഴിഞ്ഞിട്ടുണ്ട്. മഴവെള്ള സംഭരണത്തിനും കാർഷികാഭിവൃദ്ധിക്കും ഇത് സഹായകമായി.

മഴവെള്ളക്കൊയ്ത്തിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കാൻ കുടുംബശ്രീകളിൽ നിന്ന് തെരഞ്ഞെടുത്ത ആയിരം വളണ്ടിയർമാരടങ്ങുന്ന റെയിൻഗാർഡുകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇവർ വീടുകളിൽ ബോധവൽക്കരണം നടത്തും.

മഴവെള്ളക്കൊയ്ത്തിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കാൻ കുടുംബശ്രീകളിൽ നിന്ന് തെരഞ്ഞെടുത്ത ആയിരം വളണ്ടിയർമാരടങ്ങുന്ന റെയിൻഗാർഡുകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇവർ വീടുകളിൽ ബോധവൽക്കരണം നടത്തും

ഹരിതാഭം

ജൈവകൃഷിക്കു പുറമെ വനവൽക്കരണപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നു. വനം വകുപ്പുമായി സഹകരിച്ച് അരലക്ഷം വൃക്ഷതൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാനായി. മലബാർ ബൊട്ടാണിക്കൽ ഗാർഡനിൽ തൈകൾ മുളപ്പിച്ച് കൂടയിലാക്കി വിതരണം

ജനന-മരണ-വിവാഹ രജിസ്ട്രേഷൻ അദാലത്ത്

6123 അപേക്ഷകൾ പരിഹരിച്ചു

സംസ്ഥാനത്ത് നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലുമായി മെയ് മാസം 18,19 തീയതികളിൽ നടന്ന ജനന-മരണ -വിവാഹ രജിസ്ട്രേഷൻ അദാലത്തിൽ 6123 അപേക്ഷകൾ പരിഹരിച്ചു. ദീർഘനാളായി പരിഹാരം കാണാതെയിരുന്ന അപേക്ഷകളാണ് അദാലത്തിലൂടെ തീർപ്പുകല്പിച്ചത്. വിവിധ സ്ഥാപനങ്ങളിലായി ആകെ 12180 അപേക്ഷകളാണ് അദാലത്തുകളിൽ ലഭിച്ചത്. തീർപ്പാക്കാൻ അവശേഷിക്കുന്നവയിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചു വരുന്നു. അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം കോർപ്പറേഷൻ ആഫീസിൽ നടന്ന ചടങ്ങിൽ തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി ഡോ.കെ.ടി. ജലീൽ നിർവഹിച്ചു.

സാന്ത്വന സ്പർശവുമായി.....
ജനന-മരണ-വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം കോർപ്പറേഷൻ ആഫീസിൽ നിർവ്വഹിക്കാനെത്തിയ തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ അപേക്ഷകയോട് വിവരങ്ങൾ ചോദിച്ചറിയുന്നു.

ചെയ്യുന്നതുവരെയുള്ള പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് തൊഴിലാളികൾ മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ചു. ലക്ഷ്മി തരു, വേപ്പ്, ഇലഞ്ഞി, ഉങ്ങ്, കൊടമ്പുളി, കുമിഴ്, സീത, നെല്ലി തുടങ്ങി 19 ഇനങ്ങളിലുള്ള തൈകൾ ആയിരുന്നു മുളപ്പിച്ചത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, യുവജനസംഘടനകൾ, ക്ലബ്ബുകൾ, സ്കൂളുകൾ, റസിഡന്റ്സ് അസോസിയേഷൻ എന്നിവ മുഖേനയാണ് തൈകൾ വിതരണം ചെയ്തത്.

ബയോബിൻ വിതരണം

തെരഞ്ഞെടുക്കപ്പെട്ട റസിഡന്റ്സ് അസോസിയേഷനുകളുമായി സഹകരിച്ച് ഉറവിടമാലിന്യസംസ്കരണത്തിന് പൈലറ്റ് പ്രൊജക്ടായി ബയോബിൻ വിതരണം ചെയ്തു. സുഷിരങ്ങളുള്ള ബക്കറ്റിൽ സജ്ജീകരിച്ച കവറിലേക്ക് മാലിന്യം വെള്ളം പൂർണ്ണമായി ഒഴിവാക്കി നിക്ഷേപിക്കുകയും അതിന്റെ മുകളിൽ ചകിരിച്ചോർമിശ്രിതം വിതറുകയും ചെയ്യുന്ന രീതിയാണ് ഇത്. അടുക്കളയിൽതന്നെ സൂക്ഷിച്ചാലും കുഴപ്പമില്ലാത്ത മാർഗമായതുകൊണ്ടാണ് ഇത് വളരെ സ്വീകാര്യമായത്. ഉപയോഗരീതി കൃത്യമായി പാലിച്ചാൽ ദുർഗന്ധമോ പുഴുക്കളോ ഉണ്ടാകുന്നില്ല എന്നതാണ് പ്രത്യേകത. ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ എല്ലാ വീടുകളിലും മാലിന്യസംസ്കരണം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള യജ്ഞമാരംഭിച്ചു.

സംയോജന സാധ്യതകളുടെ വിജയം

ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലാപരിമിതികൾ വേവലാതികളായി കാണുന്നതിനുപകരം സംയോജനസാധ്യതകൾ ഉപയോഗപ്പെടുത്തിയാൽ വിജയകരമായി മുന്നേറാനാകുമെന്ന് പ്രവർത്തനാനുഭവങ്ങളിൽ നിന്ന് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് തിരിച്ചറിയുകയാണ്. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ പ്രസ്ഥാനം, കൃഷി വകുപ്പ്, വനം വകുപ്പ് എന്നിവയുടെ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് നിരവധിപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.ഗ്രാമപഞ്ചായത്തുകൾ തമ്മിലുള്ള സംയുക്തപദ്ധതികളും സുന്ദരം സുസ്ഥിരം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് സഹായകമാണ്

ലേഖകൻ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റാണ്

നേട്ടങ്ങളുടെ ഒരാണ്ട്: ഗ്രാമവികസനവകുപ്പ് ജനങ്ങൾക്കൊപ്പം

വി.എസ്.സന്തോഷ് കുമാർ

സംസ്ഥാന ഗ്രാമവികസന വകുപ്പ് അഭിമാനാർഹമായ നേട്ടങ്ങളുടെ ഒരു വർഷം കൂടി പിന്നിട്ടിരിക്കുന്നു. 1,74,000 ഗാർഹിക കക്കൂസുകൾ നിർമ്മിച്ച് സംസ്ഥാനത്തെ ഗ്രാമങ്ങളെ വെളിയിട വിസർജന ശീലത്തിൽ നിന്ന് മോചിപ്പിച്ചത് രാജ്യം മുഴുവൻ ശ്രദ്ധിച്ച നേട്ടമായി. ഈ പദവി കൈവരിച്ച ഇന്ത്യയിലെ ആദ്യത്തെ വലിയ സംസ്ഥാനമാണ് കേരളം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 685 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് ചെലവഴിച്ച തുകയിൽ റെക്കോർഡിട്ടു. ലക്ഷ്യമിട്ടതിന്റെ 113 ശതമാനമാണ് നേട്ടം. പ്രധാൻമന്ത്രി (ഗ്രാമീൺ) ആവാസ് യോജനയിൽ 32,589 വീടുകൾ അനുവദിച്ചു. ഇന്ദിര ആവാസ് യോജനയിലാകട്ടെ മുൻവർഷങ്ങളിൽ അനുവദിച്ച 53000ത്തോളം വീടുകൾ പൂർത്തീകരിച്ചു. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും പ്രത്യേക കർമ്മപദ്ധതികൾ ആവിഷ്കരിച്ച് കരുതലോടെ നടത്തിയ മുൻകൈ പ്രവർത്തനങ്ങളാണ് ഇത് സാധ്യമാക്കിയത്. പ്രധാനമന്ത്രി ഗ്രാമ സഡക് യോജനയിൽ 1309 റോഡുകളുടെ പ്രവൃത്തികൾ ഏറ്റെടുത്തു. പോയവർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ ഒന്നാമതെത്തിയത് ഗ്രാമവികസന വകുപ്പിന്റെ കാര്യക്ഷമതയുടെയും പ്രവർത്തനമികവിന്റെയും വിജയമായി. മണ്ണ്-ജല സംരക്ഷണത്തിനുള്ള ബ്ലോക്കുതല കർമ്മപദ്ധതികളുടെ വിജയകഥകൾ മാധ്യമങ്ങളിൽ പതിവുവാർത്തകളാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഏർപ്പെടുത്തിയ ജിയോടാഗിംഗ് സംവിധാനം സമയബന്ധിതമായി നടപ്പിലാക്കിയതിലൂടെ എം.ജി എൻആർഇജിഎസ്, പ്രധാനമന്ത്രി (ഗ്രാമീൺ) ആവാസ് യോജന മുതലായ കേന്ദ്ര പദ്ധതികളുടെ നിർവഹണത്തിൽ എന്നത്തേതിലും കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താൻ വകുപ്പിനു കഴിഞ്ഞിട്ടുണ്ട്. സ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയത് ബാഹ്യസമ്മർദ്ദങ്ങൾക്കു വഴങ്ങി ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്ന രീതി ഇല്ലാതാക്കി. വി ഇ ഒ, ബിഡിഒ എന്നീ തസ്തികകളിൽ സമീപ വർഷങ്ങളിലൊന്നും ഇത്രയധികം നിയമനങ്ങൾ നടന്നിട്ടില്ല. 638 വി ഇ ഒ മാരും 27 ബി ഡി ഒ മാരുമാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നിയമനം നേടിയത്. നവകേരള മിഷനുകളുടെ ബ്ലോക്കുതല ഏകോപനത്തിൽ നേതൃത്വപരമായ പങ്കുവഹിക്കുവാൻ ബ്ലോക്ക് പഞ്ചായത്തുകൾ സജ്ജമായി. മികവിന്റെ ഒരു വർഷം പൂർത്തിയാകുമ്പോൾ സംസ്ഥാന ഗ്രാമവികസന വകുപ്പ് കൂടുതൽ മികച്ച നേട്ടങ്ങളിലേക്കുള്ള കുതിപ്പിന് ഒരുങ്ങിക്കഴിഞ്ഞു.

ലേഖകൻ ഗ്രാമവികസന വകുപ്പിൽ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണറാണ്.

രജതരേഖകൾ

- ഗ്രാമങ്ങൾ വെളിയിട വിസർജ്ജന മുക്തമാകുന്ന ആദ്യത്തെ വലിയ സംസ്ഥാനമായി കേരളം.
- പ്രധാനമന്ത്രി ആവാസ് യോജനയിൽ 32,559 കുടുംബങ്ങൾക്ക് വീട് അനുവദിച്ചു.
- ഇന്ദിര ആവാസ് യോജന (സ്പിൽ -ഓവർ) വീടുകൾ പൂർത്തീകരിക്കാൻ എല്ലാ ബ്ലോക്കിലും കർമ്മ പദ്ധതി.
- മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ 14.57 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ നൽകി. 684.62 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു.
- പ്രധാനമന്ത്രി ഗ്രാമസഡക് യോജനയിൽ 1309 റോഡുകൾ നിർമ്മിച്ചു. ദൈർഘ്യം 3120 കി.മീ.
- തദ്ദേശസ്വയംഭരണ വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ ഒന്നാമത്.
- 638 വി.ഇ.ഒ മാരെയും 27 ബി.ഡി.ഒ മാരേയും നിയമിച്ചു.
- ജീവനക്കാർക്ക് ഭരണസുതാര്യതയുടെ സുരക്ഷിതത്വം. സ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങൾ നിലവിൽ.

കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ പൊതുസമ്മേളനത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച പഞ്ചായത്തുകൾക്കുള്ള അവാർഡ് മന്ത്രി ഡോ. തോമസ് ഐസക് വിതരണം ചെയ്യുന്നു. മന്ത്രി ഡോ. കെ.ടി. ജലീൽ, മുൻമന്ത്രി പാലൊളി മുഹമ്മദ്കുട്ടി, മുൻചീഫ് സെക്രട്ടറി എസ്. എം. വിജയാനന്ദ്, അസോസിയേഷൻ ഭാരവാഹികൾ എന്നിവർ സമീപം

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ 32–ാം പൊതുസമ്മേളനം

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ 32-ാം ജനറൽ ബോഡി മെയ് 30 ന് തിരുവനന്തപുരത്ത് പഞ്ചായത്ത്ഭവനിൽ വച്ച് നടന്നു. പ്രസിഡന്റ് അഡ്വ. കെ തുളസി ടീച്ചർ പതാക ഉയർത്തി. സംസ്ഥാന സെക്രട്ടറി കെ നാരായണൻ സ്വാഗതം ആശംസിച്ച ഉത്ഘാടന സമ്മേളനത്തിൽ പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. സഹകരണ-ദേവസ്വം -ടൂറിസം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ വിവിധ മിഷനുകളിൽക്കൂടിയും പൊതുവിലും സർക്കാർ ചെയ്യുന്നതും ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ പ്രവർത്തനങ്ങൾ വിവരിച്ചുകൊണ്ട് ഉത്ഘാടന കർമ്മം നിർവ്വഹിച്ചു. സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ.കെ.എൻ. ഹരിലാൽ ആസൂത്രണത്തിലും നിർവ്വഹണത്തിലും പഞ്ചായത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ആവേശം ഉണ്ടാക്കുന്ന തരത്തിലുള്ള ക്യാമ്പയിന്റെ പ്രസക്തി, ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ എന്നീ കാര്യങ്ങൾ സൂചിപ്പിച്ചു കില ഡയറക്ടർ ഡോ.ജോയ് ഇളമൺ അധികാരവികേന്ദ്രീകരണത്തിലും വികേന്ദ്രീകൃതാസൂത്രണത്തിലും അസോസിയേഷന് നിർണ്ണായക പങ്കാണ് വഹിക്കാനുള്ളത് എന്ന് ചൂണ്ടിക്കാണിച്ചു.ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാൻ ഡോ.സി.പി. വിനോദ് വിവിധ വകുപ്പുകളുടെ എകോപനത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചും അതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അഭിപ്രായം തുറന്ന് പറയുന്നതിന്റെ ആവശ്യകതയെക്കുറിച്ചും വിശദീകരിച്ചു. വൈസ് പ്രസിഡന്റ് അബ്ദുൾ ജബ്ബാർ ഉദ്ഘാടന സമ്മേളനത്തിന് കൃതജ്ഞത അർപ്പിച്ചു.

ജനറൽ സെക്രട്ടറി അഡ്വ.പി. വിശ്വംഭരപണിക്കർ കഴിഞ്ഞ ഒരു വർഷത്തെ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. അവതരണത്തെ തുടർന്ന് നടന്ന ചർച്ചയിൽ പൊതുവിഷയങ്ങൾ സംബന്ധിച്ച് ഉന്നയിച്ച കാര്യങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് തുടർനടപടികൾക്കായി കൈമാറി.

പ്രമേയങ്ങൾ

ജനറൽ ബോഡിയിൽ 4 പ്രമേയങ്ങൾ അവതരിപ്പിച്ചു. പ്രിവൻഷൻ ഓഫ് ക്രുവൽറ്റി റ്റു ദി അനിമൽ ആക്ട് 2017 അനുസരിച്ച് പശു, കാള, പോത്ത്, ഒട്ടകം തുടങ്ങിയ മൃഗങ്ങളെ കശാപ്പിന് വാങ്ങുവാനും വിൽക്കവാനും പാടില്ല എന്ന നിയമം കേരളത്തിന്റെ പൊതുമണ്ഡലത്തേയും സമ്പദ്വ്യവസ്ഥയേയും സാരമായി ബാധിക്കുന്നതിനാൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം

മികച്ച പ്രവർത്തനം കാഴ്ചവച്ച പഞ്ചായത്തുകൾക്ക് മന്ത്രി ഡോ.കെ.ടി. ജലീൽ പുരസ്കാരം നൽകുന്നു

സുമാവലി മോഹൻദാസ് പ്രമേയം അവതരിപ്പിച്ചു. തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ഇനിയും കൂലിയായി ലഭിക്കാനുള്ള 750 കോടി രൂപ അടിയന്തരമായി അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം റ്റി.വി. ലക്ഷ്മി അവതരിപ്പിച്ചു. 2008 ന് മുൻപ് നികത്തിയതോ പുതിയ ഡാറ്റാ ബാങ്കിൽ നിലം, നഞ്ച എന്ന് രേഖപ്പെടുത്തുകയോ ചെയ്ത ഭൂമിയിൽ വീട് നിർമ്മാണത്തിന് അംഗീകാരം നൽകുന്നതിന് കൃഷിവകുപ്പിന്റേയും റവന്യൂവകുപ്പിന്റേയും പഞ്ചായത്തിന്റേയും സംയുക്ത കമ്മിറ്റി പുനസ്ഥാപിക്കണം എന്ന പ്രമേയം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം യഹിയാഖാൻ അവതരിപ്പിച്ചു. വസ്തുനികുതിയും തൊഴിൽകരവും പരിഷ്കരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് വൈസ് പ്രസിഡന്റ് തോമസ് വക്കത്താനം പ്രമേയം അവതരിപ്പിച്ചു. ഇവ ജനറൽബോഡി അംഗീകരിച്ചു.

സ്വീകരണ പരിപാടി

പൊതുസമ്മേളനത്തിൽ കേരളത്തിന്റെ ചീഫ് സെക്രട്ടറിയായി വിരമിച്ച എസ്.എം വിജയാനന്ദിനും മുൻ കില ഡയറക്ടർ ഡോ. പി.പി ബാലനും സ്വീകരണം നൽകി. കേരളത്തിൽ അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃതാസൂത്രണവും യാഥാർത്ഥ്യമാക്കുന്നതിൽ നിർണ്ണായകപങ്ക് വഹിച്ച തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയായിരുന്ന പാലൊളി മുഹമ്മദ്കുട്ടിയുടെയും പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന വിജയാനന്ദിന്റേയും പ്രവർത്തനങ്ങൾ എടുത്തുപറഞ്ഞുകൊണ്ട് പരിപാടിയുടെ ഉദ്ഘാടനം ധനകാര്യ വകുപ്പ് മന്ത്രി ഡോ. തോമസ് ഐസക്ക് നിർവ്വഹിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അഴിമതി വിമുക്തമാകേണ്ടതിന്റെ അനിവാര്യത, അതിനായി എല്ലാ സ്ഥാപനത്തിലും പരാതി പെട്ടിവെയ്ക്കുന്നതിന്റെ ആവശ്യകത, ജനകീയ തലം വർദ്ധിപ്പിക്കുന്നതിന്റെ പ്രസക്തി, സമയബന്ധിതമായി ആസൂത്രണവും നിർവ്വഹണവും നടത്തേണ്ടതിന്റെ പ്രാധാന്യം, പാലൊളി മുഹമ്മദ് കുട്ടിയുടെയും വിജയാനന്ദിന്റേയും പ്രവർത്തനമികവ് എന്നിവ എടുത്തുപറഞ്ഞുകൊണ്ടാണ് മന്ത്രി ഡോ. കെ.ടി. ജലീൽ പ്രസംഗിച്ചത്. എസ്.എം വിജയാനന്ദിന്റെ പ്രവർത്തനങ്ങൾ അനുസ്മരിച്ചുകൊണ്ട് മുൻമന്ത്രി പാലൊളി മുഹമ്മദ് കുട്ടി സംസാരിച്ചു. മറുപടി പ്രസംഗത്തിൽ ഔദ്യോഗിക ജീവിതത്തിൽ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും ഇച്ഛാശക്തിയോടെ നിഷ്പക്ഷമായി പ്രവർത്തിച്ച ഭരണാധികാരിയായിരുന്നു പാലൊളി മുഹമ്മദ് കുട്ടി എന്ന് വിജയാനന്ദ് അഭിപ്രായപ്പെട്ടു.

വിവിധ മേഖലയിൽ മികച്ച പ്രകടനം കാഴ്ചവച്ച് അംഗീകാരം ലഭിച്ച പഞ്ചായത്തുകളെയും 2016-17ൽ 100% ഫണ്ട് വിനിയോഗിച്ച പഞ്ചായത്തുകളെയും ചടങ്ങിൽ മെമന്റവും സർട്ടിഫിക്കറ്റും നൽകി ആദരിച്ചു. ഡോ. പി പി ബാലൻ, മുൻ അസോസിയേഷൻ പ്രസിഡന്റുമാരായ പി റ്റി. മാത്യു, കെ. നാരായണൻ എന്നിവരും സംസാരിച്ചു.സെക്രട്ടറി നിയാസ് മുഹമ്മദ് നന്ദി അറിയിച്ചു.

തിരുത്ത്

പഞ്ചായത്ത് ഗൈഡ് 2017- ന്റെ 67-ാം പേജിൽ എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പേരും 75-ാം പേജിൽ കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പേരും തെറ്റായി രേഖപ്പെടുത്തിയതിൽ നിർവ്യാജം ഖേദിക്കുന്നു. ആരക്കുഴ പ്രസിഡന്റിന്റെ പേര് : വള്ളമറ്റം കുഞ്ഞ് ഫോൺ: 9447255038 നന്മണ്ട പ്രസിഡന്റിന്റെ പേര്: കുണ്ടൂർ ബിജു ഫോൺ: 9946935823

ഗുരുവായൂർ സത്യാഗ്രഹം വീണ്ടും വായിക്കുമ്പോൾ

ടി.വി. അബ്ദുറഹിമാൻ കുട്ടി

ഭാഗം -3

സർവ്വ ത്യാഗങ്ങളും സഹിച്ച് ലക്ഷ്യം നേടുന്നതിന് മരണം വരെ ഉപവാസം അനുഷ്ഠിക്കാൻ 1932 സെപ്റ്റംബർ 13ന് കേളപ്പജി തീരുമാനമെടുത്തു. തുടർന്ന് ആ മാസം 21-ാം തിയതി കേളപ്പൻ ക്ഷേത്രത്തിന് പുറത്ത് ഒന്നുകിൽ മരണം അല്ലെങ്കിൽ വിജയം എന്ന ലക്ഷ്യത്തോടെ സമരമാരംഭിച്ചു. സമരഭടന്മാർ പലരും ഉപവാസത്തിന് ഒരുങ്ങിയെങ്കിലും അദ്ദേഹം അനുവദിച്ചില്ല. സാമൂതിരി കോവിലകനടയിൽ കൃഷ്ണഭട്ട് എന്നൊരു സമരഭടനും സത്യാഗ്രഹം ആരംഭിച്ചു. ഈ അവസരത്തിൽ ഹരിജനസേവാസംഘം സെക്രട്ടറി സി.ശങ്കുണ്ണി നമ്പ്യാർ, കെ.എസ്. പണിക്കർ, വടക്കേക്കര ബാലൻനായർ, ടി. രാഘവൻ നായർ തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള ഒരു സംഘം ജാഥയായി പുറപ്പെട്ട് ക്ഷേത്രം അവർണർക്ക് തുറന്നു കൊടുക്കണമെന്നും കേളപ്പജിയുടെ ജീവൻ രക്ഷിക്കണമെന്നും സാമൂതിരിയെ നേരിൽ കണ്ട് നിവേദനം സമർപ്പിച്ചു. ക്ഷേത്രത്തിനകത്ത് ആയിരങ്ങൾ പങ്കെടുത്ത സവർണ്ണരുടെ യോഗത്തിൽ അവർണരുടെ ന്യായമായ ഈ അവകാശം അനുവദിക്കുന്നതിന് ശക്തമായ പ്രസംഗങ്ങളും പ്രമേയങ്ങളും പാസാക്കി. മട്ടന്നൂർ മധുസൂദനൻ തങ്ങളുടെ അദ്ധ്യക്ഷതയിൽ നൂറുകണക്കിന് സവർണ്ണർ സംഘടിച്ച് പിന്തുണ പ്രഖ്യാപിച്ചു.

നാനാഭാഗത്ത് നിന്നും സാമൂതിരിക്ക് സന്ദേശങ്ങൾ പ്രവഹിച്ചു. ഉപവാസം ഇന്ത്യയൊട്ടാകെ കോളിളക്കം സൃഷ്ടിച്ചു. വിവിധ പ്രദേശങ്ങളിൽ നിന്ന് വന്ന ജാഥകൾ സെപ്റ്റംബർ 29ന് ചാവക്കാട് ഹൈസ്കൂൾ ഗ്രൗണ്ടിൽ കേന്ദ്രീകരിച്ചു. പതിനായിരങ്ങൾ പങ്കെടുത്ത ഈ മഹാസമ്മേളനം പോരാട്ടത്തിന് ഊർജ്ജം പകർന്നു. ജാതിമതഭേദമന്യെ ജനസഞ്ചയം അനുദിനം ഗുരുവായൂരിലേക്ക് പ്രവഹിച്ചു. പ്രാദേശിക ദേശീയ നേതാക്കളുടെയും സംഗമഭൂമികയായി അവിടം മാറി. കേളപ്പന്റെ ആരോഗ്യം അനുദിനം ക്ഷയിച്ചുക്കൊണ്ടിരുന്നു.



ഹരിജനസേവാസംഘം സെക്രട്ടറി സി.ശങ്കുണ്ണി നമ്പ്യാർ, കെ.എസ്. പണിക്കർ, വടക്കേക്കര ബാലൻനായർ, ടി. രാഘവൻ നായർ തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള ഒരു സംഘം ജാഥയായി പുറപ്പെട്ട് ക്ഷേത്രം അവർണർക്ക് തുറന്നു കൊടുക്കണമെന്നും കേളപ്പജിയുടെ ജീവൻ രക്ഷിക്കണമെന്നും സാമൂതിരിയെ നേരിൽ കണ്ട് നിവേദനം സമർപ്പിച്ചു.

കെ. കേളപ്പൻ

എ.കെ.ജി

സമരം നിർത്തണമെന്ന് നേതാക്കൾ അദ്ദേഹത്തോട് അഭ്യർത്ഥിച്ചു. കേരളത്തിനകത്തും പുറത്തും വിവിധ ഭാഗങ്ങളിൽ ലക്ഷ്യം നിറവേറ്റുന്നതിനു വേണ്ടി പ്രകടനങ്ങളും പൊതുയോഗങ്ങളും നടന്നു. ഈ അവസരത്തിലാണ് ഉപവാസം അടിയന്തരമായി നിർത്തിവെയ്ക്കാൻ ആവശ്യപ്പെട്ട് മഹാത്മാഗാന്ധിയുടെ കമ്പി സന്ദേശം കേളപ്പന് ലഭിച്ചത്.

നിങ്ങൾ രണ്ട് അബദ്ധങ്ങൾ പ്രവർത്തിച്ചു. ഒന്ന് ഉപവാസം ആരംഭിക്കുന്നതിനുമുമ്പ് നിങ്ങൾ എന്നോടാലോചിക്കേണ്ടതായിരുന്നു. അതു നിങ്ങൾ ചെയ്തില്ല. രണ്ടാമത് ഉപവാസം അനുഷ്ഠിക്കാൻ പോകുന്ന എന്ന വിവരം ക്ഷേത്രഭാരവാഹികളെ മുൻകൂട്ടി അറിയിക്കേണ്ടത് നിങ്ങളുടെ കടമയായിരുന്നു. അതിനാൽ ഈ സന്ദേശം കിട്ടിയാൽ ഉടനെ നിങ്ങൾ ഉപവാസം അവസാനിപ്പിക്കണം. ഉപവാസം നിർത്തുമ്പോൾ മൂന്ന് മാസത്തിനുള്ളിൽ അധഃകൃത വിഭാഗത്തിന് ക്ഷേത്രം തുറന്നുകൊടുക്കണമെന്നും അത് ചെയ്തില്ലെങ്കിൽ എന്റെ അനുവാദത്തോടുകൂടി വീണ്ടും നിങ്ങൾ ഉപവാസം ആരംഭിക്കുമെന്നും ക്ഷേത്രഭാരവാഹികളെ അറിയിക്കണം. ഈ കാലത്തിനുള്ളിൽ ക്ഷേത്രം തുറന്നുകിട്ടുവാൻ സർവ്വശക്തികളും ഉപയോഗിച്ച് നാം പ്രവർത്തിക്കണം.

ഇതായിരുന്നു ഗാന്ധിജിയുടെ സന്ദേശത്തിന്റെ ചുരുക്കം. പ്രശ്നപരിഹാരത്തിന് നിയമതടസ്സങ്ങൾ സംഭവിക്കുകയാണെങ്കിൽ കാലാവധി നീട്ടാവുന്നതാണെന്ന് ഗാന്ധിജി പിന്നീട് അറിയിച്ചു. സാഹചര്യങ്ങളും സമ്മർദ്ദങ്ങളും ഹേതുവായി ഒക്ടോബർ 2ന് ഉപവാസം അനിശ്ചിതകാലത്തേക്ക് നിർത്തിവെച്ചു. ഉപവാസം താൽക്കാലികമായി നിർത്തിവെയ്ക്കുകയാണെന്നും ലക്ഷ്യം നിറവേറിയില്ലെങ്കിൽ വീണ്ടും ആരംഭിക്കുമെന്നും അദ്ദേഹം പ്രസ്താവിച്ചു.

തുടർന്ന് എ.കെ.ജിയുടെ നേതൃത്വത്തിൽ ഏതാനും അംഗങ്ങൾ അടങ്ങിയ ഒരു ജാഥ കേരളം മുഴുവൻ നടത്താൻ തീരുമാനിച്ചു. സത്യാഗ്രഹംകൊണ്ടും ഉപവാസം കൊണ്ടും രൂപപ്പെട്ട സാമുദായിക ഐക്യവും ക്ഷേത്രപ്രവേശന അനുകൂലസാഹചര്യവും ക്രോഡീകരിക്കലായിരുന്നു ലക്ഷ്യം. കൊച്ചിരാജ്യത്തും തിരുവിതാംകൂറിലും മലബാറിലും ഗംഭീര വരവേൽപ്പാണ് ജാഥയ്ക്ക് ലഭിച്ചത്. സുബ്രഹ്മണ്യൻ തിരുമുമ്പ്, എൻ.പി. ദാമോദരൻ, മന്നത്ത് പത്മനാഭൻ തുടങ്ങിയവരുടെ പ്രസംഗങ്ങൾ ജനങ്ങളെ ആവേശം കൊള്ളിച്ചു. ജാഥ അടൂരിലെത്തിയപ്പോൾ ഒരു ക്ഷേത്രത്തിന്റെ ഊരാളനായ ശങ്കരമേനോൻ തന്റെ ക്ഷേത്രം തുറന്നുകൊടുക്കാൻ ഒരുങ്ങിയെങ്കിലും ഭരണകൂടം അനുവദിച്ചില്ല.

തിരുവിതാംകൂറിൽ മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ എൻ.എസ്.എസും എസ്.എൻ.ഡി.പി.യും സഹകരിച്ച് പ്രവർത്തിച്ചതിനാൽ പര്യടനം ഗംഭീരവിജയമായി തീർന്നു. തിരുവനന്തപുരത്ത് ബോധേശ്വരന്റെ നേതൃത്വത്തിൽ നിയമ വിദ്യാർത്ഥികൾ ഉൾപ്പെടെ നാലായിരത്തോളം വരുന്ന ജനസഞ്ചയമാണ് ജാഥയെ സ്വീകരിച്ചത്. വൈകുന്നേരം ചേർന്ന പൊതുയോഗത്തിൽ ജനമഹാസമുദ്രം തന്നെ ഉണ്ടായി. തിരുവിതാംകൂറിൽ പര്യടനം അവസാനിച്ച ജാഥ മഞ്ചേരി വഴി മലബാറിന്റെ വടക്ക് കാഞ്ഞങ്ങാട് സമാപിച്ചു. ഐക്യദാർഢ്യം പ്രകടിപ്പിച്ച് പലയിടത്തും സവർണ്ണർ സംഗമിച്ചു. നാനാജാതിക്കാർ വരവേൽപ്പിന് പരസ്പരം മത്സരിച്ചു.

സവർണ്ണർ കൂടുതലുള്ള പ്രദേശങ്ങളായ വന്നേരി നാട്ടിലെ പുന്നയൂർക്കുളത്തും വൈലത്തൂരിലും നടന്ന സമ്മേളനങ്ങളിൽ യഥാക്രമം കസ്തൂർബാഗാന്ധിയും മന്നത്ത് പത്മനാഭനും പ്രസംഗിച്ചു. വൈലത്തൂരിലേത് ജനകീയപങ്കാളിത്തം കൊണ്ടും സംഘാടകമികവു കൊണ്ടും വിജയിച്ചതിനാൽ ഈ സമ്മേളനം വൈലത്തൂർ മഹാസമ്മേളനം എന്ന് ഖ്യാതിനേടി. വി.ടി.ഭട്ടതിരിപ്പാട്, എം.ആർ.ബി, പ്രേംജി തുടങ്ങിയവരുടെ നേതൃത്വത്തിൽ കണ്ണന്നൂർ മനയ്ക്കലും നമ്പൂതിരിമാരുടെ ഒരു കൂട്ടായ്മ ചേർന്നു.

(തുടരും)

തുടർന്ന് എ.കെ.ജിയുടെ നേതൃത്വത്തിൽ ഏതാനും അംഗങ്ങൾ അടങ്ങിയ ഒരു ജാഥ കേരളം മുഴുവൻ നടത്താൻ തീരുമാനിച്ചു. സത്യാഗ്രഹംകൊണ്ടും ഉപവാസം കൊണ്ടും രൂപപ്പെട്ട സാമുദായിക ഐക്യവും ക്ഷേത്രപ്രവേശന അനുകൂലസാഹചര്യവും ക്രോഡീകരിക്കലായിരുന്നു ലക്ഷ്യം. കൊച്ചിരാജ്യത്തും തിരുവിതാംകൂറിലും മലബാറിലും ഗംഭീരവരവേൽപ്പാണ് ജാഥയ്ക്ക് ലഭിച്ചത്.



കയ്ച്ചിട്ട് ഇറക്കാനും വയ്യ; മധുരിച്ചിട്ട് തുപ്പാനും വയ്യ

ഡോ. വട്ടവിള വിജയകുമാർ

കയ്ച്ചിട്ട് ഇറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനും വയ്യ. നാട്ടുമൊഴിയാണെങ്കിലും ഇതി നൊരു ശാസ്ത്രവശമുണ്ട്. ഉപ്പ്, പുളി, കയ്പ്, മധുരം എന്നിങ്ങനെ നാലുതരം രുചി നമുക്ക് പരിചിതമാണല്ലോ. രുചിയറിയാനുള്ള സംവേദനകോശങ്ങൾ അതായത് രുചിമുകുളങ്ങൾ വിന്യസിച്ചിരിക്കുന്നത് നാവിലാണ്. തൊണ്ടയിലും ചെറിയ അളവിൽ പ്രസ്തുത കോശങ്ങളുണ്ട്. നാലുതരം രുചിമുകുളങ്ങളെയും തുല്യാതുല്യമല്ല നാവിൽ വിന്യസിച്ചിട്ടുള്ളത്. ഉപ്പും പുളിയും അറിയാനുള്ളവ കൂടുതലും കാണുന്നത് വശങ്ങളിലാണ്. മധുരമറിയാനുള്ളത് നാവിന്റെ തുമ്പത്തും കയ്പറിയാനുള്ളത് നാവിന്റെ പിൻഭാഗത്തും അതായത് തൊണ്ടയ്ക്ക് സമീപവും. രുചിമുകുളങ്ങളുടെ ഇത്തരത്തിലുള്ള വിന്യാസമാകാം മധുരിച്ചിട്ട് തുപ്പാനും വയ്യ കയ്ച്ചിട്ട് ഇറക്കാനും വയ്യ എന്നു പറയുന്നത്. എന്നുവച്ചാൽ മധുരം മാത്രമേ നാവിൻ തുമ്പ് രുചിക്കുന്നുള്ളൂ എന്നർത്ഥമില്ല. മധുരമറിയാനുള്ള രുചിമുകുളങ്ങൾ കൂടുതലുണ്ടെന്നേയുള്ളൂ. അതുപോലെയാണ് കയ്പിന്റെ. കാര്യത്തിലും.

രുചിയെ അടിസ്ഥാനമാക്കിയാണല്ലോ നാം ഭക്ഷണത്തെ ഇഷ്ടപ്പെടുന്നതും വെറുക്കുന്നതും. ഉപ്പും പുളിയും എരിവും ചേരുംപടി ചേരുമ്പോഴാണ് ഭക്ഷണത്തിന് സ്വാദുണ്ടാകുന്നത്. എന്നാൽ എരിവ് ഒരു രുചിയല്ല. അത് രുചിമുകുളങ്ങൾക്ക് ഏൽക്കുന്ന നീറ്റലാണ്. മുളകിലടങ്ങിയിരിക്കുന്ന ക്യാപ്സസിൻ എന്ന രാസവസ്തുവാണ് എരിവിന് കാരണം. ചവച്ചരയ്ക്കുന്ന ഭക്ഷണം ഉമിനീരുമായി കലർന്ന് നാവിന്റെ ഉപരിതലത്തിലുള്ള ചെറുസുഷിരങ്ങളിലൂടെ രുചിമുകുളങ്ങളിലെ സംവേദനകോശങ്ങളുമായി സന്ധിക്കുമ്പോഴാണ് രുചിയറിയുന്നത്. അതായത് ലായനിരൂപത്തിലുള്ള സ്വാദേ അറിയാനൊക്കൂ. ഉമിനീരാണ് അതിനുള്ള മാധ്യമം.

നാലു രുചികളാണ് നമുക്ക് പരിചിതമെന്ന് നേരത്തെ പറഞ്ഞല്ലോ. എന്നാൽ അഞ്ചാമതൊരുവന്റെ വരവോടെ ആരോഗ്യരംഗം അല്പം ആശങ്കയിലായി എന്നുവേണം കരുതാൻ.

അജിനോമോട്ടോ എന്ന വാണിജ്യനാമമുള്ള മോണോസോഡിയം ഗ്ലൂട്ടാമേറ്റാണ് അഞ്ചാമനായ വില്ലൻ. രുചിയുള്ള വിഷമെന്ന് ചിലർ പേടിപ്പെടുത്തുന്ന ഒരു രാസവസ്തു.

> ഒരുതരം കടൽ സസ്യമുപയോഗിച്ച് ഭാര്യ തയ്യാറാക്കിയ സൂപ്പിന്റെ പുതിയൊരു രുചിതേടി പോയതിന്റെ ബാക്കിപത്രമാണ് ആബാലവൃദ്ധം ജനങ്ങളിലും കപ്പലോടിക്കാൻ പാകത്തിന് വായിൽ ഉമിനീര് നിറയ്ക്കുന്ന മോണോസോഡിയം ഗ്ലൂട്ടാമേറ്റിന്റെ കണ്ടുപിടുത്തം. മാംസച്ചുവ നൽകുന്ന ഈ അഞ്ചാം രുചിയെ അദ്ദേഹം വിളിച്ചത് സ്വയമ്പൻ രുചിയെന്നർത്ഥമുള്ള ഉമാമി എന്നാണ്.

അജിനോമോട്ടോ എന്ന വാണിജ്യനാമമുള്ള മോണോസോഡിയം ഗ്ലൂട്ടാമേറ്റാണ് അഞ്ചാമനായ വില്ലൻ. രുചിയുള്ള വിഷമെന്ന് ചിലർ പേടിപ്പെടുത്തുന്ന ഒരു രാസവസ്തു. ഫാസ്റ്റ്ഫുഡ് റെസ്റ്റോറന്റുകളിലും വൻകിട ഹോട്ടലുകളിലും തയ്യാറാക്കുന്ന ഭക്ഷണങ്ങൾക്ക് സ്വാദ് കൂടാനുള്ള കാരണം ഈ രാസവസ്തുവെന്നാണ് പരക്കെയുള്ള വിശ്വാസം.

എന്താണ് അജിനോമോട്ടോ? ജപ്പാൻ ആസ്ഥാനമായുള്ള ഒരു ബഹുരാഷ്ട്ര കമ്പനിയുടെ പേരാണ് അജിനോമോട്ടോ. ആ കമ്പനി വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന രാസപദാർത്ഥമാണ് മോണോസോഡിയം ഗ്ലൂട്ടാമേറ്റ്. എന്നാൽ അഞ്ചാം രുചിക്കാരനായ ഇതിനെ പരക്കെ അറിയപ്പെടുന്നത് അജിനോമോട്ടോ എന്നാണ്. മണ്ണുമാന്തി യന്ത്രം ആര് നിർമ്മിച്ചാലും എവിടെ കണ്ടാലും നാമതിനെ വിളിക്കുന്നത് ജെസിബി. യെന്നാണല്ലോ. ജോസഫ് സിറിൽ ബാംഫോർഡ് എന്ന ബ്രിട്ടീഷ് എൻജിനീയറാണ് ആ യന്ത്രത്തിന്റെ ഉപജ്ഞാതാവ്. അദ്ദേഹത്തിന്റെ പേരിന്റെ ചുരുക്കെഴുത്താണ് ജെസിബി. മണ്ണുമാന്തി യന്ത്രത്തെ ജെസിബി എന്ന് അറിയുമ്പോലെയാണ് മോണോസോഡിയം ഗ്ലൂട്ടാമേറ്റ് എന്ന ഉല്പന്നം അജിനോമോട്ടോ എന്ന കമ്പനിയുടെ പേരിൽ പ്രസിദ്ധമായത്. മോണോസോഡിയം ഗ്ലൂട്ടാമേറ്റ് എന്നത് ഗ്ലൂട്ടാമിക് ആസിഡിന്റെ സോഡിയം (കറിയുപ്പിലുള്ളത്) ലവണമാണ്. ഗ്ലൂട്ടാമിക് ആസിഡ് ആകട്ടെ ശരീരം ആവശ്യത്തിന് അനുസരിച്ച് നിർമ്മിക്കുന്നതും പുറമെ നിന്ന് അതായത് ഭക്ഷണത്തിലൂടെ ലഭിക്കേണ്ടതല്ലാത്ത ഒരു രാസപദാർത്ഥവും.

1907 ൽ ജപ്പാൻ ഗവേഷകനായ കികുനെ ഇകേഡായാണ് പ്രസ്തുത രാസപദാർത്ഥത്തെ ആദ്യമായി വേർതിരിച്ചെടുത്തത്. ഒരുതരം കടൽ സസ്യമുപയോഗിച്ച് ഭാര്യ തയ്യാറാക്കിയ സൂപ്പിന്റെ പുതിയൊരു രുചിതേടി പോയതിന്റെ ബാക്കിപത്രമാണ് ആബാലവൃദ്ധം ജനങ്ങളിലും കപ്പലോടിക്കാൻ പാകത്തിന് വായിൽ ഉമിനീര് നിറയ്ക്കുന്ന മോണോസോഡിയം ഗ്ലൂട്ടാമേറ്റിന്റെ കണ്ടുപിടിത്തം. മാംസച്ചുവ നൽകുന്ന ഈ അഞ്ചാം രുചിയെ അദ്ദേഹം വിളിച്ചത് സ്വയമ്പൻ രുചിയെന്നർത്ഥമുള്ള ഉമാമി എന്നാണ്. ഇറച്ചിയിലും മുട്ടയിലും മുലപ്പാലിലും ധാരാളമുള്ള ഗ്ലൂട്ടാമേറ്റാണ് അവയ്ക്ക് മാംസച്ചുവ നൽകുന്നത്. ഈ മാംസച്ചുവയാണ് ഭക്ഷണത്തിന് രുചി കൂട്ടുന്നത്.

അജിനോമോട്ടോയെക്കുറിച്ച് ധാരാളം തെറ്റായ വാർത്തകൾ പ്രചരിക്കുന്നുണ്ട്. ഏത് ഭക്ഷണത്തിൽ ചേർത്താലും രുചികൂടുമെന്നാണ് പൊതുവെയുള്ള വിശ്വാസം. പുറമെ നിന്ന് വാങ്ങുന്ന ഭക്ഷണം നല്ലരുചിയുള്ളതാണെങ്കിൽ അജിനോമോട്ടോ ചേർന്നിട്ടില്ലെങ്കിലും ചേർത്തിട്ടുണ്ടെന്ന് കണ്ണടച്ച് പറയുന്നവരും കുറവല്ല. മാംസച്ചുവയുള്ള ഒരു രാസവസ്തുവാണ് അജിനോമോട്ടോയെന്നു നേരത്തെ സൂചിപ്പിച്ചല്ലോ. അതായത് മാംസാഹാരത്തിൽ മാത്രമേ ചേർക്കുകയുള്ളൂ. ആവശ്യത്തിന് ചേർത്താൽ രുചി കൂടുമെന്നതിൽ തർക്കമില്ല. ആവശ്യത്തിലധികമായാലോ കഴിക്കാനും പറ്റുകയില്ല. ഉപ്പും എരിവും കൂടിയ ഭക്ഷണത്തെ നാം തിരസ്കരിക്കുമ്പോലെ.

വീട്ടിൽ വയ്ക്കുന്ന ചിക്കൻ കറിക്ക് ഇല്ലാത്ത മണവും നിറവും രുചിയും ഫാസ്റ്റ്ഫുഡ് റെസ്റ്റോറന്റിൽ നിന്ന് വാങ്ങുന്നതിനുണ്ടെന്ന് പറയുമ്പോൾ അതിന്റെ പിന്നിൽ അജിനോമോട്ടോയായിരിക്കുമെന്ന് ജനം വിശ്വസിക്കുന്നു. എന്നാൽ രുചിയുണ്ടായിരിക്കാം. പക്ഷെ മണത്തിനും നിറത്തിനും കാരണം അജിനോമോട്ടോയെന്ന് പറയാനൊക്കില്ല. കാരണം നിറവും മണവുമില്ലാത്ത രാസവസ്തുവാണ് അജിനോമോട്ടോ.

അജിനോമോട്ടോ ചേർത്ത ഭക്ഷണത്തിനോട് എന്താണിത്ര കൊതി? നമുക്കതിനെ ശാസ്ത്രീയമായി വിശകലനം ചെയ്യാം. ചവച്ചരച്ച ഉമിനീരുമായി കലർന്ന ഭക്ഷണം രുചിമുകുളങ്ങളിലെത്തി കോശങ്ങളെ ഉദ്ദീപിപ്പിക്കുന്നു. ആ ഉദ്ദീപനം ഞരമ്പിലൂടെ തലച്ചോറിലെത്തി രുചിയുടെ സന്ദേശം നൽകും. അപ്പൊ തലച്ചോർ പറയും കൊള്ളാം. ഗംഭീരം. കഴിച്ചോളൂ കഴിച്ചോളൂ ആവശ്യംപോലെ കഴിച്ചോളൂന്ന്. അജിനോമോട്ടോ ചേർന്ന ഭക്ഷണം കഴിക്കുമ്പോൾ തലച്ചോറിലെ ഗ്ലൂട്ടാമേറ്റ് സ്വീകർത്താക്കളെ (receptor) ഉദ്ദീപിപ്പിക്കുന്നതുകൊണ്ടാണ് വിശപ്പില്ലെങ്കിലും ഭക്ഷണത്തിനോടുള്ള താല്പര്യം കൂടുന്നത്.

അജിനോമോട്ടോ ചേർന്ന ഭക്ഷണം കഴിച്ചാൽ പലതരത്തിലുള്ള ശാരീരികാസ്വാസ്ഥ്യങ്ങൾ ഉണ്ടാവുമെന്ന് പറയുന്നുണ്ടെങ്കിലും തെളിവുകൾ കമ്മിയായതിനാൽ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഏതുതരം ഭക്ഷണം തയ്യാറാക്കുമ്പോഴും അതിലെ ചേരുവകൾക്ക് കൃത്യതയുണ്ടാവുമല്ലോ. ചേരുവകളിൽ ഏതിന്റെയെങ്കിലും അളവ് കൂടിയാൽ ഭക്ഷണത്തിന്റെ രുചി നഷ്ടപ്പെടും. അധികമായാൽ അജിനോമോട്ടോ മാത്രമല്ല അമൃതും വിഷം തന്നെ. ഇതൊക്കെ പറയുമ്പോൾ അജിനോമോട്ടോ ചേർന്ന ഭക്ഷണത്തെ പ്രോത്സാഹിപ്പിക്കുകയാണെന്ന് ധരിക്കരുത്. കണ്ണിൽ കണ്ടതിന്റെയും ചെവിയിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ ചില സത്യങ്ങൾ പറഞ്ഞെന്നു മാത്രം.

പംക്തികാരൻ തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജിലെ സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്. ഫോൺ 9447342497 Email- vattavilavijayakumar@ gmail.com)

വായിച്ചിരിക്കേണ്ട പുസ്തകം

അപമാനവീകരണത്തിന്റെ ദുരന്തസ്ഥലികൾ

ഡി. യേശുദാസ്

മരുഭൂമിയിലെ മഴയ്ക്കുശേഷം വരണ്ടമണ്ണിനു മേലെ പൊന്തിവന്ന പച്ചവിരിപ്പുകളിൽ ഒരു കുഞ്ഞുചെടി നജീബിനോട് പറഞ്ഞു : "നജീബേ, മരുഭൂമിയുടെ ദത്തുപുത്രാ... ഞങ്ങളെപ്പോലെ നീയും നിന്റെ ജീവനെ അടക്കിപ്പിടിച്ച് ഈ മരുഭൂമിയോട് മല്ലിടുക. തീക്കാറ്റും വെയിൽ നാളവും നിന്നെ കടന്നുപോകും.നീ അവയ്ക്കു മുന്നിൽ കീഴടങ്ങരുത്. അതു നിന്റെ ജീവനെ ചോദിക്കും. വിട്ടുകൊടുക്കരുത്."

മലയാളികളുടെ സമ്പന്നജീവിതത്തിനു പിന്നിൽ പ്രവാസജീവിതത്തിന്റെ ഒരു ചരിത്രമുണ്ട്. ആ ചരിത്രത്തിൽ ആലേഖനം ചെയ്യപ്പെടാത്ത ദുരിതജീവിതത്തിന്റെ വൈകാരിക രേഖയാണ് ബെന്യാമിന്റെ ആടുജീവിതം എന്ന മലയാളനോവൽ. നാം അനുഭവിക്കാത്തതും നമുക്കു മനസ്സിലാവാത്തതുമായവയെല്ലാം കെട്ടുകഥകളായി വിലയിരുത്തിയേക്കാം.എന്നാൽ ആ കെട്ടുകഥകളെക്കാളും വിചിത്രമായിത്തീരുന്ന മണലാരണ്യത്തിലെ ഏകാന്തജീവിതത്തിന്റെ ഹൃദയസ്പൃക്കായ കഥയാണ് ആടുജീവിതം.നൂറിലധികം പതിപ്പിലെത്തിയ ഈ നോവൽ മലയാളിയുടെ വായനാജീവിതത്തെ പിടിച്ചുലച്ച പുസ്തകമാണെന്നു പറഞ്ഞാൽ തെല്ലും അതിശയോക്തിയില്ല .

ആത്മകഥനത്തിന്റെ ആഖ്യാനസമ്പ്രദായം സ്വീകരിച്ചിരിക്കുന്ന ഈ നോവൽ നജീബിന്റെ ഓർമ്മകളിലൂടെയാണ് വികസിക്കുന്നത്. നജീബ് നാട്ടിൽ നിന്ന് മുംബൈ വഴി പാരശ്ശാലക്കാരൻ നിഷ്കളങ്കകൗമാരം മാറാത്ത ഹക്കീമിനൊപ്പം റിയാദിലെത്തുന്നു. ഗൾഫ് ജീവിതത്തെക്കുറിച്ചുള്ള മധുരോദാരമായ സ്വപ്നങ്ങളെല്ലാം അവിടെ തകർന്നു തുടങ്ങി . ഏറെ നേരത്തെ കാത്തിരിപ്പിനൊടുവിൽ ഒരു അർബാബ് വന്ന് അവരെ കൂട്ടിക്കൊണ്ട് പോയത് മരുഭൂമിയിലെ ആടുവളർത്തൽ കേന്ദ്രത്തിലേക്കായിരുന്നു. അന്നാരംഭിച്ച വിശപ്പും ദാഹവും നോവലിലാകമാനം നീറിപ്പിടിച്ചിരിക്കുന്നു.

അർബാബ് ഹക്കീമിനെയും നജീബിനെയും രണ്ടിടത്തേക്കാണ് നിയോഗിച്ചത്. നജീബ് നിയോഗിക്കപ്പെട്ട മരുഭൂമിയിലെ ആടുവളർത്തൽകേന്ദ്രത്തിൽ ഒരു ഭീകരരൂപിയുണ്ടായിരുന്നു. കാലങ്ങളായി കുളിക്കാത്തവൻ, നനയ്ക്കാത്തവൻ, താടി വളർന്ന് അഴുക്കടിഞ്ഞ് അറപ്പുളവാക്കുന്നവൻ...അവനെ കണ്ടുവേണമായിരുന്നു ആടുവളർത്തലിന്റെ രീതികൾ പഠിക്കാൻ...അറ്റമറിയാത്ത മരുഭൂമി. ഒന്നും വളരാത്ത പരുക്കൻ തറ. പിറ്റേന്ന് അർബാബ് നജീബിനെ വിളിച്ച് രണ്ട് കാര്യങ്ങൾ കാട്ടിക്കൊടുത്തു. ഒന്നൊരു തോക്ക്. ആകാശത്തിൽ പറന്ന ഒരു പക്ഷിയെ അർബാബ് വെടിവെച്ചിട്ടു കാണിച്ചുകൊടുത്തു. രണ്ടാമത്തെ സാധനം ഒരു ബൈനോക്കുലർ. കിലോമീറ്ററുകൾ ദൂരെയുള്ള ചെറുവസ്തുക്കൾപോലും അതിലൂടെ നന്നായിക്കാണാമായിരുന്നു. രക്ഷപ്പെടൽ അസാധ്യം എന്ന് അതു വ്യക്തമാക്കി. ഏതു ഭാഷയെന്നറിയില്ല. ഏതു ദിക്കാണെന്ന് നിശ്ചയമില്ല. തിന്നാൻ വെള്ളത്തിൽ മുക്കിക്കഴിക്കേണ്ട ഖുബ്ബൂസ് എന്ന ഭക്ഷണം.കുളിയില്ല, നനയില്ല. വിസർജ്ജിച്ചാൽ കഴുകാൻ പറ്റില്ല.

കടംതീർക്കണം, ഒരു വീടു വയ്ക്കണം. ഈ ഭൂമിയിലേക്ക് വരാൻ പോകുന്ന മകനെ/മകളെ നന്നായി വളർത്തണം. ഗൾഫ് എന്ന പണം കായ്ക്കുന്ന മണ്ണിൽ നിന്ന് തന്റെ നാട്ടിൽ ഒരു നല്ല കൊച്ചു ജീവിതം ഉണ്ടാക്കിയെടുക്കണം. തന്നെ

ജീവനു തുല്യം സ്നേഹിക്കുന്ന സൈനുവിനൊപ്പം സന്തോഷത്തോടെ ജീവിക്കണം.അങ്ങനെ എത്ര സ്വപ്നങ്ങളുമായി വന്നവൻ! അർബാബ് എന്ന പിശാചിന്റെ ചതിയിൽപ്പെട്ട്, ആട്ടും തുപ്പും ഘോരമർദ്ദനങ്ങളും ഏറ്റുവാങ്ങി, ദാഹം സഹിച്ച്, ഭക്ഷണമില്ലാതെ, കുളിയില്ലാതെ ഒരു നരകജീവിതം നയിക്കുന്നത് ശ്വാസം അടക്കിപ്പിടിച്ചല്ലാതെ വായിക്കാനാവില്ല.

ഏതാനും ദിവസം കഴിഞ്ഞപ്പോൾ ഭീകരരൂപി ആ ഭയങ്കരൻ മരുഭൂമിയിലൂടെ എങ്ങോ ഒളിച്ചോടിപ്പോയി.(അയാൾ രക്ഷപ്പെടാൻ നടത്തിയ ശ്രമത്തിനിടെ അർബാബിനാൽ കൊല്ലപ്പെടുകയായിരുന്നു) പിന്നെ ഒറ്റയ്ക്കായി ആട്ടമേയ്ക്കൽ. മിണ്ടാനും പറയാനും ആരുമില്ലാതെ... അവറ്റയെ നേരിട്ടും അവയോടൊപ്പം വസിച്ചും സഹജീവിയായി. അവറ്റയുടെ ചെറിയ വ്യത്യാസങ്ങൾ പോലും തിരിച്ചറിയാമെന്നായി. നാട്ടിലെ പേരുകൾ അവയ്ക്കിട്ടു. ആട്ടിൻകുട്ടി സ്വന്തം മകനായി. ആ ആട്ടിൻകുട്ടിയെ അർബാബ് ഷണ്ഡീകരിച്ചതോടെ നജീബിന്റെ സകല ജൈവവാസനകളും കെട്ടുപോയി. താൻ ഒരു മനുഷ്യനല്ലെന്നും കേവലം ഒരു ആടുമാത്രമാണെന്നും നജീബിനു തോന്നി. നാടും വീടും നാട്ടിലെ ജലസമൃദ്ധിയും എല്ലാം മറന്നേപോയ്. പ്രണയവതിയായ തന്റെ ഭാര്യ സൈനുവിനേയും മറന്നു പോയ്.

ആടുകളെ വളർത്തുന്ന ഇത്തരം സ്ഥലത്തിന് പേര് മസറ എന്നാണ്. അകലെയുള്ള മറ്റൊരു മസറയിലെ ഹക്കീമിനെ കാണാൻ കഴിഞ്ഞതോടെ മോചനത്തിനുള്ള വഴി തുറന്നുവന്നു. ഇബ്രാഹിം ഖാദരി എന്ന സോമാലിയക്കാരൻ സഹായിയായിത്തീർന്നു. പിന്നെ മരുഭൂമിയിലൂടെയുള്ള ദുരിതം നിറഞ്ഞ യാത്ര. മരുഭൂമിയിലെ പാമ്പുകൾ, മണൽകാറ്റ്,തൊണ്ട പൊട്ടുന്ന ദാഹം, ഹക്കീമിന്റെ മരണം, മരീചികയുടെ മായകൾ, മരുപ്പച്ചയുടെ ആഹ്ളാദം, ദിക്കറിയാതെയുള്ള അലച്ചിൽ, വഴി ഏതാണ്ട് കണ്ടെത്തുന്നതോടെ സംഭവിക്കുന്ന ഇബ്രാഹിം ഖാദരിയുടെ ദുരൂഹത നിറഞ്ഞ തിരോധാനം എന്നിങ്ങനെ സംഭവബഹുലമായ ഈ നോവൽ വിഭ്രമിപ്പിക്കുന്ന വായനാലോകമാണ് തുറന്നിട്ടിരിക്കുന്നത്. പിന്നെ ജയിലിൽ എത്തുന്നതും മോചനത്തിനായുള്ള കാത്തിരിപ്പിനിടെ അർബാബെത്തുന്നതും ഇവൻ എന്റെ വിസക്കാരനല്ലല്ലോ എന്നു പറഞ്ഞ് മടങ്ങുന്നതും നമ്മെ പിടിച്ചുലയ്ക്കാതിരിക്കുന്നതെങ്ങനെ? അപ്പോൾ താൻ ആരുടെ ജീവിതമാണ് മൂന്നു വർഷം, നാലു മാസം, ഒൻപതു ദിവസം ജീവിച്ചത് എന്ന അസഹനീയമായ ചോദ്യത്തിനു മുമ്പിൽ നാം അസ്തപ്രജ്ഞരായി തീരും.

സാഹചര്യങ്ങൾ മനുഷ്യനെ ഏതേതിടങ്ങളിലൂടെ ദാക്ഷിണ്യമില്ലാതെ വലിച്ചിഴയ്ക്കുന്നുവെന്നത് തീവ്രമായി അനുഭവിപ്പിക്കുന്ന നോവലാണ് ആടുജീവിതം. മനുഷ്യൻ നീക്കപോക്കില്ലാത്ത ചില നിയോഗങ്ങളിലൂടെയാണ് നിരന്തരം നയിക്കപ്പെടുന്നത് എന്ന് ഈ നോവൽ വിശ്വസിക്കുന്നു.

അർബാബിനാൽ കൊല്ലപ്പെടാതത്ത്, രക്ഷപ്പെടാനുള്ള അവസരം ഒരുങ്ങിയത്, ഇബ്രാഹിം ഖാദരിയുടെ വരവ്,മരിച്ചുപോകാമായിരുന്നിട്ടും മരുഭൂമി കടക്കാനായത് , അങ്ങനെ പലതും സംഭവിച്ചത് നജീബിന്റെ ജീവിതത്തിലെ നിയോഗമായിരുന്നതായി നോവൽ സാക്ഷ്യപ്പെടുത്തുന്നു.

എന്താണ് തൊഴിൽ, എന്താണ് മരുഭൂമി, എന്താണ് സാഹചര്യം, എന്താണ് മോചനം എന്താണ് വേതനം തുടങ്ങിയ ദൈനംദിന യാഥാർത്ഥ്യങ്ങളെ സുഖലോലുപതയുടെ സങ്കല്പങ്ങൾക്കകത്തുവച്ച് ഈ കൃതി വിശകലനം ചെയ്യുന്നു.ആത്മീയത ഈ നോവലിന്റെ അന്തർധാരയാണ്. സഹനമാണ് ഇവിടെ കവചം. പ്രതീക്ഷയാണതിന്റെ മൂല്യം. അതിജീവനമാണതിന്റെ ഫലം. നിരഹങ്കാരമാണതിന്റെ ആഴം. സഹജീവിസ്നേഹമാണതിന്റെ ഉയരം. ആത്മരതിയിൽ മുങ്ങിക്കഴിയുന്നവർക്ക് ഇത്, ആത്മബോധത്തിനുതകുന്ന ജ്ഞാനജലം.

ജീവിക്കുവാനുള്ള അടങ്ങാത്ത വാഞ്ഛയും മോചനത്തിനായുള്ള ഉൽക്കടദാഹവും ഈ നോവലിനെ ദുരന്തശോഭയുള്ളതാക്കിയിരിക്കുന്നു. ആത്മനിന്ദയുടെ ഒരടര് ഈ നോവലിൽ മനുഷ്യനായിരിക്കുക എന്നതിലെ വേദനയുടെ ആഴത്തെ വെളിവാക്കുന്നു. ഒറ്റപ്പെടൽ, ഏകാകിത, രതിവാഞ്ഛ, അടിമത്തം, നിസ്സഹായത, വിശപ്പ്, ആധിപത്യം തുടങ്ങി മനുഷ്യാസ്തിത്വവുമായി ബന്ധപ്പെട്ട നിരവധി ആധികൾ ആടുജീവിതം അവതരിപ്പിക്കുന്നു.

മൂന്നു വർഷം,നാലു മാസം, ഒൻപതു ദിവസം വാക്കുകൾക്കു പകർത്താനാവാത്ത ദുരിതജീവിതം ജീവിച്ചശേഷം ആദ്യമായി കണ്ണാടിനോക്കുന്ന നജീബിന് അത് മറ്റാരോ ആണെന്നും തന്റെ രൂപം തനിക്ക് വിശ്വസിക്കാനാവുന്നില്ലെന്നും പറയുമ്പോൾ അപമാനവീകരണത്തിന്റെ ആഴം നാമറിയുന്നു. മനുഷ്യാന്തസ്സിനെ സംബന്ധിച്ച ആകുലതകൾ ഈ നോവലിന്റെ മുഖ്യപ്രമേയമാകുന്നതിനാൽ തന്നെ വായനയെ ഈ പുസ്തകം ഉന്മാദഭരിതമാക്കുന്നു.

എന്താണ് തൊഴിൽ, എന്താണ് മരുഭൂമി, എന്താണ് സാഹചര്യം, എന്താണ് മോചനം, എന്താണ് വേതനം തുടങ്ങിയ ദൈനംദിന യാഥാർത്ഥ്യങ്ങളെ സുഖലോലുപതയുടെ സങ്കല്പങ്ങൾക്കകത്തുവച്ച് ഈ കൃതി വിശകലനം ചെയ്യുന്നു.ആത്മീയത ഈ നോവലിന്റെ അന്തർധാരയാണ്.

ലേഖകൻ കവിയും അധ്യാപകനുമാണ്.
9446458166

സുരക്ഷിത ഭവനം ഇനി സ്വപ്നമല്ല: മുഖ്യമന്ത്രി

ലൈഫ് മിഷന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു

സുരക്ഷിതമായ വീട്ടിൽ അന്തിയുറങ്ങുകയെന്ന കേരളത്തിലെ സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും സ്വപ്നം ഇനി സാക്ഷാത്കരിക്കപ്പെടുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതി ലൈഫിന്റെ സംസ്ഥാനതല ഉദ്ഘാടനം പുനലൂരിൽ നിർവഹിക്കുകയായിരുന്ന അദ്ദേഹം.

ജീവിത പ്രയാസങ്ങൾകൊണ്ടും മറ്റ് സാഹചര്യങ്ങൾമൂലവും സ്വന്തം വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ പലർക്കും കഴിയാറില്ല. ആ സ്വപ്നം നിറവേറ്റാതെ മണ്ണടിഞ്ഞുപോകുന്നവർ ഏറെയാണ്. നമ്മോടൊപ്പം ജീവിക്കുന്ന ഒരുകൂട്ടം ഹതഭാഗ്യരുടെ പ്രശ്നം സമൂഹം ഏറ്റെടുക്കുകയാണ്. വിവിധ ഭവനനിർമ്മാണ പദ്ധതികളെ ഏകോപിപ്പിച്ച് നടപ്പാക്കുന്ന ലൈഫിലൂടെ നാല് വർഷംകൊണ്ട് വീടില്ലാത്ത എല്ലാവർക്കും വീട് നൽകാനാണ് ലക്ഷ്യമിടുന്നത്.

ഇത് കേവല സർക്കാർ പരിപാടിയായി കാണേണ്ടതില്ല. നാടിന്റെ പരിപാടിയാണ്. നാം ഏറ്റെടുക്കേണ്ട ഉത്തരവാദിത്തമാണ്. അതിന് സർക്കാർ മുൻകൈ എടുക്കുന്നു എന്ന മാത്രം. പദ്ധതിയുമായി എല്ലാവരും സഹകരിക്കണം.ഇന്നലെവരെ വീട് സ്വന്തമായില്ലാത്ത കുടുംബം സ്വന്തം വീട്ടിൽ താമസിക്കുമ്പോൾ അഭിമാനബോധമുള്ള മനുഷ്യരായി മാറുകയാണ്. ഇതാണ് നമുക്കാവശ്യം. ഇവിടെ എല്ലാവർക്കും മാന്യമായി ജീവിക്കാനുള്ള സാഹചര്യമുണ്ടാകണം. എല്ലാവർക്കും സുരക്ഷിതമായ വീട്ടിൽ താമസിക്കാൻ സാധിക്കണം, മുഖ്യമന്ത്രി പറഞ്ഞു.

സർക്കാരിന്റെ ഭവനനിർമ്മാണ പദ്ധതികൾക്ക് നേതൃത്വം കൊടുക്കേണ്ടത് സാമൂഹ്യ പ്രതിജ്ഞാബദ്ധതയുള്ള ഏജൻസികളായിരിക്കണം. കെട്ടുറപ്പുള്ള വീടുകൾ നിർമ്മിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതോടെ നാട്ടിലെ ആദിവാസികൾക്കും പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കും വീടു നൽകുന്നതിനുള്ള നടപടികൾ പൂർണമാകും.

ചെമ്മന്നൂർ സെന്റ് തോമസ് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ അധ്യക്ഷത വഹിച്ചു. പി.എം.എ.വൈ ഭവനപദ്ധതി ഗുണഭോക്താക്കൾക്കുള്ള ധനസഹായ വിതരണം വനംമന്ത്രി കെ. രാജു നിർവഹിച്ചു. ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ സന്നിഹിതയായി. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എസ്. ഹരികിഷോർ റിപ്പോർട്ട് അവതരിപ്പിച്ചു.എൻ.കെ പ്രേമചന്ദ്രൻ എം.പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ജഗദമ്മ, ഹാബിറ്റാറ്റ് ശങ്കർ, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. പുനലൂർ മുനിസിപ്പൽ ചെയർമാൻ എം.എ. രാജഗോപാൽ സ്വാഗതവും ജില്ലാ കളക്ടർ ഡോ. മിത്ര റ്റി നന്ദിയും പറഞ്ഞു.

ലൈഫ് മിഷന്റെ സംസ്ഥാനതല ഉദ്ഘാടന വേദിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ കെ. രാജു, ഡോ.കെ.ടി. ജലീൽ, എൻ.കെ. പ്രേമചന്ദ്രൻ എം.പി. തുടങ്ങിയവർ

ഹരിതകേരളം– ഇരവിപേരൂരിൽ

അഡ്വ. രാജീവ് എൻ

സാമൂഹ്യപരിഷ്കർത്താവും നവോത്ഥാനപ്രവർത്തകനുമായിരുന്ന പൊയ്കയിൽ അപ്പച്ചന്റെ ജന്മസ്ഥലമായ ഇരവിപേരൂരിൽ നിന്നും പുതിയ പ്രചോദനാത്മക വാർത്തയുണ്ട്. മുമ്പും മികവുകൾ കാഴ്ചവയ്ക്കുകയും ആയതിന് പുരസ്കാരങ്ങൾ നേടുകയും ചെയ്ത് മാതൃകയായതിന്റെ പട്ടികയിലിടം നേടിയതാണ് ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്. ഇരവിപേരൂർ ഹരിത കേരളത്തിലും ശ്രദ്ധേയമായ ചുവടുവയ്പുകൾ നടത്തുകയാണ്.

ഹരിതകേരളം പരിപാടിയോടനുബന്ധിച്ച് ഏറ്റെടുക്കേണ്ട ഹ്രസ്വകാല-ദീർഘകാല പരിപാടികളെ സംബന്ധിച്ച് കർമ്മപരിപാടി തയ്യാറാക്കുന്നതിനായി വാർഡുതല ആലോചനായോഗങ്ങൾ ചേർന്ന് നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും വാർഡുതല റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തു. ഇവ പഞ്ചായത്തുതലത്തിൽ യോഗം ചേരുകയും പൊതുനിർദ്ദേശങ്ങൾ 17 വാർഡിലും അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ജലം, വായു, ഭക്ഷണം എന്നീ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ 3 ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ മേഖലയിലെയും പ്രശ്നങ്ങളെയും പരിഹാരങ്ങളെയും സംബന്ധിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പഞ്ചായത്തുതല കർമ്മപരിപാടിയായി തയ്യാറാക്കി. ഇവയുടെ സമയബന്ധിതമായ നടത്തിപ്പിനും ഫണ്ടുകളുടെയും വകുപ്പുകളുടെയും ഏകോപനത്തിനായി പഞ്ചായത്തുതല റിസോഴ്സ് ഗ്രൂപ്പും രൂപീകരിച്ചു. തുടർന്ന് ഏറ്റെടുത്ത പദ്ധതികൾ താഴെപറയുന്നു.

തരിശ് നെൽകൃഷി

തരിശുകിടന്ന പാടങ്ങളുടെ ഉടമസ്ഥരുടെ യോഗം ചേർന്ന് നിലം പഞ്ചായത്ത് ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനു തയ്യാറുള്ള ഗ്രൂപ്പുകൾക്കും വ്യക്തികൾക്കും വിട്ടുനൽകിയും പാടശേഖരസമിതികൾ രൂപീകരിച്ചും തോടുകൾ, ചാലുകൾ എന്നിവയുടെ വീണ്ടെടുപ്പ് സാധ്യമാക്കിയും അറ്റകുറ്റപ്പണികൾ നടത്തിയും അടിസ്ഥാന സൗകര്യമൊരുക്കി 96 ഏക്കറിൽ നെൽകൃഷി സാധ്യമാക്കി. 65000 കിലോ നെല്ലിന്റെ ഉല്പാദനമാണ് സാധ്യമായത്. നടപ്പുവർഷം 250 ഏക്കറിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

65000 കിലോ നെല്ലിന്റെ ഉല്പാദനമാണ് സാധ്യമായത്. നടപ്പുവർഷം 250 ഏക്കറിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്

ഇരവിപേരൂർ റൈസ്

നെൽകൃഷിയിലൂടെ ലഭിച്ച നെല്ല് പാടത്തുനിന്നുതന്നെ സംഭരിച്ച് അരിയാക്കി മാറ്റി ഇരവിപേരൂർ റൈസ് - ഒരു ഹരിതകേരളം ഉല്പന്നം എന്ന പേരിൽ വിപണനം നടത്തിവരുന്നു. പ്ലാസ്റ്റിക്ക് രഹിത ഗ്രാമം ലക്ഷ്യംവയ്ക്കുന്ന പഞ്ചായത്ത് എന്ന നിലയിൽ തുണിസഞ്ചികളിലാണ് 5ഉം, 10ഉം കിലോ തൂക്കംവരുന്ന അരി വിപണിയിൽ എത്തുന്നത്. ഇതിനായി സ്വദേശാഭിമാനി സംരംഭകർ എന്ന പേരിൽ 15 അംഗങ്ങളുള്ള കുടുംബശ്രീയുടെ ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തിക്കുന്നു.

സീറോ ബില്ലിംഗ്

പഞ്ചായത്തിന്റെ തനതു വരുമാനം ശമ്പളം കഴിഞ്ഞാൽ കൂടുതൽ ചെലവാകുന്നത് തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിലാണ്. പ്രതിമാസം ശരാശരി 1.3 ലക്ഷം രൂപ വരുന്ന ബിൽതുക പൂജ്യത്തിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഓൺഗ്രിഡ് സോളാർ പാനലുകൾ, ട്രാൻസ്ഫോമറുകൾക്ക് മീറ്റർ, തെരുവുവിളക്കുകൾ പൂർണ്ണമായും എൽഇഡിയിലേക്ക് മാറ്റിസ്ഥാപിക്കുക മുതലായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. പഞ്ചായത്തിന്റെ തനതുഫണ്ട് മിച്ചമാക്കാമെന്ന മാത്രമല്ല കൂടിയ അന്തരീക്ഷ ഊഷ്മാവിനെ വൈദ്യുതോർജ്ജമാക്കി കെഎസ്ഇബിക്ക് കരാർ അടിസ്ഥാനത്തിൽ നൽകുവാനും സാധിക്കും. ഒന്നാംഘട്ടമായി 25 കെ വി സോളാർ പാനലുകൾ സ്ഥാപിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

സുജലാം

പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും ശുദ്ധജലത്തിന്റെ ലഭ്യത ഉറപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലേക്ക് ചെന്നയിലെ സ്വാമിനാഥൻ ഫൗണ്ടേഷനുമായി ചേർന്ന് തയ്യാറാക്കിയ കർമ്മപരിപാടിയാണ് സുജലാം. ഈ ജൂൺമാസം തന്നെ നിർവ്വഹണം ആരംഭിച്ച കിണർ റീച്ചാർജ്ജിംഗ്, മഴക്കുഴികൾ, തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെട്ട കിണർ നിർമ്മാണം, ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പും നവീകരണവും ജലം മലിനമാകാതിരിക്കാനുള്ള ജനകീയപങ്കാളിത്തവും മാലിന്യസംസ്ക്കരണവും മുതലായ പ്രവർത്തനങ്ങൾ ചേർന്നതാണ് സുജലാം.

പ്ലാസ്റ്റിക്ക് റോഡ്

2013- 14 മുതൽ പഞ്ചായത്തിൽ നടപ്പാക്കിവരുന്ന പദ്ധതിയാണ് പ്ലാസ്റ്റിക്ക് മാലിന്യ സംസ്ക്കരണം. സ്കൂൾ, അംഗൻവാടികൾ പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങൾ എന്നിവിടങ്ങളിലായി ഡസ്റ്റ് ബിന്നുകൾ സ്ഥാപിച്ച് ശുചിയാക്കിയ പ്ലാസ്റ്റിക്ക് കുടുംബശ്രീ ഗ്രൂപ്പ് സംഭരിച്ച് പൊടിക്കുകയും പൊടിച്ച പ്ലാസ്റ്റിക്ക് പഞ്ചായത്തിന്റെ റോഡ് ടാറിംഗിന് ഉപയോഗിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ 2017 മാർച്ച് വരെ 7200 കിലോഗ്രാം പ്ലാസ്റ്റിക്ക് സംഭരിക്കുകയും ഇതിൽ 6100 കിലോയോളം പ്ലാസ്റ്റിക്ക് ഉപയോഗിച്ച് വിവിധ വാർഡുകളിലായി 5.9 കിലോമീറ്റർ റോഡ് ടാർ ചെയ്യുകയും ഉണ്ടായി. കിലോ 20 രൂപ നിരക്കിൽ 800 കിലോ പ്ലാസ്റ്റിക്ക് പൊതുമരാമത്ത് വകുപ്പിന് നൽകിയതിൽവെച്ച് തനതു ഫണ്ടിൽ 16000 രൂപയടക്കം നാളിതുവരെയായി 28000 രൂപയോളം പ്ലാസ്റ്റിക്ക് വില്പന ഇനത്തിൽ പഞ്ചായത്തിന് ലഭിച്ചു.

ഇ-വേസ്റ്റ് സംഭരണം

അജൈവമാലിന്യങ്ങളിൽ പരിഹാരമില്ലാതെ നിലനിന്നിരുന്ന പ്രശ്നമായിരുന്ന വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങൾ ഉപയോഗശൂന്യമായ ശേഷം സംസ്ക്കരിക്കുന്നത്. ഇതിന് പരിഹാരമായി ഇ-വേസ്റ്റ് വാണിജ്യ അടിസ്ഥാനത്തിൽ സംഭരിക്കുന്ന ഏജൻസിയെ കണ്ടെത്തി. ആശാ പ്രവർത്തകർ, അംഗൻവാടി വർക്കർമാർ മുഖാന്തരം പ്രചരണ പരിപാടികൾ സംഘടിപ്പിച്ച് ജൂൺ 10,11 തീയതികളിൽ വീടുകളിൽ നിന്നും ഇ-വേസ്റ്റ് സംഭരിക്കുന്നു.

വരട്ടേ ആർ...യാത്ര

ഹരിതകേരളം പരിപാടി ആരംഭിച്ചതോടെ പൂർവ്വ പമ്പ-വരട്ടാർ നദികളുടെ പുനഃരുജ്ജീവന

പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും ശുദ്ധജലത്തിന്റെ ലഭ്യത ഉറപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലേക്ക് ചെന്നയിലെ സ്വാമിനാഥൻ ഫൗണ്ടേഷനുമായി ചേർന്ന് തയ്യാറാക്കിയ കർമ്മപരിപാടിയാണ് സുജലാം.

പായ്ക്കപ്പ്

കളത്തറ ഗോപൻ

ഒരുവൻ രാവിലെ
നടക്കാനിറങ്ങി,വരുന്ന വഴിയിൽ
ഒരു മുഴുത്തനെല്ലിക്കയിൽ തട്ടി
നേരെ റോഡിലേക്ക്.
പാണ്ടിലോറിയ്ക്കടിയിൽപ്പെട്ട്,
ചെടികളിൽ ചോരതെറിച്ചു.

ഒന്നാമത്തെ ആൾ:
ടെറസിൽ ജനാലയ്ക്കരികിൽ,
ഒരു പെൺകുട്ടി വയലറ്റ് സ്കർട്ടു ധരിച്ചവൾ
റോഡിൽ നോക്കിയപ്പോൾ
ശ്രദ്ധ മാറിപ്പോയതാകാം.

രണ്ടാമത്തെ ആൾ:
ഡോക്ടറുടെ നിർദ്ദേശം അനുസരിച്ച്
രാവിലെ നടക്കാനിറങ്ങിയതാവാം.
കൊളസ്ട്രോൾ കുറയ്ക്കുന്നതിന്.

മൂന്നാമത്തെ ആൾ :
നെല്ലിക്ക വാങ്ങിക്കൊണ്ടുപോയവൻ
കവർ പൊത്തത് നോക്കാത്തതാവാം.

നാലാമത്തെ ആൾ :
പാണ്ടിലോറിക്കാരൻ
പെണ്ണുമ്പിള്ളയുമായ് ഉടക്കിയിറങ്ങിയതാവാം.

കട്ട്,പായ്ക്കപ്പ് .
എന്നുപറഞ്ഞതും
റോഡിൽ കിടന്നിരുന്ന നടൻ
ചാടിയെണീറ്റു.
സംവിധായകൻ ഉറക്കെവിളിച്ചുപറഞ്ഞു.
"ദയവായി
ആരും റോഡിന്റെ നടുക്ക് കയറിനിൽക്കരുത് ".

7012406969

ത്തിനായി പദ്ധതി ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിക്കുന്നതിലേക്ക് ഹരിതകേരളം ഉപാദ്ധ്യക്ഷ ഡോ. റ്റി എൻ സീമയും സാങ്കേതിക ഉപദേഷ്ടാവ് അജയകുമാർ വർമ്മയും നേരിട്ട് എത്തി നദിയുടെ പല ഭാഗങ്ങൾ സന്ദർശിച്ച് തയ്യാറാക്കി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 20 ദിവസങ്ങൾക്കകം വിവിധ വകുപ്പുകളിലെ സംസ്ഥാന-ജില്ലാ ഉദ്യോഗസ്ഥരേയും നദീതീരത്തെ ജനപ്രതിനിധികളേയും പങ്കെടുപ്പിച്ച് ധനകാര്യവകുപ്പ് മന്ത്രി ഡോ. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം രണ്ടു ഘട്ടമായുള്ള നദീവീണ്ടെടുപ്പിന് തീരുമാനിക്കുകയും പഠനങ്ങൾ, പ്രവർത്തനങ്ങൾ, നിർമ്മാണങ്ങൾ എന്നിവയ്ക്കായി ചുമതലകളും നിശ്ചയിക്കുകയും ചെയ്തു ജലവിഭവ വകുപ്പ് മന്ത്രി മാത്യു റ്റി തോമസ്സ്, റവന്യു വകുപ്പ് മന്ത്രി ഇ ചന്ദ്രശേഖരൻ ഇരുകരകളിലേയും എം എൽ എ മാരായ കെ കെ രാമചന്ദ്രൻ നായർ, വീണാ ജോർജ്ജ് എന്നിവർ പങ്കെടുത്ത യോഗത്തിൽ നദീ വീണ്ടെടുപ്പ് ജനകീയമായി ഏറ്റെടുക്കുന്നതിന് ഇരുകരകളിലേയും താമസക്കാർ, കർഷകർ, പരിസ്ഥിതി സ്നേഹികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ എന്നിങ്ങനെ പൊതുസമൂഹത്തെ ആകെ പങ്കെടുപ്പിച്ച് വരട്ടേ..ആറ് യാത്ര... ജലം ഒഴുകും മുമ്പ് ജനം ഒഴുകും എന്ന സന്ദേശമുയർത്തി പുഴനടത്തം സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചു. പുഴനടത്തത്തിൽ വിവിധ മേഖലകളിൽപെട്ട ആയിരത്തിൽപരം ആളുകൾ 12 കിലോമീറ്റർ ദൂരം താണ്ടി യാത്ര അവസാനിച്ച 2.30 മണി വരെയും ഇടമുറിയാതെ പങ്കെടുത്തു എന്നത് ഒരു നദീവിണ്ടെടുപ്പിനായി പൊതുസമൂഹത്തിന്റെ ആഗ്രഹവും ആവേശവുമാണ് കാണാവാൻ കഴിഞ്ഞത്. ഹരിത കേരളം പദ്ധതികളുടെ നിർവ്വഹണം ഏറ്റെടുക്കുന്നതിലെ മാതൃകയായി വരട്ടേ... ആറ് യാത്ര.

ലേഖകൻ ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റാണ്.
9847372872

ആദിപമ്പ–വരട്ടാർ പുനരുജ്ജീവനം– വരട്ടെ ആർ

ജി. ബീന

ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിന് നിർണ്ണായകമായ ചുവടുവയ്പുകളാണ് പത്തനംതിട്ട ജില്ലയിൽ ഹരിതകേരളം മിഷനിലൂടെ തുടക്കമിട്ടിരിക്കുന്നത്. ചെറുതും വലുതുമായ നിരവധി കുളങ്ങളും തോടുകളും ചാലുകളും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും കൃഷിവകുപ്പിന്റെയും ജലവിഭവ വകുപ്പിന്റെയും പ്രവർത്തനങ്ങളിലൂടെ പുനരുദ്ധരിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയകൾ ഇന്നെത്തിനിൽക്കുന്നത് ജില്ലയിലെ രണ്ടു സുപ്രധാന നദികളെ തമ്മിൽ ബന്ധിപ്പിക്കുന്ന ജീവൻ നിലച്ച ഒരു പുഴയുടെ വീണ്ടെടുപ്പിന് ഒരു വൻജനാവലി പങ്കെടുത്ത പുഴനടത്തത്തിലാണ്.

ജില്ലയിൽ സമീപകാലത്ത് നടന്ന രണ്ട് സുപ്രധാന പ്രവർത്തനങ്ങളായിരുന്നു കോയിപ്പുറം പഞ്ചായത്തിലെ വരാച്ചാലിന്റെ പുനരുജ്ജീവനവും വരട്ടാറിന്റെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട ക്യാമ്പയിനുകളും. വരട്ടാർ നാല് തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രദേശങ്ങളിലൂടെ ഒഴുകിയിരുന്ന ആദിപമ്പയെയും മണിമലയാറിനെയും ബന്ധപ്പെടുത്തിയിരുന്ന സ്വാഭാവിക നദിയായിരുന്നു. ചെങ്ങന്നൂർ, ഇരവിപേരൂർ, കുറ്റൂർ, തിരുവൻവണ്ടൂർ എന്നിവയാണ് ഈ തദ്ദേശഭരണസ്ഥാപനങ്ങൾ. ഒരു കാലത്ത് പമ്പയായി ഒഴുകിയിരുന്ന, പിന്നീട് വഴിമാറിയൊഴുകിയപ്പോൾ പൂർവ്വപമ്പയെന്നും ആദിപമ്പയെന്നുമൊക്കെ വിളിപ്പേരുള്ള പമ്പയിൽ തുടങ്ങി (വഞ്ചിപ്പാട്ടിൻ കടവ്) പമ്പയിൽ അവസാനിക്കുന്ന (മംഗളം) നാലുകിലോമീറ്റർ നീളമുള്ള പമ്പയുടെ കൈവഴിയിലാണ് വരാച്ചാൽ എത്തിച്ചേരുന്നതും വരട്ടാർ ഉത്ഭവിക്കുന്നതും. ആദിപമ്പ ഒഴുകുന്നത് കോയിപ്പുറത്തിന്റെ അതിരുകളിലൂടെയാണ്. പത്തനംതിട്ട ജില്ലയുടെ സമസ്തമേഖലകളുമായും സംസ്കാരങ്ങളുമായും തൊട്ടുകിടക്കുന്ന പമ്പാനദിയുടെ തന്നെ പുനരുജ്ജീവന പ്രക്രിയകൾക്ക് ആക്കംകൂട്ടുന്നതാണ് വരട്ടാറിന്റെയും വരാച്ചാലിന്റെയും പുനരുജ്ജീവനം.

കോയിപ്പുറം, ഇരവിപേരൂർ പഞ്ചായത്തുകൾക്കും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കും അതിരിട്ടൊഴുകുന്ന ആദിപമ്പ പുനരുജ്ജീവനമാണ് വരട്ടാർ പുനരുജ്ജീവനത്തിന്റെ ആദ്യപടി. കയ്യേറ്റങ്ങൾ ആദിപമ്പയുടെ വീതി ഗണ്യമായി കുറച്ചു. അവശേഷിച്ച പുഴ കളയും പായലും കൈയ്യേറി. ജില്ലാപഞ്ചായത്ത് വരാച്ചാൽ പുനരുജ്ജീവിപ്പിച്ചപ്പോൾ ആദിപമ്പയിലേക്കും വേനലിൽ നീരൊഴുക്കുണ്ടായി.

ഇരവിപേരൂർ -ചെങ്ങന്നൂർ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അതിരിൽ പുതുകുളങ്ങര ക്ഷേത്രക്കടവിൽ നിന്നൊഴുകിയിരുന്ന വരട്ടാർ ഇരവല്ലിക്കരയെന്ന സ്ഥലത്താണ് മണിമലയാറുമായി ചേർന്നിരുന്നത്. 9.6 കിലോമീറ്ററാണ് ഈ നദിയൊഴുകിയിരുന്ന ദൂരം.

വരട്ടാറുമായി ബന്ധപ്പെട്ട് വളരെ വലിയ ഒരു വൈകാരികസമൂഹം ഈ പ്രദേശങ്ങളിലുണ്ട്. ചെറുപ്പകാലത്ത് മുങ്ങാംകുഴിയിട്ട ഓർമ്മ പങ്കുവയ്ക്കുന്നവർ, പുതുമഴയിൽ വലയെറിഞ്ഞ് ഊത്ത പിടിച്ചവർ, നദിയ്ക്കു കുറുകെ പള്ളിയോടം ഊന്നിത്തിരിച്ചവർ, ആറാട്ടുകടവിൽ ആറാട്ടു കണ്ടവർ അങ്ങനെ നിരവധി. നിരവധിപഠനങ്ങളാണ് വ്യക്തികളും സ്ഥാപനങ്ങളും

കോയിപ്പുറം, ഇരവിപേരൂർ പഞ്ചായത്തുകൾക്കും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കും അതിരിട്ടൊഴുകുന്ന ആദിപമ്പ പുനരുജ്ജീവനമാണ് വരട്ടാർ പുനരുജ്ജീവനത്തിന്റെ ആദ്യപടി. കയ്യേറ്റങ്ങൾ ആദിപമ്പയുടെ വീതി ഗണ്യമായി കുറച്ചു. അവശേഷിച്ച പുഴ കളയും പായലും കൈയ്യേറി. ജില്ലാപഞ്ചായത്ത് വരാച്ചാൽ പുനരുജ്ജീവിപ്പിച്ചപ്പോൾ ആദിപമ്പയിലേക്കും വേനലിൽ നീരൊഴുക്കുണ്ടായി.

സംഘടനകളും നടത്തിയിട്ടുള്ളത്. പത്രങ്ങൾ വലിയ ക്യാമ്പയിൻ നടത്തി, നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി പഠനം നടത്തി, മനുഷ്യാവകാശകമ്മീഷൻ വിഷയം പരിഗണിച്ചു, രാജ്യസഭാ ഉപാദ്ധ്യക്ഷൻ വരട്ടാർ സന്ദർശിച്ച് നടപടികൾ സ്വീകരിക്കുമെന്നറിയിച്ചു. വിവിധ ഗ്രൂപ്പുകൾ വിഷയം ഏറ്റെടുത്തു, അങ്ങനെ നിരവധിയായ പ്രവർത്തനങ്ങൾ. ഈ പ്രവർത്തനങ്ങളൊക്കെ പരിഗണിച്ചും ജനങ്ങളുടെ അഭിലാഷം അറിഞ്ഞുമാണ് സംസ്ഥാനസർക്കാർ അതിന്റെ ഒന്നാം വാർഷിക സമയത്ത് ആദിപമ്പ - വരട്ടാർ പുനരുജ്ജീവനം ഒരു മുഖ്യപദ്ധതിയായി ഏറ്റെടുക്കുന്നത്.

ഹരിതകേരളം മിഷനുമായി ചേർന്നുകൊണ്ട് ഈ നദിയുടെ പുനരുജ്ജീവനം ഒരു ജനകീയ ക്യാമ്പയിനായി ഏറ്റെടുക്കുക എന്ന സമീപനമാണ് ജലവിഭവവകുപ്പ് സ്വീകരിച്ചത്. ജലവിഭവ വകുപ്പിന്റെ ഈ തീരുമാനത്തെ ധനവകുപ്പും റവന്യൂവകുപ്പും തദ്ദേശഭരണ വകുപ്പും പിന്തുണച്ചു. 2017 മെയ് 12 ന് തിരുവനന്തപുരത്ത് ചേർന്ന ഉന്നതതലയോഗം തദ്ദേശഭരണസ്ഥാപനങ്ങളുടെ തലത്തിലും നദീതലത്തിലും കൺവെൻഷനുകൾ വിളിച്ചുചേർക്കുവാനും നദീപുനരുജ്ജീവന ചർച്ചകൾ സജീവമാക്കുവാനും തീരുമാനിച്ചു. ആദിപമ്പ -വരട്ടാർ കടന്നുപോകുന്ന അഞ്ച് തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിലും പുനരുജ്ജീവന കൺവെൻഷനുകൾ നടന്നു. ജലവിഭവ വകുപ്പ് പ്രതിനിധികളും ഹരിതകേരളം പ്രതിനിധികളും പങ്കെടുത്ത വിപുലമായ പങ്കാളിത്തമുള്ള കൺവെൻഷനുകളായിരുന്നു ഇവ. വിഷയാവതരണം, പ്രവർത്തനരൂപരേഖ തയ്യാറാക്കൽ, പുനരുജ്ജീവന സമിതികൾ രൂപീകരിക്കുക എന്നിവയായിരുന്നു ഈ കൺവെൻഷനുകളുടെ അജണ്ട. ഉന്നതതല യോഗം തീരുമാനിച്ചതുപോലെ മെയ് 17 നു മുമ്പ് ഈ കൺവെൻഷനുകൾ പൂർത്തീകരിച്ചു. തുടർന്ന് മെയ് 20 ന് ആറന്മുള, ചെങ്ങന്നൂർ എം.എൽ.എമാരുടെ നേതൃത്വത്തിൽ സംയുക്ത കൺവെൻഷൻ നടന്നു. തദ്ദേശഭരണ സ്ഥാപനതലത്തിൽ ചർച്ചചെയ്ത് തീരുമാനിച്ച പുനരുജ്ജീവന രൂപരേഖകൾ അവതരിപ്പിച്ച് നദീതലരൂപരേഖ തയ്യാറാക്കുകയായിരുന്നു ഈ കൺവെൻഷന്റെ ലക്ഷ്യം. ഉന്നതതല യോഗത്തിൽ ഉരുത്തിരിഞ്ഞ മെയ് 29 'വരട്ടെ ആര്' പുഴനടത്തത്തിനുമുന്നോടിയായി ഒരു വിളംബര ജാഥകൂടി നടത്തണമെന്ന തീരുമാനം സംയുക്ത കൺവെൻഷൻ മുന്നോട്ടുവച്ചു.

എം.എൽ.എ മാരും മറ്റുജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്ത "ജലമൊഴുകും മുമ്പ് ജനമൊഴുകട്ടെ" വിളംബരജാഥ മെയ് 26 ന് നടന്നു. ആദിപമ്പയുടെ തുടക്കമായ വഞ്ചിപ്പാട്ടിൻ കടവിൽനിന്ന് ആരംഭിച്ച വിളംബര ജാഥ വരട്ടാർ മണിമല സംഗമസ്ഥാനത്ത് അവസാനിച്ചു. വിളംബരജാഥയെ അനുഗമിച്ച അനൗൺസ്മെന്റ് വാഹനം പുഴനടത്തത്തിന്റെ വരവറിയിച്ചു. ഈ യാത്രയുടെ അവസാനം പുഴനടത്തത്തിന്റെ വഴി നിശ്ചയിക്കുകയും ചുമതലകളും മുന്നൊരുക്ക പ്രവർത്തനങ്ങളും വിലയിരുത്തുകയും ചെയ്തു. തൊഴിലുറപ്പിലൂടെയാണ് പുഴനടത്തത്തിനുള്ള വഴിയൊരുക്കിയത്.

മെയ് 29 ന് നടന്ന പുഴനടത്തം അവിസ്മരണീയമായ അനുഭവം സമ്മാനിച്ചു. പുഴനടത്തം ആദിപമ്പയുടെ ഉത്ഭവമായ പമ്പാനദിയിലെ വഞ്ചിപ്പാട്ടിൻ കടവിൽനിന്ന് രാവിലെ 7.15 ന് ആരംഭിച്ചു. ധനകാര്യമന്ത്രി ഡോ. തോമസ്

വരട്ടാർ ഉത്ഭവസ്ഥാനത്ത് ആദിപമ്പ യാത്ര എത്തുമ്പോൾ കടുത്ത മഴ യാത്രയെ സ്വീകരിച്ചു. തുടർന്ന് പുഴനടത്തം മഴനടത്തംകൂടിയായി മാറി. കടുത്ത പനിയെ അവഗണിച്ചെത്തിയ ജലവിഭവവകുപ്പുമന്ത്രി മാത്യു ടി. തോമസ് തുടർന്ന് യാത്രയ്ക്കു നേതൃത്വം നൽകി

വരാച്ചാലിന് പുതുജീവൻ

രണ്ടു പതിറ്റാണ്ടിലധികമായി അധിനിവേശസസ്യങ്ങൾ കൈയ്യടക്കി മരണത്തിന്റെ വക്കിലെത്തിയിരുന്ന ഒരു ജലസ്രോതസ്സുകൂടി ജീവന്റെ തെളിമയിലേക്ക് തിരിച്ചൊഴുകിത്തുടങ്ങി. പത്തനംതിട്ട ജില്ലയിൽ കോയിപ്പുറം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന, ഏതാണ്ട് ഒന്നരകിലോമീറ്റർ നീളവും 150 മീറ്റർവീതിയും ഉള്ള വരാച്ചാൽ ഒരുകാലത്ത് ഒരു പ്രദേശത്തിന്റെ ജനങ്ങളുടെ മുഴുവൻ ജലാവശ്യ

ഐസക്കിന്റെ നേതൃത്വത്തിൽ നടന്ന ആദിപമ്പ യാത്രയിൽ എം. എൽ.എ മാരായ കെ.കെ. രാമചന്ദ്രൻനായർ, വീണാ ജോർജ്ജ്, ഹരിതകേരളം ഉപാദ്ധ്യക്ഷ റ്റി.എൻ.സീമ, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണ്ണ ദേവി, ഹരിതകേരളം സാങ്കേതികോപദേഷ്ടാവ് അജയ്കുമാർ വർമ്മ, പഞ്ചായത്ത് മുനിസിപ്പൽ അദ്ധ്യക്ഷന്മാർ, മറ്റ ജനപ്രതിനിധികൾ, രാഷ്ട്രീയ നേതാക്കൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവരും പൊതുജനങ്ങളും പങ്കെടുത്തു.

വരട്ടാർ ഉത്ഭവസ്ഥാനത്ത് ആദിപമ്പ യാത്ര എത്തുമ്പോൾ കടുത്ത മഴ യാത്രയെ സ്വീകരിച്ചു. തുടർന്ന് പുഴനടത്തം മഴനടത്തംകൂടിയായി മാറി. കടുത്ത പനിയെ അവഗണിച്ചെത്തിയ ജലവിഭവ വകുപ്പമന്ത്രി മാത്യു ടി. തോമസ് തുടർന്ന് യാത്രയ്ക്ക നേതൃത്വം നൽകി. കോരിച്ചൊരിയുന്ന മഴയെ അവഗണിച്ച് നൂറുകണക്കിന് പേരാണ് ഉത്ഘാടനത്തിനും തുടർന്നുനടന്ന പുഴനടത്തം - മഴനടത്തത്തിലും പങ്കാളികളായത്. വരട്ടാർ കടന്നുപോകുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും അധ്യക്ഷന്മാർ ഈ യാത്രയിൽ പങ്കാളികളായി.

ഇരവിപേരൂർ പഞ്ചായത്തിന്റെയും മാതൃഭൂമി സീഡിന്റെയും വഞ്ചിപ്പാട്ടു സംഘം യാത്രയ്ക്ക് മാറ്റുകൂട്ടി. ഇടവേളകളിലെ കപ്പപ്പുഴുക്കും കാന്താരിച്ചമ്മന്തിയും യാത്രയുടെ വിശപ്പ് കുറച്ചില്ല. ആവേശം ഒട്ടും ചോരാതെ കുറ്റൂർ, തിരുവൻവണ്ടൂർ പഞ്ചായത്തുകളിലൂടെ 13 കിലോമീറ്റർ സഞ്ചരിച്ച് യാത്ര മണിമല - വരട്ടാർ സംഗമമായ ഇരമല്ലിക്കരയിൽ 3.30ന് അവസാനിച്ചു. ഏതാണ്ട് 8 മണിക്കൂറിലധികം നീണ്ട പുഴ-മഴ നടത്തം. ഹൃദ്യമായ ഭക്ഷണമാണ് തിരുവൻവണ്ടൂർ - കുറ്റൂർ പഞ്ചായത്തുകൾ സംയുക്തമായി ഒരുക്കിയത്. മൺചട്ടിയിൽ കഞ്ഞിയും .... കടുമാങ്ങയും. കോരിക്കുടിക്കാൻ പ്ലാവിലസ്പൂൺ. യാത്രയ്ക്ക് നേതൃത്വം കൊടുത്തവരെ തോർത്തണിയിച്ച് പഞ്ചായത്ത് പ്രസിഡന്റ് സ്വീകരിച്ചു. വരട്ടെയാർ നടത്തം പുഴയൊരുക്കത്തിനുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്താനുള്ള ആദ്യ കാമ്പയിൻ മാത്രമായിരുന്നു.

വരട്ടാർ ഒരു പ്രതീകവും തുടക്കവുമാണ്. ജനങ്ങളും ഭരണസംവിധാനങ്ങളും ഒന്നിച്ചാൽ നാശത്തിലായ ഏത് പുഴയ്ക്കും പുതുജീവിതം നല്കാനാകും തുടർന്നും പരിസ്ഥിതി ആഘാതപഠനത്തിലൂടെ, നദീസംരക്ഷണ പ്രവർത്തനത്തിലൂടെ ജനകീയ ഐക്യകർമ്മത്തിലൂടെ ഈ ആറ് സംരക്ഷിക്കാൻ നമ്മളുണ്ട് എന്നുറപ്പിച്ചു പറയാം.

ലേഖിക ഹരിതകേരളം പത്തനംതിട്ട ജില്ലാ റിസോഴ്സ് പേഴ്സണാണ്.

ങ്ങൾ നിർവ്വഹിച്ചും ചുറ്റുംകിടക്കുന്ന 1500 ഏക്കർ നെൽകൃഷിക്ക് ജീവൻ നൽകിയും തദ്ദേശീയ മത്സ്യയിനങ്ങളുടെ കലവറ എന്ന നിലയിൽ കോയിപ്പുറം പഞ്ചായത്തിന് വരുമാനം നൽകിയും സമ്പദ്ഘടനയിൽ നിർണ്ണായക പങ്കുവഹിച്ചും അത്യധികം പാരിസ്ഥിതികസേവനങ്ങൾ നൽകിയ സമതല നീർത്തടമാണ്.

വരാച്ചാൽ നിർജ്ജീവമായതോടുകൂടി വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമമാണ് ഈ പ്രദേശം നേരിട്ടത്. വരാച്ചാൽ പുനരുജ്ജീവന ചർച്ചകൾ സജീവമായ സാഹചര്യത്തിലാണ് ജില്ലാ പഞ്ചായത്ത് 30 ലക്ഷം രൂപ അനുവദിച്ചത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണ്ണാദേവി അദ്ധ്യക്ഷയായ, മൂന്നുവാർഡിലെയും ജനപ്രതിനിധികളും ഓരോ വാർഡിൽ നിന്നും മൂന്ന് പൊതുപ്രവർത്തകരും ഉൾപ്പെട്ട ജനകീയകമ്മറ്റി പണിയുടെ മേൽനോട്ടത്തിനായി രൂപികരിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയറുടെ അനുഭവപശ്ചാത്തലത്തിൽ മൊത്തംപണി കരാർ നൽകാതെ ആവശ്യമായ യന്ത്രസാമഗ്രികൾ തീരുമാനിക്കുകയും അവയുടെ ഉപയോഗത്തിന് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. യന്ത്രങ്ങളുടെ ഉപയോഗം നിരീക്ഷിക്കാൻ കമ്മറ്റി അംഗങ്ങൾ ഉത്തരവാദിത്തം എടുത്തതും കൃത്യമായ ലോഗ് സൂക്ഷിച്ചതും പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ചെലവ് വളരെയധികം കുറച്ചുവെന്ന് മാത്രമല്ല പല ചെറുതോടുകളും വൃത്തിയാക്കുവാനും ചേർന്നുകിടക്കുന്ന പാടങ്ങൾ കൃഷിയോഗ്യമാക്കാനും കഴിഞ്ഞു.

ബണ്ട് കെട്ടൽ പ്രക്രിയയുമായി ബന്ധപ്പെട്ട ചില പ്രവർത്തനങ്ങൾ തൊഴിലുറപ്പിൽ ഉൾപ്പെടുത്തി. ഒരുക്കിയെടുത്ത കൃഷിയിടത്തിൽ കുടുംബശ്രീ പച്ചക്കറികൃഷി ആരംഭിച്ചിട്ടുണ്ട് . ഉടമകൾ കൃഷിയിറക്കാൻ തയ്യാറാകുന്നില്ലായെങ്കിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ കൃഷി വ്യാപിപ്പിക്കുവാനാണ് പഞ്ചായത്തിന്റെ ആലോചന. കൃഷിയോഗ്യമായ 1500 ഏക്കറിലധികം പാടത്ത് നെൽകൃഷിയിറക്കാൻ കഴിഞ്ഞാൽ കോയിപ്പുറത്തിന് ഭക്ഷ്യസുരക്ഷിത പഞ്ചായത്ത് എന്ന നിലയിലേക്ക് ഉയരുവാൻ കഴിയും.

...എന്റെ വായനക്കാർ

കൂടുതൽ വായനായോഗ്യമായി

മേയ് ലക്കം കവർചിത്രം മനോഹരമായിട്ടുണ്ട്. പാചകപംക്തിയ്ക്കെന്തു സംഭവിച്ചു? സ്ഥലപരിമിതിയുണ്ടെങ്കിലും പംക്തികൾ സ്ഥിരമായി കൊടുത്താൽ നന്നായിരുന്നു. കൂടുതൽ വായനായോഗ്യമായി മാസിക മാറിയതിൽ സന്തോഷമുണ്ട്. നന്മകൾ നേരുന്നു

ഹരികുമാർ, കല്ലാർ

അഭിനന്ദനങ്ങൾ

കേരളസർക്കാരിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ പരിച്ഛേദമായി മാസികയുടെ മേയ് ലക്കം വിമർശകർക്കു പോലും ഒന്നും പറയാനാവാത്ത വിധം സുതാര്യവും സഫലവുമായ ഒരു വർഷമാണല്ലോ കടന്നുപോയത്. അവസരത്തിനൊത്ത് ഉയർന്ന മാസികയ്ക്കും വകുപ്പിനും സർക്കാരിനും അഭിനന്ദനങ്ങൾ

ജിഷ ആന്റണി, ഉദുമ

ഭൂതക്കണ്ണാടി

കണ്ണും കാതും കാർട്ടൂൺ ചിരിയും ചിന്തയുമുണർത്തുന്ന ആക്ഷേപഹാസ്യത്തിന്റെ പുരോഗമനസന്ദേശം നല്കുന്നു. വി സീയ്ക്കും മാസികയ്ക്കും പ്രത്യേകം അനുമോദനങ്ങൾ. കുങ്കുമപ്പൂവിന്റെ ഈ രഹസ്യങ്ങൾ എനിക്കറിയില്ലായിരുന്നു. ഭൂതക്കണ്ണാടിയിലൂടെ കാട്ടിത്തന്ന ഡോ. വട്ടവിള വിജയകുമാറിന് നന്ദി. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ പുനർവായന പുതിയ വെളിച്ചം വീശുന്നു. ഒരു വർഷം സർക്കാരിന് ചെയ്യാൻ കഴിഞ്ഞത് ജനങ്ങളിലെത്തിച്ച മാസികയുടെ രീതി മറ്റ് മാസികകൾ മാതൃകയാക്കണം.

ജയചന്ദ്രൻ, തകഴി

പുതിയ പംക്തി

പഞ്ചായത്ത് രാജ് മാസികയിൽ ആരംഭിച്ച പംക്തികൾ മികവു പുലർത്തുന്നു. "വായിച്ചിരിക്കേണ്ട പുസ്തകം" പോലെ "കാണേണ്ട സിനിമ" എന്ന പുതിയ പംക്തി ആരംഭിച്ചാൽ നന്നായിരുന്നു. കായികവാർത്തകളും പ്രതീക്ഷിക്കുന്നു.

ഷിഹാബുദ്ദീൻ, തട്ടാമല

കണ്ണും കാതും

വീ.സീ.അഭിലാഷ്

ഇത്തവണ സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കൂടി



പഞ്ചായത്ത്‌രാജ്

PANCHAYAT RAJ (Monthly) June 2017
Annual Subscription ₹120, Published on 20 June 2017
Posted at Trivandrum RMS on 25th & 26th of every month

RNI. No. : 7959/64
Postal Reg. No. KL/TV(N) 391/2015-17
Licensed to post without prepayment No. KL/TV(N) WPP-85/2015-17



Printed & Published by V. Ratheesan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: V. Ratheesan IAS